# വെളിനല്ലൂർ ഗ്രാമപഞ്ചായത്ത്



# വികസന റിപ്പോർട്ട്

25-5

## അധികാരം ജനങ്ങളിലേക്ക്

### ഒൻപതാം പദ്ധതി ജനകീയപദ്ധതി

# ജനകീയാസൂത്രണം

# വികസന റിപ്പോർട്ട്

വെളിനല്ലൂർ ഗ്രാമപഞ്ചായത്ത്

# ഉള്ളടക്കം


| | |
|---|---|
| പേജ് 2 | ആമുഖം |
| പേജ് 10 | വികസന റിപ്പോർട്ട് |
| പേജ് 12 | മുൻപഞ്ചായത്ത് സമിതികൾ |
| പേജ് 13 | സാമൂഹിക - സാംസ്കാരിക ചരിത്ര പശ്ചാത്തലം |
| പേജ് 14 | പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ |
| പേജ് 26 | വികസന മേഖലകൾ ( കൃഷിയും ജലസേചനവും) |
| പേജ് 33 | മൃഗസംരക്ഷണം |
| പേജ് 37 | വ്യവസായം |
| പേജ് 40 | ഊർജ്ജം |
| പേജ് 42 | ഗതാഗതം |
| പേജ് 44 | പാർപ്പിടം |
| പേജ് 46 | സാമൂഹ്യക്ഷേമം |
| പേജ് 47 | ആരോഗ്യം |
| പേജ് 52 | വിദ്യാഭ്യാസം |
| പേജ് 62 | സംസ്കാരം |
| പേജ് 66 | പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം |
| പേജ് 69 | വനിതാക്ഷേമം |
| പേജ് 70 | സഹകരണം |
| പേജ് 72 | വിഭവസമാഹരണം |
| പേജ് 74 | വനസമ്പത്തും സാമൂഹ്യവനവൽക്കരണവും |


*മുഖചിത്രം : 9.5MV വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ പര്യാപ്തമായ “കല്ലിടത്തണ്ണി” ജലപാതം ഒരു വീക്ഷണം*

# ആമുഖം

*ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ ചേർന്ന വാർഡു കൺവെൻഷനുകളിലും വിശേഷാൽ ഗ്രാമസഭകളിലും വികസന പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ജനങ്ങൾ അതീവ താൽപര്യം കാണിച്ചു. ജനങ്ങൾ താൽപര്യപൂർവ്വം ചൂണ്ടിക്കാണിച്ച വികസന പ്രശ്നങ്ങൾക്ക് മുൻഗണനാ ക്രമം നിശ്ചയിച്ച് പരിഹാര നിർദ്ദേശങ്ങൾ കണ്ടെത്തുക, അവയെ പ്രായോഗിക പ്രസക്തിയുള്ള സ്കീമുകളാക്കി മാറ്റുക, തുടങ്ങിയ ഭാരിച്ച ഉത്തരവാദിത്വങ്ങളാണ് ഇനി ഏറ്റെടുക്കാനുള്ളത്. ഈ ദിശയിലേക്കുള്ള കാൽവയ്പാണ് ഈ വികസനറിപ്പോർട്ട്*

*പഞ്ചായത്തു തല ശിൽപശാലകളിൽ നടന്ന ചർച്ചകളുടെ ഫലമായി ക്രോഡീകരിച്ച റിപ്പോർട്ടുകൾ, ഗ്രാമസഭാ റിപ്പോർട്ടുകൾ, വിവിധ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച ദ്വിതീയ സ്ഥിതി വിവര കണക്കുകൾ, സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ വിഭവ ഭൂപടം, ഉദ്യോഗസ്ഥരിൽ നിന്നും ശേഖരിച്ച നടപ്പു പദ്ധതികളുടെ അവലോകനം, കരിങ്ങന്നൂർ നീർമറി പ്രദേശ വികസനത്തിന് ഇണഞഉങ തയ്യാറാക്കിയ റിപ്പോർട്ട്, പഴമക്കാരിൽ നിന്നും പൊതു പ്രവർത്തകരിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഇവയൊക്കെയാണ് ഈ റിപ്പോർട്ടിന് ആധാരം.*

*ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ മൂന്ന് ഗ്രൂപ്പുകൾ ആയി തിരിഞ്ഞാണ് റിപ്പോർട്ടിന്റെ കരട് തയ്യാറാക്കിയത്. തുടർന്ന് റിസോഴ്സ് പേഴ്സൺമാരുടെയും, പഞ്ചായത്ത് മെമ്പർമാരുടെയും, സംയുക്തയോഗത്തിൽ ഈ കരട് രൂപം ചർച്ച ചെയ്യുകയും അവിടെ നിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തി റിപ്പോർട്ട് ക്രോഡീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.*

*ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആത്മാർത്ഥമായി സഹായിച്ച റിസോഴ്സ് പേഴ്സൻസുമാരോടും ആവശ്യമായ സ്ഥിതി വിവരകണക്കുകൾ നൽകി സഹായിച്ച ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരോടും വിശിഷ്യാ എർത്ത് സയൻസ് ഉദ്യോഗസ്ഥരോടും നമുക്കുള്ള കടപ്പാട് കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.*

*ഒൻപതാം പദ്ധതി ജനകീയ പദ്ധതിയാക്കി മാറ്റി ഈ ഗ്രാമത്തിന്റെ മുഖശ്രീ തന്നെ മാറ്റാൻ പര്യാപ്തമായ നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കാൻ നമുക്ക് കഴിയണം.*

*ആ വഴിക്ക് കൂട്ടായ ചിന്തയും തീരുമാനവും ആവശ്യമാണ്. ആകയാൽ വിശദമായ പരിശോധനയ്ക്കും ക്രിയാത്മകമായ കൂടുതൽ നിർദ്ദേശങ്ങൾക്കും വേണ്ടി, ഈ റിപ്പോർട്ട് വികസന സെമിനാർ മുമ്പാകെ വിനയപൂർവ്വം സമർപ്പിക്കുന്നു.*

ഓയൂർ — എം. ബഷീർ (പഞ്ചായത്ത് പ്രസിഡന്റ്)

*18-12-1996* — ഏ. മജീദ് (പഞ്ചായത്ത് ജനകീയ ആസൂത്രണ സമിതി കൺവീനർ)



**എം.ബഷീർ**
*(പ്രസിഡന്റ്)*



**ജി. സനിൽ**
*(വൈസ് പ്രസിഡന്റ് )*



**എൻ.ശശിധരൻ നായർ**
**(സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ)**



**കെ. ബാസ് ഖാൻ**
*(മെമ്പർ)*



**കെ. സുതൻ**
*(മെമ്പർ)*



**കെ.ഗിരിജ**
*(മെമ്പർ)*



**ജി. പുഷ്പവല്ലി**
*(മെമ്പർ)*



**ഒ. ഷീജ**
*(മെമ്പർ)*



**റ്റി. ഷൈലജ**
*(മെമ്പർ)*



**വട്ടപ്പാറ നാസിമുദ്ദീൻ**
*(മെമ്പർ)*

# പഞ്ചായത്ത് കമ്മിറ്റി

| *പേര്* | | *വാർഡ്* |
|---|---|---|
| എം. ബഷീർ (പ്രസിഡന്റ്) | | ആക്കൽ |
| ജി. സനിൽ (വൈസ് പ്രസിഡന്റ്) | | മീയന |
| എൻ.ശശിധരൻ നായർ (സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ) | | ചെങ്കൂർ |
| കെ. ബാസ് ഖാൻ | മെമ്പർ | ഓയൂർ |
| കെ.ഗിരിജ | " (വനിത) | കാളവയൽ |
| കെ. സുതൻ | " (പട്ടികജാതി സംവരണം) | കരിങ്ങന്നൂർ |
| ജി. പുഷ്പവല്ലി | " (വനിത) | ആറ്റൂർകോണം |
| ഒ. ഷീജ | " (വനിത) | ചെറിയവെളിനല്ലൂർ |
| റ്റി. ഷൈലജ | " (വനിത) | നെടുവേലി |
| വട്ടപ്പാറ നാസിമുദ്ദീൻ | " | വട്ടപ്പാറ |
| സി.ഡി. രാജഗോപാൽ (പഞ്ചായത്ത് സെക്രട്ടറി) | | |

| | |
|---|---|
| ജില്ലാ പഞ്ചായത്ത് മെമ്പർ | 1. കെ.ആർ ചന്ദ്രമോഹനൻ (വെളിയം) |
| | 2. എൽ.ബി. വിമലാദേവി (ചടയമംഗലം) |
| ബ്ലോക്ക് പഞ്ചായത്ത് മെമ്പർ | 1. എസ്സ്. സുനിത (വെളിനല്ലൂർ A) |
| | 2. എസ്സ് അഷ്റഫ് (വെളിനല്ലൂർ B) |

# ജില്ലാ റിസോഴ്സ് പേഴ്സൻസ്

1. എ. മജീദ് (കൺവീനർ)
2. ജി. ദിവാകരൻ
3. എസ്സ്. അജിത്
4. പി.കെ. രാമചന്ദ്രൻ
5. ജയശ്രീ മോഹനൻ
6. മനോജ് ബി.കെ. നായർ
7. പി. ഭാസി
8. യു. ഉതുമാൻകണ്ണ്
9. ഗോപാലകൃഷ്ണൻ




Fig.1 Q U I L O N   D I S T R I C T
Scale.1:1000000




കൊല്ലം ജില്ല


കൊല്ലം
ബ്ലോക്കുകൾ
0
10 കി.മി.
പത്തനാപുരം
അഞ്ചൽ
ഓച്ചിറ
ശാസ്താംകോട്ട
വെട്ടിക്കവല
വെട്ടിക്കവല
ചിറ്റുമല
ചവറ
കൊട്ടാരക്കര
ചടയമംഗലം
മുഖത്തല
ഇത്തിക്കര




Source : PRM Programme, CESS


VELINALLUR PANCHAYAT
ADMINISTRATIVE MAP
Elamad
Elamad Panchayat
Pooyappally Panchayat
INDEX
Panchayat Boundary
Stream
Road

# വെളിനല്ലൂർ ഗ്രാമപഞ്ചായത്ത്
# വികസന റിപ്പോർട്ട്

'ഗ്രാമ സ്വരാജ്' നമ്മുടെ ദേശീയ ലക്ഷ്യമായിരുന്നു. പക്ഷേ അധികാരവികേന്ദ്രീകരണം ഭരണഘടനയുടെ മാർഗ്ഗനിർദ്ദേശകതത്വങ്ങൾ മാത്രമായിരുന്നു.

ഇന്ന് സ്ഥിതിയാകെ മാറിയിരിക്കുന്നു. ഭരണഘടനയുടെ 73, 74 ഭേദഗതികളുടെ പിൻബലത്തോടെ രൂപീകരിക്കപ്പെട്ട ത്രിതല പഞ്ചായത്ത് സമിതികൾ കേരളത്തിൽ അധികാരം ഏറ്റെടുത്തു കഴിഞ്ഞു. കേവലം മാർഗ്ഗനിർദ്ദേശകതത്വങ്ങൾ എന്ന നിലയിൽ നിന്ന് പഞ്ചായത്തീ രാജ് സ്ഥാപനങ്ങൾ ഇൻഡ്യൻ ഭരണക്രമത്തിന്റെ അവിഭാജ്യവും അനിവാര്യവുമായ ഘടകങ്ങൾ ആയി മാറിയിട്ടുണ്ട്.

സാമൂഹ്യ സാമ്പത്തിക വികസന രംഗത്ത് കൂടുതൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും ആസൂത്രിത വികസനം ഗ്രാമതലങ്ങളിൽ രൂപപ്പെടുത്തുന്നതിനും വേണ്ടിയാണ് കേരള സർക്കാർ ജനകീയാസൂത്രണ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. കേന്ദ്രീകൃതമായ ആസൂത്രണത്തിന്റെ ഫലമായി പദ്ധതികളിൽ ജനപങ്കാളിത്തം തീരെ ഇല്ലാതായി. നമ്മുടെ ഭൂപ്രകൃതി, കാലാവസ്ഥ, ജീവിതരീതി ഇതൊന്നും പദ്ധതികൾ ആവിഷ്കരിക്കുന്നതിന് പരിഗണിച്ചിരുന്നില്ല. ഈ പോരായ്മകൾ പരിഹരിക്കാനാണ് ഒൻപതാം പദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത്. നമുക്ക് വേണ്ടി, നാം തന്നെ രൂപപെടുത്തുന്ന നമ്മുടെ പദ്ധതി. അതാണ് കേരളത്തിന്റെ ഒൻപതാം പഞ്ചവത്സര പദ്ധതി.

ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ അടങ്കലിന്റെ 35–40 ശതമാനം തുകയ്ക്ക് വരുന്ന വികസനപ

പട്ടിക (1)

| വാർഡ് | ഗ്രാമസഭ ചേർന്ന തീയതി | സ്ഥലം | പങ്കെടുത്തവർ (എണ്ണം) | | | അഭിപ്രായകുറിപ്പ് |
|---|---|---|---|---|---|---|
| | | | പു | സ്ത്രീ. | ആകെ | |
| ഓയൂർ | 21-9-'96 | LPS വെളിനല്ലൂർ | 55 | 5 | 60 | ഉൽഘാടനം - S. സുനിത (ബ്ലോക്ക് മെമ്പർ) എല്ലാ DRP മാരും പങ്കെടുത്തു |
| കാളവയൽ | 2-10-'96 | ഫോട്ടറീസ് സൊസൈറ്റി | 154 | 87 | 241 | ഉൽഘാടനം - എം. ബഷീർ (പ്രസിഡന്റ്) DRP പി.കെ. രാമചന്ദ്രൻ |
| ഉഗ്രാകുന്ന് | 2-10-'96 | EUPS വെളിനല്ലൂർ | 95 | 15 | 110 | DRP മനോജ് ബി.കെ. നായർ |
| കരിങ്ങന്നൂർ | 29-9-'96 | UPS കരിങ്ങന്നൂർ | 88 | 42 | 130 | DRP ജി. ദിവാകരൻ |
| ആറ്റൂർക്കോണം | 2-10-'96 | UPS ആറ്റൂർക്കോണം | 99 | 23 | 122 | ഉൽഘാടനം - S. സുനിത (ബ്ലോക്ക് മെമ്പർ) DRP ജി. ദിവാകരൻ |
| ആക്കൽ | 6-10-'96 | UPS ആക്കൽ | 83 | 5 | 88 | DRP ജി. ദിവാകരൻ S. അജിത് |
| ചെറിയവെളിനല്ലൂർ | 29-9-'96 | LPSചെറിയവെളിനല്ലൂർ | 99 | 28 | 127 | ബ്ലോക്ക് പ്രസിഡന്റ് പങ്കെടുത്തു ഉൽഘാടനം - എം. ബഷീർ DRP എ. മജീദ് |
| നെടുവേലി | 5-10-'96 | ഷാഫിയുടെ വസതി | 94 | 39 | 133 | DRP എ. മജീദ് ജി. ദിവാകരൻ എസ്സ്. അജിത് |
| വട്ടപ്പാറ | 2-10-'96 | വാർഡ് മെമ്പറുടെ വസതി | 143 | 85 | 228 | DRP ജയശ്രീ |
| ചെങ്കൂർ | 2-10-'96 | വിഗ്രഹനാഥന്റെ വസതി | 77 | 29 | 106 | DRP എ. മജീദ് |
| മീയന | 6-10-'96 | LPS നെട്ടയം | 152 | 26 | 176 | ഉൽഘാടനം - S. സുനിത (ബ്ലോക്ക് മെമ്പർ) DRP എ. മജീദ് |

രിപാടികൾ ഗ്രാമതലത്തിൽ തന്നെ രൂപപ്പെടുത്തി എടുക്കേണ്ടിയിരിക്കുന്നു. വമ്പിച്ച ഈ ഉത്തരവാദിത്വം കാര്യക്ഷമമായി നിർവ്വഹിക്കാൻ കക്ഷിരാഷ്ട്രീയത്തിനും വിഭാഗീയ ചിന്തകൾക്കും അതീതമായ ജനങ്ങളുടെ കൂട്ടായ്മ ആവശ്യമാണ്. ജനങ്ങളുടെ കൂട്ടായ്മയിൽ അധിഷ്ഠിതമായ വികസന സംസ്കാരം രൂപപ്പെടുത്തി, ജനകീയാഭിലാഷം സാക്ഷാൽക്കരിക്കാൻ ഉതകുന്ന സ്കീമുകൾ ഒൻപതാം പദ്ധതിയിൽ ഉൾപ്പെടുത്തുകയാണ് നമ്മുടെ അടിയന്തിര ചുമതല. ഈ കാഴ്ചപ്പാടോടെയാണ് പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ വിളിച്ചു കൂട്ടിയത്. നമ്മുടെ എല്ലാ വാർഡുകളിലും യഥാ സമയം തന്നെ വിശേഷാൽ ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്.

വിശേഷാൽ ഗ്രാമസഭകൾ ചേർന്നത് സംബന്ധിച്ച വിവരങ്ങൾ പട്ടിക (1) ൽ കൊടുക്കുന്നു.

## വിശേഷാൽ ഗ്രാമസഭ- ഒരവലോകനം

എല്ലാ ഗ്രാമസഭകളും സമയബന്ധിതമായി തന്നെ വിളിച്ചു ചേർക്കാൻ കഴിഞ്ഞു. എന്നാൽ ജനപങ്കാളിത്തം തൃപ്തികരമായിരുന്നില്ല. ബോധവൽക്കരണ പ്രവർത്തനങ്ങൾ കുറച്ചുകൂടി കാര്യക്ഷമമാക്കേണ്ടതായിരുന്നു.

പഞ്ചായത്ത് നേരിടുന്ന മുഖ്യവികസന പ്രശ്നങ്ങൾ കണ്ടെത്താനും ജനങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും മനസ്സിലാക്കാനും ചർച്ചകളിലൂടെ കഴിഞ്ഞു. തികച്ചും ശാസ്ത്രീയമായ രീതിയിൽ അല്ലെങ്കിലും കുറെയധികം പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാനും ഗ്രാമസഭകൾക്ക് കഴിഞ്ഞു.

വിവിധ തലങ്ങളിൽ പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൻമാരും, പഞ്ചായത്ത് ബ്ലോക്ക് മെമ്പർമാരും, ഗ്രാമസഭകളിൽ പങ്കെടുക്കുകയും, നേതൃത്വപരമായ ചുമതലകൾ നിർവ്വഹിക്കുകയും ചെയ്തു.

### വികസനറിപ്പോർട്ടിന് ആധാരമായി സ്വീകരിച്ചിട്ടുള്ള വസ്തുതകൾ

1. വിവിധ സ്ഥാപനങ്ങളിൽ നിന്നും കോർഗ്രൂപ്പ് ശേഖരിച്ച ദ്വിതീയസ്ഥിതി വിവരകണക്കുകൾ (13 ഗ്രൂപ്പുകൾ ആയി തിരിഞ്ഞാണ് സ്ഥിതി വിവരകണക്കുകൾ ശേഖരിച്ചത്)
2. തിരുവനന്തപുരത്തെ എർത്ത് സയൻസ് സെന്റർ ജനപങ്കാളിത്തത്തോടെ തയ്യാറാക്കി തന്ന വിഭവഭൂപടം
3. കരിങ്ങന്നൂർ നീർമറി പ്രദേശ വികസനത്തിന് 1991 -ൽ CWRDM തയ്യാറാക്കിയ റിപ്പോർട്ട്
4. വിവിധ പരിശീലനഘട്ടങ്ങളിൽ ലഭിച്ചിരുന്ന വികസന സംബന്ധിയായ വിവരങ്ങൾ
5. 1991-ലെ സെൻസസ് റിപ്പോർട്ട്
6. ഉദ്യോഗസ്ഥരുമായി നടത്തിയ പദ്ധതി അവലോകനം
7. കാരണവന്മാർ, റിട്ടയാർഡ് അധ്യാപകർ, പൊതു പ്രവർത്തകർ ഇവരുമായി നടത്തിയ ചർച്ചകൾ

മുകളിൽ സൂചിപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ആണ് ഈ വികസനറിപ്പോർട്ട് തയ്യാറാക്കുന്നത്.

പഞ്ചായത്തിലെ വിവിധ വികസനമേഖലകളും സേവനതുറകളും നേരിടുന്ന മുഖ്യപ്രശ്നങ്ങൾ അപഗ്രഥിക്കാനും പരിഹാരം നിർദ്ദേശിക്കാനുംറിപ്പോർട്ടിന്റെ തുടർന്നുള്ള ഭാഗങ്ങളിൽ ശ്രമിക്കുന്നുണ്ട്.

### പൊതു വിവരങ്ങളും ഭരണപരമായ ചരിത്രവും

പഞ്ചായത്തിന്റെ പേര് - വെളിനല്ലൂർ പഞ്ചായത്ത്
പഞ്ചായത്തിൽ ഉൾപ്പെടുന്ന റവന്യൂ വില്ലേജ് - വെളിനല്ലൂർ
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ -
1. വെളിയം 2. ചടയമംഗലം
ബ്ലോക്ക് പഞ്ചായത്ത് - ചടയമംഗലം
ബ്ലോക്ക് പഞ്ചായത്ത് മണ്ഡലം -
1. വെളിനല്ലൂർ A, 2. വെളിനല്ലൂർ B
താലൂക്ക് - കൊട്ടാരക്കര
ജില്ല - കൊല്ലം
പാർലമെന്റ് മണ്ഡലം - അടൂർ (സംവരണം)
അസംബ്ലി മണ്ഡലം - നെടുവത്തൂർ (സംവരണം)
പഞ്ചായത്തിന്റെ വിസ്തീർണ്ണം - 27.4 ച.കി.മീറ്റർ
ജനസംഖ്യ - 24293
ജനസാന്ദ്രത - ച.കി.മീറ്ററിന് 885
വാർഡുകളുടെ എണ്ണം - പതിനൊന്ന്
പ്രസിഡന്റിന്റെ പേര് - എം. ബഷീർ
വൈസ് പ്രസിഡന്റിന്റെ പേര് - ജി. സനിൽ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്റെ പേര് - എൻ. ശശിധരൻനായർ
പഞ്ചായത്ത് രൂപീകരിച്ച വർഷം - 1953

## മുൻ പഞ്ചായത്ത് സമിതികൾ

*ഒന്നാമത് കമ്മിറ്റി 1953-1963 (10 വർഷം)*

പ്രസിഡന്റ് - ശ്രീ. എസ്. അബ്ദുൽ റഹീം (15-8-'53 മുതൽ 24-11-'53)

പി. കൊച്ചുകൃഷ്ണപിള്ള (30-6-55 മുതൽ 17-12-64)

വൈസ് പ്രസിഡന്റ് - ശ്രീ. പി. രാമൻപിള്ള (25-11-53 മുതൽ 29-6-55 വരെ പ്രസിഡന്റിന്റെ ചുമതല നിർവ്വഹിച്ചു)

മെമ്പർമാർ :

ശ്രീ. പി. വാസുദേവക്കുറുപ്പ്
" പി. നീലകണ്ഠരു പണ്ടാരത്തിൽ
" ഏ. ഉതുമാൻ കണ്ണ് റാവുത്തർ
" എൻ കൃഷ്ണപിള്ള
" ഏ. ഗോവിന്ദപ്പിള്ള
" എം.സി. തോമസ്

*രണ്ടാമത് കമ്മിറ്റി (1963-1979) 16 വർഷം*

പ്രസിഡന്റ് ശ്രീ. ഏ. അബ്ദുൽ ലത്തീഫ് (18-12-63 - 9-1-70 വരെ)

ശ്രീ. എം. മുസ്തഫാ (7-3-7- - 31-10-73()

ജി. ബാലകൃഷ്ണൻ (1-11-1973 - 30-9-79)

വൈസ് പ്രസിഡന്റ് ശ്രീ. കെ. അപ്പുക്കുട്ടൻ നായർ (18-12-1963 - 31-10-73)

ആർ. ഭാസ്കരൻപിള്ള (1-11-1973 - 30-9-79)

മെമ്പർമാർ

ശ്രീ. കെ. രാമൻ
" കെ. ചന്ദ്രശേഖരൻ ഉണ്ണിത്താൻ
" ബി. ശിവരാജൻ
" എസ്സ്. സാവിത്രി (18-12-63 - 29-8-64)
" കെ. ആനന്ദവല്ലിയമ്മ (30-8-64 മുതൽ)

*മൂന്നാമത് കമ്മിറ്റി (1979-1984) 5 വർഷം*

പ്രസിഡന്റ് : ശ്രീ. എം. മുസ്തഫ

വൈസ് പ്രസിഡന്റ് :ശ്രീ. വിശ്വനാഥപിള്ള

മെമ്പർമാർ

ശ്രീ. എൻ. ശ്രീധരൻ
" ജി. ദിവാകരൻ
" എസ്സ്. അബ്ദുൽ ഷാഫി
" എം.എസ് രാമൻപിള്ള
" കെ. സുതൻ
" എൻ. ശശിധരൻനായർ

ഉദ്യോഗസ്ഥ ഭരണം - 1985 - '87 (3 വർഷം)

നാലാമത് കമ്മിറ്റി 8-2-1988 - 29-9-1995 (ഏഴര വർഷം)

പ്രസിഡന്റ് : ശ്രീ. എ. മജീദ്

വൈസ് പ്രസിഡന്റ് : ശ്രീമതി കെ. നബീസത്ത് ബീവി

മെമ്പർമാർ

ശ്രീ. ജി. ദിവാകരൻ
" സി. ശശിധരൻ
" എം. ഉമ്മർ കണ്ണ്
" പ്രകാശ് വി. നായർ
" ആർ. രാമചന്ദ്രൻനായർ
" എൻ. ശശിധരൻനായർ
" സരസ്വതി ശിവരാജൻ

# സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

'വളരെ പ്രാചീനവും സമ്പന്നവും ആയ ഒരു സാമൂഹിക സാംസ്കാരിക ചരിത്രമാണ് വെളിനല്ലൂർ ഗ്രാമത്തിനുള്ളത്.

പ്രൊഫസർ ഇളംകുളം കുഞ്ഞൻപിള്ളയുടെ 'അന്നത്തെ കേരളം ' സംസ്കാരത്തിന്റെ നാഴികകല്ലുകൾ, എന്നീ ഗ്രന്ഥങ്ങളിലും കേരള വിജ്ഞാന കോശത്തിലും നമ്മുടെ സംസ്കാരം ബുദ്ധമതവുമായി ബന്ധപ്പെട്ടതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വെളിനല്ലൂർ ശ്രീരാമ സ്വാമിക്ഷേത്രവുമായി ബന്ധപ്പെടുന്ന പ്രാചീന രേഖകൾ പരിശോധിച്ചാൽ പ്രൊഫസർ ഇളംകുളത്തിന്റെ നിഗമനങ്ങൾ ശരിയാണെന്ന് ബോധ്യമാവുകയും ചെയ്യും.

വെളിനല്ലൂർ ക്ഷേത്രത്തിൽ ശ്രീരാമനെ പ്രതിഷ്ഠിക്കുന്നതിനും വളരെ മുമ്പു തന്നെ, അവിടെ ഒരു 'ഇണ്ടിളയപ്പൻ' ക്ഷേത്രം ഉണ്ടായിരുന്നു. ഈ ഇണ്ടിളയപ്പൻ ക്ഷേത്രത്തിന് ഏകദേശം 2000 കൊല്ലത്തെ പഴക്കമുണ്ടെന്ന് കരുതുന്നു. ഇണ്ടളയപ്പന്റെ തൃപ്തിക്കായി ഭക്തജനങ്ങൾ ഇപ്പോഴും ഇവിടെ ഒട്ടേറേ ഉത്സവങ്ങൾ നടത്തുന്നു. മീനഭരണി ദിനത്തിൽ വേടർ സമുദായത്തിന്റെ വകയായ പൊങ്കാലയും (ഭരണി കരിപ്പ്) കാർത്തിക നാളിൽ രാത്രി കുറവ സമുദായത്തിന്റെ വകയായി തലയാട്ടം കളിയും രോഹിണി നാളിൽ വേളാർ സമുദായത്തിന്റെ വകയായി നായ് വയ്പും നടത്തി വരുന്നു. കതിരുകാള, എടുപ്പു കുതിര, ഇവയോടു കൂടിയ എഴുന്നള്ളത്ത് വെളിനല്ലൂരും പരിസരങ്ങളിലുമുള്ള ക്ഷേത്രങ്ങളിൽ പതിവാണ്. ബുദ്ധമത്തിലെ മഹായാന പ്രസ്ഥാനക്കാരുടെ ആചാരരീതിയുമായി ഈ കെട്ടുകാഴ്ച എഴുന്നെള്ളിപ്പിന് സാമ്യമുണ്ട്. സാധാരണ ജനങ്ങൾ ആണ് ബുദ്ധമത തത്വങ്ങളിൽ കൂട്ടത്തോടെ ആകർഷിക്കപ്പെട്ടത്. പ്രാദേശിക ഭാഷ, സംസ്കാരം, കല, ഇവക്ക് ബുദ്ധമതം നൽകിയ അംഗീകാരം ആണ് ഇതി കാരണം. നമ്മുടെ ഗ്രാമത്തിലെയും സമീപ ഗ്രാമങ്ങളിലെയും ചില സ്ഥലനാമങ്ങളും നമ്മുടെ ബുദ്ധമത പാരമ്പര്യത്തെ സൂചിപ്പിക്കുന്നു. പതുപ്പള്ളി, മരുതമൺപള്ളി, പൂയപ്പള്ളി, ഇത്യാദി സ്ഥലനാമങ്ങൾ ഉദാഹരണം. 'പള്ളി'യെന്നാൽ ബുദ്ധവിഹാരം എന്നാണ് അർത്ഥ കല്പന. 'അപ്പൻ' എന്ന പേരുകളിൽ അറിയപ്പെടുന്ന ദേവന്മാരും ബുദ്ധമതക്കാരുടേതാണെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. വെളിനല്ലൂരിന്റെ ബൗദ്ധ പാരമ്പര്യം സ്ഥിരീകരിക്കുന്നതാണ് മുകളിൽ സൂചിപ്പിച്ച വസ്തുതകൾ

പിൽക്കാലത്ത് വെളിനല്ലൂർ ഇണ്ടിളയപ്പൻ ക്ഷേത്രം ഉൾപ്പടെയുള്ള പല ക്ഷേത്രങ്ങളുടെയും ഉടമാവകാശം ബ്രാഹ്മണ മഠങ്ങൾക്ക് ലഭിച്ചു. വെളിനല്ലൂർ ക്ഷേത്രം നാല് മഠക്കാരുടെ വകയായി. ചെമ്പിലാംഠം, ഇടമനമഠം, പുന്നയ്ക്കാ മഠം, കുഴിഞ്ഞിലാ മഠം, ഇവയാണ് നാല് മഠങ്ങൾ. വെളിനല്ലൂർ പ്രദേശത്തിന്റെ കരം പിരിവും ഇവർ നടത്തി. വെളിനല്ലൂർ ക്ഷേത്രത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തപ്പെട്ട കാലഘട്ടമാണിത്. ശ്രീരാമ സുഗ്രീവ കൂടികാഴ്ചയും ബാലി നിഗ്രഹവും നടന്ന ഇതിഹാസ മണ്ണിലാണ് വെളിനല്ലൂർക്ഷേത്രം സ്ഥാപിതമായതെന്ന ഐതിഹ്യം, വാലിയാം കുന്നിനെയും സുഗ്രീവൻ കുന്നിനെയും അവയെ വേർതിരിച്ചൊഴുകിയ ഇത്തിക്കരയാറിന്റെ കൈവഴിയേയും പറ്റിയുള്ള പഴമക്കാരുടെ അറിവുകൾ, ആലുംമൂട്ടിലെ പ്രാചീനമായ കിണറ്റിൽ കൂടി മലഞ്ചുഴിയിൽ എത്താൻ ഭൂഗർഭമാർഗ്ഗമുണ്ടായിരുന്നെന്ന വിശ്വാസം ഇവയൊക്കെ വിശദമായ പഠനത്തിന് വിധേയമാക്കിയാൽ വെളിനല്ലൂരിന്റെ സമ്പന്നമായ ഭൂതകാലത്തെപ്പറ്റി കൂടുതൽ മനസ്സിലാക്കാൻ കഴിയും.

വെളിനല്ലൂരിലെ ബ്രാഹ്മണർ പിൽക്കാലത്ത് കരിങ്ങന്നൂർ, ചെറിയവെളിനല്ലൂർ തുടങ്ങിയ കിഴക്കൻ പ്രദേശങ്ങളിലേക്കും ധാരാളമായി മാറി താമസിച്ചു. വെളിനല്ലൂരിലെ ബ്രാഹ്മണർ ധാരാളമായി മാറി പാർത്തിരുന്ന പ്രദേശമാണ് ചെറിയവെളിനല്ലൂരായത്.

നമ്മുടെ ഗ്രാമത്തിന് വെളിനല്ലൂർ എന്ന പേര് ലഭിച്ചതെങ്ങെനെയെന്ന് ഖണ്ഡിതമായി പറയാൻ കഴിയുന്നില്ല. ഓയൂർ ചുങ്കത്തറയ്ക്കും, ഓടനാവട്ടം ചുങ്കത്തറയുക്കും മദ്ധ്യേ വ്യാപിച്ച് കിടന്നിരുന്ന 'വെളിയം രാജ്യത്തിന്റെ അതിർത്തി ഇത്തിക്കരയാറു വരെയായിരുന്നെന്ന് ചിലർ അഭിപ്രായപ്പെടുന്നു. വെളിയത്തിന്റെ ഭരണാധികാരികൾ 'വെളിയൻ' എന്ന പേരിൽ അറിയപ്പെട്ടിരുന്നതായി പ്രൊഫ. ഇളംകുളം രേഖപ്പെടുത്തിയിട്ടുണ്ട്. 'വെളിയന്റെ' അധീനതയിൽ ഉള്ള പ്രദേശം

എന്ന അർത്ഥത്തിൽ ഈ ഗ്രാമം വെളിയനല്ലൂർ എന്ന് അറിയപ്പെട്ടിരുന്നുവെന്നും , പിൽക്കാലത്ത് വെളിയനല്ലൂർ വെളിനല്ലൂർ എന്ന് രൂപാന്തരപ്പെട്ടുവെന്നും ഒരഭിപ്രായം ഉണ്ട്.

വെളിനല്ലൂരും ചെറിയവെളിനല്ലൂരും ബ്രാഹ്മണരുടെ സ്വാധീനത്തിൽപ്പെട്ടപ്പോഴും അതിൽ നിന്നും വേറിട്ട് നിന്ന ഒരു പ്രദേശമാണ് കരിങ്ങന്നൂർ. ഇവിടെയും ബ്രാഹ്മണ മഠങ്ങൾ ഉണ്ടായിരുന്നുവെന്ന വസ്തുത അംഗീകരിക്കുമ്പോഴും, ആ മഠങ്ങളുടെ സ്വാധീനവലയത്തിൽ പെടാതെ ഒരുജനവിഭാഗം അവിടെ ശക്തന്മാരായി പാർത്തിരുന്നു. അവരത്രെ 'കരിങ്ങന്മാർ' 'കരിങ്ങൻ' എന്ന പദത്തിന് അധ:കൃതൻ, 'താണവൻ' എന്നീ അർത്ഥമാണ് ഗുണ്ടർട്ട് നിഘണ്ടുവിൽ ഉള്ളത്. അങ്ങനെ കരിങ്ങന്മാർ പാർത്തിരുന്ന പ്രദേശം കരിങ്ങന്നൂർ ആയി. കരിങ്ങന്നൂരിലെ ചാവൻകാവും, പുതിയിടത്തെ മൂർത്തിക്കാവും ഇപ്പോഴും പട്ടികജാതിക്കാരുടെ നിയന്ത്രണത്തിൽ ആണല്ലോ.

ചുരുക്കത്തിൽ, വെളിനല്ലൂർ ക്ഷേത്രത്തിൽ ശ്രീരാമ പ്രതിഷ്ഠ നടക്കുന്നതിന് വളരെ മുമ്പു തന്നെ വെളിനല്ലൂർ ഗ്രാമത്തിലും പരിസരങ്ങളിലും പ്രദേശിക ജനവിഭാഗത്തിന്റെ തനതായ ഒരു സംസ്കാരം നിലനിന്നിരുന്നു. ഈ പ്രാദേശിക സംസ്കാരം ബുദ്ധമതവുമായി ബന്ധപ്പെട്ടുതുമായിരുന്നു. പിൽക്കാലത്ത് ബ്രാഹ്മണ സംസ്കാരത്തിന്റെ ശക്തമായ സ്വാധീനത്തിൽപെട്ട് ഈ പ്രാദേശിക ജനവിഭാഗത്തിന്റെ സംസ്കാരം നാമാവശേഷമാകുകയോ ദുർബലമാകുകയോ ചെയ്തു.

### *ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ച*

നവോത്ഥാന പ്രസ്ഥാനവുമായി ബന്ധപ്പെട്ടാണ് ഇവിടെ ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ച ആരംഭിച്ചത്. ചട്ടമ്പി സ്വാമികൾ, ശ്രീനാരായണഗുരു, എന്നീ നവോത്ഥാനാചാര്യന്മാരുടെ ഉപദേശങ്ങൾക്ക് വേണ്ടി ജനങ്ങൾ കാതുകൾ കൂർപ്പിച്ച കാലം. ക്ഷേത്രപ്രവേശനവിളംബരം അവർണ്ണജനവിഭാഗങ്ങളിൽ ആവേശം പകർന്നു.

സ്റ്റേറ്റ് കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ തിരുവിതാംകൂറിൽ അരംഭിച്ച സ്വാതന്ത്ര്യ സമരത്തിന്റെ അലകൾ ശാന്തമായിരുന്ന വെളിനല്ലൂരിലും തീവ്രചലനങ്ങൾ ഉളവാക്കി. സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ജില്ലാ നേതാക്കൾ ആയിരുന്ന സർവ്വ ശ്രീ. ഇ.വി. കേശവൻ, കെ.ഈ. വേലായുധൻ, എന്നിവർ കരിങ്ങന്നൂർ കേന്ദ്രീകരിച്ച് പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകി. ശ്രീമാൻമാർ ചരുവിള രാമൻപിള്ള, മേലേവീട്ടിൽ സ്വാമി, കരിയ്ക്കത്തിൽ കേശവൻ, രാമൻ വൈദ്യർ മേല്പ്പറമ്പിൽ കൃഷ്ണനൻ, കടുങ്ങശ്ശേരി ബാലകൃഷ്ണ പിള്ള പത്മനാഭൻ പണിയ്ക്കൻ, പി. ഗംഗാധരൻ തുടങ്ങിയവർ കോൺഗ്രസ്സ് പ്രവർത്തകരായി മാറി. കൊല്ലവർഷം 1114-ൽശ്രീമതി അക്കാമ്മചെറിയാൻ നയിച്ച "ആൾട്രാവൻകൂർ വാളന്റിയേഴ്സ് ജാഥ" യിൽ വെളിനല്ലൂരിലെ കോൺഗ്രസ്സ് പ്രവർത്തകരും ധർമ്മഭടരായി ചേർന്ന് വലിയ കൊട്ടാരവളപ്പിലേക്ക് മാർച്ച് ചെയ്തു. ശ്രീമാന്മാർ കുമ്പളത്ത് ശങ്കുപിള്ള, ടി.എം. വർഗ്ഗീസ് എന്നീ സ്റ്റേറ്റ് കോൺഗ്രസ്സ് നേതാക്കൾ നേതൃത്വം നൽകിയ കൊല്ലം സമ്മേളനത്തിലും ഇവിടെ നിന്നും വാളണ്ടിയർമാർ പങ്കെടുത്തു. ശ്രീമാന്മാർ പട്ടം താണുപിള്ള, കുഞ്ഞൻ നാടാർ ഇവർക്ക് കരിങ്ങന്നൂരിൽ വമ്പിച്ച സ്വീകരണം നൽകി. കരിങ്ങന്നൂർ പാലത്തിന് സമീപം ചേർന്ന കോൺഗ്രസ്സ് മഹാ സമ്മേളനത്തിൽ ജനങ്ങൾ സ്വാതന്ത്ര്യ പ്രതിജ്ഞ എടുത്തു. അഡ്വക്കേറ്റ് ശ്രീ. പി. വാസുദേവനും ഇവിടുത്തെ കോൺഗ്രസ്സ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്.

1942-ലെ ക്വിറ്റ് ഇൻഡ്യാ പ്രക്ഷോഭത്തിൽ പങ്കെടുത്ത് അദ്ദേഹം അറസ്റ്റ് വരിച്ചു.

ഇങ്ങനെയാണ് വെളിനല്ലൂരിൽ ദേശീയ പ്രസ്ഥാനത്തിന്റെയും കോൺഗ്രസ്സ് പ്രവർത്തനത്തിന്റെയും തുടക്കം.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം നിലവിൽ വന്ന സാമൂഹ്യരാഷ്ട്രീയ പ്രശ്നങ്ങൾ യുവാക്കളെ അസംതൃപ്തരാക്കി. രണ്ടാം ലോക മഹായുദ്ധം 1945-ൽ അവസാനിച്ചെങ്കിലും യുദ്ധത്തിന്റെ മുറിവുകൾ ഉണങ്ങിയില്ല. സാർവ്വദേശീയതലത്തിൽ അമേരിക്ക നേതൃത്വം നൽകിയ നിരവധി പട്ടാളക്കൂട്ടുക്കെട്ടുകൾ രൂപം കൊണ്ടു. ഈ സൈനിക സഖ്യങ്ങളെ പ്രതിരോധിക്കാൻ സോവിയറ്റ് യൂണിയനും തയ്യാറായി. ഒരു മൂന്നാം ലോകമഹായുദ്ധം പൊട്ടിപുറപ്പെടുമൊയെന്ന ജനങ്ങൾ ഭയപ്പെട്ടു. ഈ സാഹചര്യത്തിൽ ആണ് ഡാ. സെയ്ഫുദീൻ കിച്ചിലുവിന്റെ നേതൃത്വത്തിൽ ഇൻഡ്യയിൽ ആകെ സമാധാന പ്രസ്ഥാനം ശക്തി പ്രാപിച്ചത്. വെളിനല്ലൂരിലെ ഒട്ടേറേ യുവാക്കൾ ഈ സമാധാന പ്രസ്ഥാനത്തിന്റെ ആഹ്വാനം ഉൾകൊണ്ട് ലോകസമാധാനത്തിനു വേണ്ടി ഒപ്പുശേഖരണം നടത്തി. വെളിനല്ലൂർ മണൽപ്പുറത്ത് ശ്രീ. ഓ.എൻ.വി. കുറുപ്പിന്റെ അധ്യക്ഷതയിൽ സമാധാന സമ്മേളനം ചേർന്ന് ഇവി

ടുത്തെ ചെറുപ്പക്കാർ സമാധാന പ്രതിജ്ഞയെടുക്കുകയും, ശേഖരിച്ച കയ്യൊപ്പുകൾ ഓഎൻവിയെ എൽപ്പിക്കുകയും ചെയ്തു.

ഇതിന് മുമ്പ് തന്നെ ആറ്റൂർകോണത്തെ യുവാക്കൾ ഇടതുപക്ഷ രാഷ്ട്രീയത്തിൽ ആകൃഷ്ടരായിത്തിർന്നിരുന്നു. 1949-ൽ ശ്രീ കരിങ്ങന്നൂർ ജി. ബാലകൃഷ്ണൻ, പ്രഭാകരൻ പിള്ള, എ. എം. കരീം തുടങ്ങിയവരുടെ നേതൃത്വത്തിൽ കേരളാ സോഷ്യലിസ്റ്റ് പാർട്ടിയുടെ ഒരു ഘടകം രൂപീകരിക്കുകയും നമ്പാറ്റിൻ ചിറ ജംഗ്ഷനിൽ ശ്രീ. മത്തായി മാഞ്ഞൂരാനെ പങ്കെടുപ്പിച്ച് പൊതു സമ്മേളനം നടത്തുകയും ചെയ്തിരുന്നു. ഇക്കാലത്ത് തന്നെ ആറ്റൂർകോണത്തെ രജിസ്റ്റർ ചെയ്ത 58-ാം നമ്പർ യുവജനസമാജം വിവിധ തരത്തിലുള്ള സാമൂഹ്യസാംസ്കാരിക പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ജനസേവനം ആരംഭിച്ചു. കയ്യെഴുത്ത് മാസികാ പ്രസിദ്ധീകരണം, നാടകാഭിനയം തുടങ്ങിയ നിരവധി സാംസ്കാരിക പ്രവർത്തനങ്ങൾ ആറ്റൂർകോണം,കരിങ്ങന്നൂർ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഇക്കാലത്ത് നടന്നു.

കെ.എസ്.പിയുടെ പ്രവർത്തകർ പിന്നീട് പാർട്ടി വിടുകയുടം ഒരു വിഭാഗം ശ്രീമാൻ ശ്രീകണ്ഠൻ നായർ നേതൃത്വം നൽകിയ ആർ.എസ്.പി. യുടെയും മറ്റൊരു വിഭാഗം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും പ്രവർത്തകരായി മാറുകയും ചെയ്തു.

കരിഞ്ചന്തയും പൂഴത്തിവയ്പും വ്യാപകമായിരുന്നു അന്ന്. ജനങ്ങൾ രൂക്ഷമായ ഭക്ഷ്യക്ഷാമത്തിലും. കരിഞ്ചന്തയ്ക്കും പൂഴ്ത്തിവെയ്പിനുമെതിരെ പൊതുജനാഭിപ്രായം ശക്തമായി. കരിഞ്ചന്തയിൽ വിൽക്കാൻ കാളവണ്ടികളിൽ കൊണ്ട് പോയ റേഷൻ അരി ചെറിയ വെളിനല്ലൂരിൽ തടഞ്ഞു. കോളിളക്കം സൃഷ്ടിച്ച ഒരു സംഭവമായിരുന്നു അത്. ചെറിയ വെളിനല്ലൂരിൽ തന്നെ ചാക്കോ എന്ന കർഷകതൊഴിലാളിയെ കുടിയിറക്കാൻ ജന്മി നടത്തിയ ശ്രമങ്ങളും സംഘടിതമായി തടഞ്ഞു. പട്ടികജാതിക്കാർക്ക് ചായക്കടകളിൽ പ്രവേശനമുണ്ടായിരുന്നില്ല. അവർ പുറത്ത് നിൽക്കണം. പ്രത്യേക ഗ്ലാസ്സിൽ പുറത്തു ചായ കൊടുക്കും. ഈ അനീതിക്കെതിരെയും പ്രക്ഷോഭം ഉയർത്തി.

ഇക്കാലത്ത് ശ്രീ ഇ. ഗോപാലകൃഷ്ണമേനോൻ സെക്രട്ടറിയായിട്ടുള്ള കർഷക സംഘത്തിന്റെ ഘടകവും വെളിനല്ലൂരിൽ രൂപീകരിക്കപ്പെട്ടു., ഈ ഘടകത്തിന്റെ നേതൃത്വത്തിൽ ആണ് കുത്തകപ്പാട്ടസമ്പ്രദായത്തിനെതിരെ കൃഷിക്കാർ സമരം നടത്തിയത്. കൊട്ടാരക്കര താലൂക്കിനാകെ മാതൃകയായിരുന്നു ഈ കർഷക സമരം.

കരിങ്ങന്നൂർ ചാവർ വക രണ്ടേക്കർ നിലവും കര പുരയിടങ്ങളും അന്യാധീനപ്പെട്ടത് വീണ്ടെടുക്കാൻ നടത്തിയ സമരവും,പനയറകുന്നത്ത് പട്ടികജാതി പീഢനത്തിനെതിരെ നടത്തിയ സമരവും പ്രധാന സംഭവങ്ങൾ ആയിരുന്നു. ഇങ്ങനെ കരിഞ്ചന്ത, പൂഴത്തിവയ്പ്, കുടിയിറക്കൽ, അയിത്തം, പട്ടികജാതി പീഢനം തുടങ്ങിയ തിന്മകൾക്കെതിരെ പോരാടികൊണ്ട് ഇടതുപക്ഷക്കാരും വെളിനല്ലൂരിൽ സംഘടനപടുത്തുയർത്തി. ശ്രീമാന്മാർ പി.കെ. വാസുദേവൻനായർ, പി.എ. സോളമൻ തുടങ്ങി ഒട്ടേറേ നേതാക്കൾ വെളിനല്ലൂരിൽ ഒളിവിൽ പാർത്തിരുന്നു. അന്തരിച്ച ശ്രീ. വെളിയം ദാമോദരൻ വെളിനല്ലൂരിൽ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ വളർച്ചക്ക് നൽകിയ സംഭാവന മറക്കാവുന്നതല്ല. ശ്രീ കരിങ്ങന്നൂർ ബാലകൃഷ്ണന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ചിരുന്ന തോട്ടം തൊഴിലാളി എന്ന പ്രസിദ്ധീകരണവും ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ വളർച്ചക്ക് സംഭാവന നൽകി.

*സാമൂഹ്യമാറ്റങ്ങൾ - ഒരു തിരിഞ്ഞു നോട്ടം*

ഇടതുപക്ഷക്കാരുംകോൺഗ്രസ്സുകാരുമടക്കം പിൽക്കാലത്ത് നിരവധി രാഷ്ട്രീയ സാമൂഹീക സംഘനടകളുടെ പ്രവർത്തനം നമ്മുടെ ഗ്രാമത്തിൽ സജീവമായിട്ടുണ്ട്. ഇതിന്റെയൊക്കെ ഫലമായി ഒട്ടേറെ സാമൂഹ്യ മാറ്റങ്ങൾക്കും നമ്മുടെ പ്രദേശം വിധേയമായിട്ടുണ്ട്.

പണ്ടുകാലത്തെ ആശാൻ പള്ളിക്കൂടങ്ങൾ ഇല്ലാതായി. (ഇപ്പോൾ കരിങ്ങന്നൂർ വാർഡിൽ) ശ്രീമാൻ ശങ്കരൻ നായർ ആശാൻ നടത്തുന്ന ഒരു കുടിപ്പള്ളിക്കൂടം പഞ്ചായത്ത് ഗ്രാന്റോടെ പ്രവർത്തിക്കുന്നുണ്ട്. ) നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. നാനാജാതി മതസ്ഥരായ വിദ്യാർത്ഥികൾ ഒരുമിച്ച് പഠിക്കുന്നു.

ആരോഗ്യരംഗംവും വലിയ മാറ്റത്തിന് വിധേയമായി. പ്രഗൽഭരായ ഏതാനും ആയുർവേദ വൈദ്യന്മാർ ആയിരുന്നു നമ്മുടെ ഗ്രാമീണരെ ചികിത്സച്ചിരുന്നത്. വൈദ്യകലാനിധി പതുപ്പള്ളിയിൽ ശ്രീ മാധവൻ ഉണ്ണിത്താൻ, വൈദ്യകലാനിധി ശ്രീ. വാസവൻ വൈദ്യൻ, വൈദ്യകലാനിധി ശ്രീ . ഇടിക്കുള വൈദ്യൻ, ശ്രീ പീതാംബരൻ വൈദ്യൻ എന്നിവരുടെ പേരുകൾ പ്രത്യേകം ഓർക്കേണ്ടതുണ്ട്. ഏഴാംകുറ്റിയിൽ ശ്രീ

കേശവൻ വൈദ്യൻ മർമ്മചികിത്സയും നടത്തിയിരിന്നു. ഇന്ന് അലോപ്പതി ചികിത്സക്കാണ് പ്രാധാന്യം. വെളിനല്ലൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ സ്ഥാപനം ആരോഗ്യമേഖലയിലെ വലിയ മാററത്തിന് കാരണമായി.

അൻപത് വർഷം പിറകോട്ട് നോക്കിയാൽ ഗതാഗതരംഗത്ത് ഈ ഗ്രാമത്തിന് വന്ന മാറ്റം വ്യക്തമായി മനസ്സിലാക്കാം. നമ്മുടെ പ്രധാന റോഡായ ആയൂർ ഇത്തിക്കര റോഡ് തന്നെ വലിയ മാറ്റങ്ങൾക്ക് വിധേയമായി. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഇന്ന് വാഹനങ്ങളിൽ എത്തിച്ചേരാം. ചക്കടാ വണ്ടികളും, വില്ലുവണ്ടികളും അപ്രത്യക്ഷമായി. സൈക്കിളുകളും, എണ്ണത്തിൽ കുറഞ്ഞു. മറ്റ് ഇരു ചക്രവാഹനങ്ങളും മോട്ടാർ വാഹനങ്ങളും സർവ്വസാധാരണമായി. പഞ്ചായത്ത് ആസ്ഥാനമായ ഓയൂരിൽ ഗതാഗതകുരുക്ക് അനുഭവപ്പെടുന്നു.

പഞ്ചായത്തിന്റെ മിക്കവാറും എല്ലാ ഭാഗങ്ങളിലും വൈദ്യുതി എത്തിയിട്ടുണ്ട്. മണ്ണെണ്ണ വിളക്കുകളുടെ എണ്ണം കുറഞ്ഞു. വിശറികളുടെ ആവശ്യം തീരെ കുറഞ്ഞു. മിക്ക വീടുകളിലം വൈദ്യുത പങ്കകൾ ആയി. വാർത്താവിനിമയം വളരെ എളുപ്പമായി. ടെലിഫോൺ ഉള്ള വീടുകളുടെ എണ്ണം ഏറെ വർദ്ധിച്ചു.

പുല്ലും ഓലയും മേഞ്ഞ വീടുകൾ ആണ് അരനൂറ്റാണ്ടിന് മുൻപ് ഇവിടെ ഉണ്ടായിരുന്നത്. എന്നാൽ ആ സ്ഥിതി മാറി. ചാണകം മെഴുകിയ തറകളും തീരെ കുറഞ്ഞു. ഓല,ഓടിനും ഓട് കോൺക്രീറ്റിനും വഴി മാറകൊടുത്തു. കോൺക്രീറ്റ് വീടുകളുടെ എണ്ണം ദിനം പ്രതി വർദ്ധിച്ച് കൊണ്ടിരിക്കുന്നു.

ജനങ്ങളുടെ വസ്ത്രധാരണരീതിയിലും വലിയ മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു. പരുത്തി വസ്ത്രങ്ങളുടെ ഉപയോഗം കുറഞ്ഞു. പോളിസ്റ്റർ തുണിത്തരങ്ങൾക്ക് പ്രിയം കൂടി. പെൺകുട്ടികളുടെ പാവാടയും ജായ്ക്കറ്റും ചുരിദാറിനും, സാൽവാറിനും വഴിമാറി കൊടുത്തു.

ഗൾഫ് സ്വാധീനം ഏറെയുള്ള ഒരു പ്രദേശമാണ് നമ്മുടേത്. നമ്മുടെ സാമ്പത്തിക, സാമൂഹ്യ മേഖലകളുടെ പുരോഗതി ഗൾഫ് പണവുമായി ബന്ധപ്പെട്ടതായി മാറിയിരിക്കുന്നു.

വിവിധ തൊഴിൽ മേഖലകളിലും മാറ്റത്തിന്റെ കാറ്റ് ശക്തമായി വീശുന്നു. കർഷകനും, കർഷകതൊഴിലാളിയും കരിങ്കൽ തൊഴിലാളിയും വ്യാപാരി വ്യവസായികളും ചുമട്ടു തൊഴിലാളിയും വിദ്യാർത്ഥിയും അധ്യാപകനും എൻ.ജി.ഒ. യും ഗസറ്റഡ് ആഫീസറും ഒക്കെ താന്താങ്ങളുടെ തൊഴിലിന്റെ അടിസ്ഥാനത്തിൽ സംഘടനകൾക്ക് രൂപം നൽകി വരുന്നു. കൂട്ടായ വിലപേശലിലൂടെ മെച്ചപ്പെട്ട ജീവിത സാഹചര്യം സൃഷ്ടിക്കാൻ എല്ലാവരും താൽപര്യം കാണിക്കുന്നു. ജാതി മത സംഘടനകളുടെ സ്ഥാനത്ത് വർഗ്ഗബഹുജന സംഘടനകൾ രൂപം കൊള്ളുന്നു. ഇങ്ങനെ ജീവിതത്തിന്റെ സമസ്തമേഖലകളിലും വമ്പിച്ച പരിവർത്തനം സംഭവിച്ച ഒരു കാലഘട്ടിത്തിൽ ആണ് നാം ഒൻപതാം പഞ്ചവത്സര പദ്ധതചി ആസുത്രണം ചെയ്യുന്നത്.

*ഇന്ന് നാം അഭിമുഖീകരിക്കുന്നത് പുതിയ വെല്ലുവിളികൾ*

കാർഷികമേഖലയിൽ പുതിയ പ്രശ്നങ്ങൾ ഉണ്ടായിരിക്കുന്നു. പല കൃഷികളും ലാഭകരമാകുന്നില്ല. അതുകൊണ്ട് ഭക്ഷ്യോൽപ്പാദനരംഗത്ത് നിന്നും നാണ്യവിളകളുടെ കൃഷിയിലേക്ക് കൃഷിക്കാർ മാറുന്നു. ചിലർ കൃഷിയിൽ നിന്നും പിന്മാറുന്നു. ഉല്പാദനം മുരടിച്ചമട്ടാണ്. മണ്ണിന്റെ ഉല്പാദനക്ഷമതയും കുറഞ്ഞത് പോലെ തോന്നുന്നു. റബ്ബർ തുടങ്ങിയ നാണ്യവിളകളുടെ ഉല്പാദനം കൂടിയെങ്കിലും അവയ്ക്കും വിപണന മേഖലയിൽ പ്രശ്നങ്ങൾ ഇടയ്ക്കിടെ ഉണ്ടാകുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം കൂടി. എന്നാൽ ഗുണനിലവാരം ഉയർന്നിട്ടില്ല. മാതൃഭാഷാപഠനം പുതിയ പ്രതിസന്ധികളെ നേരിടുന്നു.

ആരോഗ്യരംഗത്തും പുതിയ പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. പഴയ രോഗങ്ങൾ പലതും ഈ പഞ്ചായത്തിലും തിരിച്ചു വരുന്നു. പ്രധാനമായുംമലമ്പനി. 4 വർഷങ്ങൾക്കു മുമ്പ് ഈ പഞ്ചായത്തിൽ എയ്ഡ്സ് രോഗം ബാധിച്ചു ഒരാൾ മരിച്ചു. അത് അപകടസൂചനയാണ്. മഞ്ഞപ്പിത്തം, ഛർദി, അതിസാരം തുടങ്ങിയ രോഗങ്ങളും പഞ്ചായത്തിൽ കൂടെകൂടെ വ്യാപകമാകുന്നു.

പഞ്ചായത്തിലെ റോഡുകൾ ഏറെക്കുറെ എല്ലാം തന്നെ ടാർചെയ്താലെ ഗതാഗതം സുഗമമായി നടത്താൻ കഴിയുകയുള്ളൂ. രൂക്ഷമായ വൈദ്യുതി പ്രതിസന്ധിയിൽ ആണ് നമ്മുടെ പഞ്ചായത്ത്. കുടിവെള്ളക്ഷാമവും രൂക്ഷം തന്നെ. ലക്ഷം വീടു കോളനികളിലും പട്ടികജാതി കോളനികളിലും അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായി എത്തിയിട്ടില്ല.

ദാരിദ്ര്യരേഖക്ക് താഴെ ജീവിച്ചിരുന്നവരുടെ എണ്ണം വളരെ കൂടുതൽ ആണ്. തൊഴിലില്ലായ്മ ഭയാനകമായി വളർന്നു കൊണ്ടിരിക്കുന്നു.

കുറെക്കാലമായി നമ്മുടെ ഗ്രാമത്തിന്റെ അത്താണിയായി മാറിയിരുന്ന ഗൾഫ് പണത്തിന്റെ വരവ് കുറഞ്ഞിട്ടുണ്ട്. ലഭ്യമാകുന്ന പണം തന്നെ പ്രത്യുൽപ്പാദനപരമായ മേഖലകളിലേക്ക് തിരിച്ചു വിടാൻ കഴിയുന്നില്ല.

പുതിയ തൊഴിൽ മേഖലകളും തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുന്നില്ല.

ഇങ്ങനെ നിരവധി പുതിയ വെല്ലുവിളികൾ ഈ കാലഘട്ടത്തിൽ ഉയർന്നു വന്നിരിക്കുന്നു. ഈ വെല്ലുവിളികളെ അതി ജീവിക്കാതെ മുമ്പോട്ട് പോകാൻ ആവില്ല. സമ്പന്നമായ നമ്മുടെ ഭൂതകാലത്തിൽ നിന്നും സംപുഷ്ടവും വൈവിധ്യപൂർണ്ണവുമായ നമ്മുടെ സംസ്കാരത്തിൽ നിന്നും പ്രചോദനം നേടികൊണ്ടും അധികാര വികേന്ദ്രീകരണത്തിലൂടെ ത്രിതല പഞ്ചായത്തുകൾക്ക് ലഭിച്ചിട്ടുള്ള അധികാരങ്ങൾ പ്രയോജനപ്പെടുത്തികൊണ്ടും ഈ വെല്ലുവിളികളെ നേരിടാനുള്ള കർമ്മപദ്ധതികൾക്ക് രൂപം നൽകുകയെന്ന കർത്തവ്യമാണ് നാം ഇപ്പോൾ ഏറ്റെടുത്തിരിക്കുന്നത്. □

# പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ

## പഞ്ചായത്തിന്റെ കിടപ്പ്.

കൊല്ലം ജില്ലയുടെ തെക്ക് പടിഞ്ഞാറു ഭാഗത്ത് മലനാടിനും തീരപ്രദേശത്തിനും ഇടയിൽ. ഇടനാട്ടിൽ ചെറുകുന്നുകളും താഴ്വരകളും ഉൾപ്പെടുന്ന സസ്യശ്യാമളമായ ഗ്രാമപ്രദേശമാണ് വെളിനല്ലൂർ പഞ്ചായത്ത്. ഗ്രാമമാതാവിന്റെ പുടവക്കസവെന്നോണം, പഞ്ചായത്തിന്റെ തെക്കേ അതിരായി 14 കി.മീറ്റർ ഇത്തിക്കര ആറ് ഒഴുകുന്നു.

ഭൂഗോളത്തിൽ പഞ്ചായത്തിന്റെ സ്ഥാനം :

ഉത്തര അക്ഷാംശം 8° 49'52"നും 8° 54'7"നും പൂർവ്വരേഖാംശ 76° 45' 15" നും 76° 50' 45" നും മദ്ധ്യേ ആണ് പഞ്ചായത്ത് പ്രദേശത്തിന്റെ സ്ഥാനം

അതിർത്തി :

വടക്കും പടിഞ്ഞാറും പൂയപ്പള്ളി പഞ്ചായത്തും, കിഴക്ക് ഇളമ്മാട് പഞ്ചായത്തും തെക്ക് ഇത്തിക്കരയാറും ആണ് പഞ്ചായത്ത് അതിർത്തികൾ

പഞ്ചായത്തിൽ എത്താനുള്ള വഴികൾ :

നാഷണൽ ഹൈവേയിൽ ഇത്തിക്കര നിന്നും ആയൂർ റോഡുവഴിയും, പാരിപ്പള്ളിയിൽ നിന്നും പാരപ്പള്ളി വെളിനല്ലൂർ റോഡ് വഴിയും എം. സി. റോഡിൽ ആയൂർ നിന്ന് ഇത്തിക്കര റോഡു വഴിയും കൊട്ടാരക്കര നിന്ന് ഓയൂർ റോഡ് വഴിയും സഞ്ചരിച്ച് പഞ്ചായത്ത് ആസ്ഥാനത്ത് എത്തിച്ചേരാവുന്നതാണ്.

***ഭൂപ്രകൃതിയും വിഭവങ്ങളും :***

സമുദ്രനിരപ്പിൽ നിന്നുള്ള ഉയരക്രമവും ഭൂമിയുടെ കിടപ്പും അടിസ്ഥാനമാക്കി കേരളത്തെ മലനാട്,ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്ന് പ്രകൃതി വിഭാഗങ്ങളായി തിരിക്കാം. സമുദ്രനിരപ്പിൽ നിന്നും 8 മീറ്ററും, അതിനും താഴെയും വരുന്ന പ്രദേശങ്ങളെ തീരപ്രദേശമെന്നും 8 മീറ്റർ മുതൽ 75 മീറ്റർ വരെ ഉയരമുള്ള പ്രദേശങ്ങളെ ഇടനാട്, എന്നും 75 മീറ്ററിന് മുകളിൽ കിടക്കുന്ന പ്രദേശങ്ങളെ മലനാട് എന്നും കണക്കാക്കുന്നു.

വെളിനല്ലൂർ പഞ്ചായത്ത് ഇടനാട്ടിലാണ് സ്ഥിതി ചെയ്യുന്നത്. ഈ പഞ്ചായത്തിലെ ഏറ്റവും ഉയരം കുറഞ്ഞ പ്രദേശം സമുദ്ര നിരപ്പിൽ നിന്നും 20 മീറ്ററും ഏറ്റവും ഉയരം കൂടിയ പ്രദേശം 155 മീറ്ററും ഉയരത്തിൽ സ്ഥിതി ചെയ്യുന്നു.

ഭൂമിയുടെ കിടപ്പനുസരിച്ച് ഈ പഞ്ചായത്തിനെ മൂന്നായി തിരിക്കാം.

1. കുന്നിൻ നെറുക്
2. ചരിഞ്ഞ പ്രദേശം

3. താഴ്‌വര

ഭൂപ്രകൃതി പ്രകാരം വെളിനല്ലൂർ പഞ്ചായത്തിന്റെ ഉയർന്ന ഭാഗം കിഴക്ക് അതിരിനോട് ചേർന്ന ഭാഗങ്ങളാണ്. ഏറ്റവും താഴ്ന്ന ഭാഗം ഇത്തിക്കര ആറിനോട് ചേർന്ന് വരുന്ന പ്രദേശങ്ങളാണ്. പഞ്ചായത്തിന്റെ മൊത്തത്തിലുള്ള ചരിവ് വടക്ക് കിഴക്ക് നിന്ന് പടിഞ്ഞാറോട്ടായിട്ടാണ് കാണപ്പെടുന്നത്.

പഞ്ചായത്തിന്റെ പടിഞ്ഞാറ് പൊരിയക്കോട്ടു നിന്നും കിഴക്ക് ചെറിയ വെളിനല്ലൂർ വാർഡിലെ മലപ്പുറത്തേക്ക് നേർരേഖയിൽ സഞ്ചരിക്കുമ്പോൾ കാണുന്ന ഭൂപ്രകൃതി വിഭാഗങ്ങൾ ആണ് ചിത്രം ഒന്നിൽ കാണി- [illegible] ന്നത്

പഞ്ചായത്തിന്റെ വടക്ക് ചെറുവക്കൽ ഭാഗത്തു നിന്നും തെക്ക് ഇത്തിക്കര ആറ്റിലേക്ക് നേർവരയിൽ സഞ്ചരിക്കുമ്പോൾ കാണപ്പെടുന്ന ഭൂപ്രകൃതി വിഭാഗങ്ങളുടെ ഉയർച്ചയുടെയും താഴ്ചയുടെയും

| ക്രമനമ്പർ | ഭൂപ്രകൃതി വിഭാഗങ്ങൾ | വിസ്തീർണ്ണം (ഹെക്ടറിൽ) | ശതമാനം |
|---|---|---|---|
| 1. | കുന്നിൻ നെറുക് | 100 ഹെക്ടർ | 3.64 |
| 2. a. | $0^\circ$ മുതൽ $5^\circ$ വരെ ചരിവുള്ള പ്രദേശം | 1053 ഹെക്ടർ | 38.35 |
| b. | $5^\circ$ മുതൽ $10^\circ$ വരെ | 1223 ഹെക്ടർ | 44.53 |
| c. | $10^\circ$ മുതൽ $18^\circ$ വരെ | 145 ഹെക്ടർ | 5.28 |
| 3. | താഴ്‌വര | 225 ഹെക്ടർ | 8.20 |
| | ആകെ | 2746 | 100.00 |

*കുന്നിൻ നെറുക്*

പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 3.64 ശതമാനം കുന്നിൻ മുകൾ ഭാഗമാണ്. പഞ്ചായത്തിലെ പ്രധാനപ്പെട്ട കുന്നുകളുടെ വിവരം ചുവടെ കൊടുത്തിരിക്കുന്നു.

| ക്രമനമ്പർ | കുന്നിന്റെ പേര് | ഉയരം (മീറ്ററിൽ) |
|---|---|---|
| 1. | മലപ്പുറം കുന്ന് | 155 |
| 2. | നെടുവേലി | 100 |
| 3. | ചെറുവക്കൽ ഭാഗം | 93 |
| 4. | വാല്യംകുന്ന് | 116 |
| 5. | ചൊരിയക്കോട് | 100 |
| 6. | പതുപ്പള്ളിക്കുന്ന് | 110 |
| 7. | ചെങ്കൂർ | 110 |
| 8. | കരിയിലാഞ്ചിമുകൾ | 100 |

*ചരിവുകൾ*

ഈ പഞ്ചായത്തിന്റെ 88% ചരിവുള്ള പ്രദേശങ്ങൾ ആണ്. ചരിവുകളെ മൂന്നായി തരം തിരിക്കാം. $0^\circ$ മുതൽ $5^\circ$ വരെ ചരിവുള്ള പ്രദേശങ്ങൾ : വെളിനല്ലൂർ പഞ്ചായത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 38.35% വരും ആറ്റുതീരമാണ് പ്രധാനമായി ഇതിൽ വരിക. ആക്കൽ, വെളിനല്ലൂർ, കുഴിന്തടം തുടങ്ങിയ ഭാഗങ്ങൾ ഈ ചരിവിൽ പെടുന്നു.

*$5^\circ$ മുതൽ $10^\circ$ വരെ ചരിവുള്ള പ്രദേശം :*

മൊത്തം ഭൂ വിസ്തൃതിയുടെ 44.53 % ഈ ചരിവിൽ ആണ്. ഇവിടുത്തെ പ്രധാന വിളകൾ തെങ്ങും റബ്ബറും ആണ്. ഓർക്കോട്, കരിങ്ങന്നൂർ തുടങ്ങിയ പ്രദേശങ്ങൾ ഈ വിഭാഗത്തിൽ പെടും. ഇവിടെ ജനവാസം കൂടുതൽ ആണ്.

$10^\circ$ മുതൽ $18^\circ$ വരെ ചരിവുള്ള പ്രദേശം : പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 5.28% ഈ വിഭാഗത്തിൽ പെടുന്നു. ഭാഗികമായി ഈ വിഭാഗത്തിൽ

സ്ഥിതി ചെയ്യുന്ന പ്രദേശങ്ങൾ ആണ് ചെങ്കൂർ, നെടുവേലി തുടങ്ങിയ ഭാഗങ്ങൾ. പഞ്ചായത്തിലെ ജലക്ഷാമമുള്ള പ്രദേശങ്ങളുടെ കൂട്ടത്തിൽ ആണ് ഈ സ്ഥലങ്ങൾ

*താഴ്‌വര :*

വെളിനല്ലൂർ പഞ്ചായത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 8.20 % വരും. താഴ് വരകൾ നദീതട പ്രദേശങ്ങൾ ആണ്.

*നിമ്നോന്നത മേഖലകൾ :*

സമുദ്രനിരപ്പിൽ നിന്നുള്ള ഉയരത്തെ ആസ്പദമാക്കി വെളിനല്ലൂർ പഞ്ചായത്തിനെ ആറായി തരം തിരിക്കാം



| ക്രമനമ്പർ | നിമ്നോന്നത മേഖലകൾ | വിസ്തൃതി ഹെക്ടർ | ശതമാനം |
|---|---|---|---|
| 1. | 20 മീറ്ററിൽ താഴെ | 230 | 8.40 |
| 2. | 20 നും 40നു മധ്യേ | 432 | 15.73 |
| 3. | 40 നും 60 നു മധ്യേ | 784 | 28.55 |
| 4. | 60നും 80 നും മധ്യേ | 640 | 23.30 |
| 5. | 80നും 100നും മധ്യേ | 350 | 12.74 |
| 6. | 100 ന് മുകളിൽ | 310 | 11.28 |
| | ആകെ | 2746 | 100 |

20 മീറ്ററിന് താഴെയുള്ള പ്രദേശം :

ഇത്തിക്കര ആറിനോട് ചേർന്നു കിടക്കുന്ന ഭാഗങ്ങൾ ആണ് ഇത്. മൊത്തം വിസ്തൃതിയുടെ 230 ഹെക്ടർ സ്ഥലം വ്യാപിച്ചു കിടക്കുന്നു. 8.4% വരും

20നും 40 നും മധ്യേ:

പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 432 ഹെക്ടർ സ്ഥലം ഉൾകൊള്ളുന്നു. 15.73 % വരുന്ന ഈ പ്രദേശങ്ങൾ കരിങ്ങന്നൂർ തോടിന്റെ ഇരുവശങ്ങളും പെരുംപുറം, ഏണിയറ, അടയറ തോടുകളും സമീപപ്രദേശങ്ങളും ആണ്.

40നും 60 നും മദ്ധ്യേ :

പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 784 ഹെക്ടർ സ്ഥലം ഇതിൽപെടുന്നു. 28.55% വരുന്നുണ്ട്. ഭാഗികമായി ഓയൂർ, കരിങ്ങന്നൂർ നെടുവേലി ഈ സ്ഥലങ്ങൾ ഉൾപ്പെടുന്നു.

60നും 80 നും മധ്യേ :

സാമാന്യം ചരിവുള്ള ഈ പ്രദേശം ഭാഗികമായി ഉൾപ്പെടുന്ന പ്രധാന സ്ഥലങ്ങൾ മീയന, ചെങ്കൂർ എന്നിവയാണ്. മൊത്തം വിസ്തൃതിയുടെ 640 ഹെക്ടർ സ്ഥലം ഈ വിഭാഗത്തിൽപെടുന്നു. ഇത് 23.3 % വരും

80 നും 100 നും മധ്യേ :

മൊത്തം വിസ്തൃതിയുടെ 350 ഹെക്ടർ സ്ഥലം ഉൾപ്പെടുന്നു. 12.74% വരും. റബ്ബർ തോട്ടങ്ങളാണ് ഈ സ്ഥലങ്ങളിൽ കൂടതുലായി കാണപ്പെടുന്നത്.

100 ന് മുകളിൽ :

ആകെ വിസ്തൃതിയുടെ 11.28% വരുന്ന. 310 ഹെക്ടർ ഇതിൽപെടുന്നു. പ്രധാന കുന്നുകളെല്ലാം ഈ ഭാഗത്താണ് മലപ്പുറം കുന്ന്, ചെങ്കൂർ കുന്ന്, ചൊരിയക്കോട് കുന്ന് എന്നിവ ഉദാഹരണം. രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ ആണ്.

## മൺതരം

പഞ്ചായത്തിലെ മണ്ണിനെ പ്രധാനമായും രണ്ടായി തരം തിരിക്കാം

1. ലാറ്ററേറ്റ് മണ്ണ്
2. എക്കൽ മണ്ണ്

*ലാറ്ററേറ്റ് മണ്ണ് :*

പഞ്ചായത്തിലെ 80% ത്തോളം സ്ഥലങ്ങളിൽ ഈമണ്ണ് വ്യാപിച്ചു കിടക്കുന്നു. മഴയും വേനലും ഇടവിട്ട് അനുഭവപ്പെടുന്ന മൺസൂൺ കാലാവസ്ഥ പ്രദേശങ്ങളിൽ ആണ് ഈ മണ്ണ് കണ്ടു വരുന്നത്. ഇത്തരം കാലാവസ്ഥയിൽ ഏതു ശിലയും രസയനീയ അപക്ഷയത്തിന് വിധേയമായി വിഘടിച്ച് കാലക്രമത്തിൽ ചെമ്മണ്ണ് ആയി മാറുന്നു. ഇതിന്റെ രൂപീകരണ പ്രക്രിയയെ 'ലാറ്ററൈസേഷൻ' എന്നു പറുന്നു. ചെറിയ വെളിനല്ലൂരിലെ മലപ്പുറം, ചെങ്കൂർ, പതുപ്പള്ളിക്കോണം ചൊരിയക്കോട് എന്നീ പ്രദേശങ്ങളിൽ ഈ മണ്ണ് കാണുന്നുണ്ട്. ലാറ്ററൈസേഷൻ പൂർണ്ണമാ

കാത്ത സ്ഥലങ്ങളും പഞ്ചായത്തിൽ ഉണ്ട്.

*എക്കൽ മണ്ണ്*

പഞ്ചായത്തിലെ നെൽവയലുകളിൽ കാണപ്പെടുന്നു. ഈ മണ്ണിൽ കളി മണ്ണിന്റെ അംശം കൂടുതലും മണലിന്റെ അംശം കുറുവുമാണ്. വർഷ കാലങ്ങളിൽ കുന്നിൻ പുറങ്ങളിൽ നിന്നും ഒഴുകി വരുന്ന എക്കലും ധാതു ലവണങ്ങളും അടങ്ങിയ വെള്ളം നെൽവയലുകളിൽ ശേഖരിക്കുകയും അവ അവിടെ തന്നെ അടിഞ്ഞു കൂടുകയും ചെയ്യുന്നു. ഇങ്ങനെയാണ് ഇത്തരം മണ്ണുണ്ടാകുന്നത്. താരതമ്യേന ഫലപുഷ്ടി കൂടിയ ഇത്തരം മണ്ണ് ഇത്തിക്കര ആറ്റിന്റെ തീരത്തും കരിങ്ങന്നൂർ തോടിനോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലും കൂടുതലായി കാണപ്പെടുന്നു.

പൊതുവെ പഞ്ചായത്തിലെ മണ്ണിന്റെ PH 5.7 ആണ്. ഇത് അമ്ലഗുണത്തെ കാണിക്കുന്നു.

മണ്ണിലെ ഹൈഡ്രജൻ അയോണുകളുടെ ഗാഢതയാണ് മണ്ണിന്റെ PH എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. പദാർത്ഥം അമ്ലഗുണമുള്ളതോ, ക്ഷാരഗുണമുള്ളതോ എന്ന് നിശ്ചയിക്കുന്നത് ഹൈഡ്രജൻ അയോണുകളുടെ ഏറ്റക്കുറച്ചിൽ കണക്കിലെടുത്താണ്. മണ്ണിന്റെ PH നെ സ്വാധീനക്കുന്ന മറ്റൊരു ഘടകം കാർബൺ വ്യവസ്ഥയാണ്. മണ്ണിലെ ജൈവീയ കാർബണിന്റെ അളവ്, കാർബൺ ബൈ കാർബണേറ്റ് മറ്റ് ലോഹസംയുക്തങ്ങൾ ഇവയും PH നെ സ്വാധീനിക്കുന്നു. അനിയന്ത്രിതമായ രാസവളപ്രയോഗം മണ്ണിലെ PH കുറയുന്നതിന് കാരണമാകും. മണ്ണ് കൂടുതൽ അമ്ല ഗുണമുള്ളതായി തീരുകയും ചെയ്യും. ഓരോ കൃഷിക്കും അമ്ലക്ഷാരഗുണങ്ങൾ വ്യത്യസ്ഥമായിരിക്കും $PH^7$ എന്നാൽ അമ്ലക്ഷാരഗുണങ്ങൾ തുല്യമായ അവസ്ഥ എന്നർത്ഥം. ഈ അവസ്ഥയിൽ പദാർത്ഥം ക്ഷാരഗുണമോ അമ്ലഗുണമോ കാണിക്കുകയില്ല. ശുദ്ധജലത്തിന്റെ $PH^7$ ആണ്.

## ജലലഭ്യത

ഭൂപ്രകൃതിയും ജലലഭ്യതയും തമ്മിൽ അടുത്ത ബന്ധമാണുള്ളത്. താഴ്വരകളിലും ചരിവ് കുറഞ്ഞ പ്രദേശങ്ങളിലും വെള്ളം സുലഭമായി ലഭിക്കുന്നു. കുത്തനെ ചരിവുള്ള പ്രദേശങ്ങളിലും ഉയരം കൂടുതൽ ഉള്ള സ്ഥലങ്ങളിലും കടുത്ത ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്നു. നമുക്ക് ശരാശരി 2554 മി.മീ. മഴ ലഭിക്കുന്നുണ്ട്. ഭൂപ്രകൃതി അനുസരിച്ച് മൊത്തം വിസ്തൃതിയുടെ ഭൂരിഭാഗവും ചരിവുള്ള പ്രദേശങ്ങളാണ്. മലപ്പുറം, ഉഗ്രംകുന്ന്, ചെങ്കൂർ കാരയക്ക്ൽ ചൊരിയക്കൊട്, നെടുവേലി തുടങ്ങിയ പ്രദേശങ്ങളിലെ ചരിവുകൾ താരതമ്യേന കൂടുതൽ ആണ്. മഴവെള്ളം മണ്ണിലേക്ക് ഊർന്നിറങ്ങാതെ ചരിവുകളിലൂടെ താഴേക്ക് ഒഴുകുകയും അവിടെ നിന്ന് തോടുകളിലൂടെ ആറ്റിൽ എത്തുകയും ചെയ്യുന്നു. തന്മൂലം ഭൂഗർഭജലശേഖരത്തിലേക്ക് എത്തിചേരേണ്ട ജലം ഓരോ മഴക്കാലത്തും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതാണ് ജലക്ഷാമത്തിന്റെ അടിസ്ഥാനപരമായ കാരണം. മേയ് മാസത്തിൽ ജലക്ഷാമം ഏറ്റവും രൂക്ഷമാകുന്നു.

പഞ്ചായത്തിന്റെ തെക്കേ അതിരായി ഒഴുകുന്ന ഇത്തിക്കര ആറും കരിങ്ങന്നൂർ പെരുവന്തോട് എന്നീ തോടുകളും അവയുടെ ശാഖാ തോടുകളും ആണ് പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സുകൾ

*പഞ്ചായത്തിലെ വറ്റാത്ത ഉറവകൾ*

1. ഊറ്റുകുഴി
2. തണ്ണീർകുടി
3. പുലിക്കുടി
4. അണ്ടൂർകോണം

*പഞ്ചായത്തിലെ പ്രധാന പൊതു കുളങ്ങൾ*

| | | |
|---|---|---|
| 1. | ഓയൂർചിറ | കാളവയൽ |
| 2. | നെടുമാങ്കോട് ചിറ | ഓയൂർ |
| 3. | വിരലൂർ കോണം ചിറ | കാളവയൽ |
| 4. | അടയറചിറ | ഉഗ്രംകുന്ന് |
| 5. | കരിങ്ങന്നൂർ ചിറ | കരിങ്ങന്നൂർ |
| 6. | പതുപ്പള്ളിക്കോണം ചിറ | നെടുവേലി |
| 7. | തെറ്റിക്കാട് ചിറ | മീയന |
| 8. | നെട്ടയം ചിറ | മീയന |
| 9. | ആറ്റൂർകോണം ചിറ | ആറ്റൂർകോണം |
| 10. | കട്ടേനിൽ ചിറ | ആക്കൽ |

## നീർമറി (Water Shed) വിഭാഗങ്ങൾ

ഏക ജലനിർഗ്ഗമന മാർഗ്ഗം മാത്രമുള്ള നിശ്ചിത ജലശേഖരണ വ്യാപ്ത മേഖലയെ ഒരു നീർമറി പ്രദേശമായി കാണുന്നു. നീർമറി പ്രദേശ ആസൂത്രണമെന്ന് പറഞ്ഞാൽ കേവലം സ്ഥലജല സംരക്ഷണ പ്രവർത്തനങ്ങൾ മാത്രമല്ല. ഇതിന്റെ ഊന്നൽ ഭൂമിയുടെയും ജലസ്രോതസ്സുകളുടെയും,

സസ്യസമ്പത്തിന്റെയും സംയോജിതമായ ആസൂത്രണത്തിനുള്ള സമീപനം രൂപപ്പെടുത്തിന്ന ുതിലാണ്.







കരിങ്ങന്നൂർ നീർമറി പ്രദേശ ചിത്രങ്ങൾ

1. വെളിനല്ലൂർ പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 40% ഉൾക്കൊള്ളാവുന്ന കരിങ്ങന്നൂർ തോടിന്റെ വൃഷ്ടിപ്രദേശം 1200 ഹെക്ടർ വരും. സ്ഥിരമായി വെള്ളം ലഭിക്കുന്ന 7.കി.മീ നോടും ഇതിന്റെ കൈവഴികളായി മഴക്കാലത്ത് മാത്രം വെള്ളം ലഭ്യമാകുന്ന 12 കി.മീ തോടും ഉണ്ട്. ഇവ ഉൾപ്പെടുന്ന നീർമറി പ്രദേശമാണ് കരിങ്ങന്നൂർ നീർമറി പ്രദേശം എന്ന പേരിൽ അറിയപ്പെടുന്നത്. കരിങ്ങന്നൂർ, നെടുവേലി വട്ടപ്പാറ, ഭാഗികമായി ചെങ്കൂർ, മീയന, ചെറിയ വെളിനല്ലൂർ ആറ്റൂർ കോണം ആക്കൽ ഉഗ്രംകുന്ന ഓയൂർ എന്നീ വാർഡുകൾ ഈ നീർമറി പ്രദേശത്ത് ഉൾപ്പെടുന്നു. കാളവയൽ പൂർണ്ണമായും നീർമറിക്ക് വെളിയിൽ ആണ്. ( ഈ നീർമറി പ്രദേശത്തെ വികസന പദ്ധതികളുടെ അവലോകനം കൃഷിയും അനുബന്ധമേഖലകളും എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2. മൈലോട് – ഇളവാം കോണം – വെളിയം തോടിനെ കേന്ദ്രീകരിച്ച് നിലവിലുള്ള വെളിയം നീർമറി പദ്ധതിയിൽ നമ്മുടെ പഞ്ചായത്തിലെ മീയന വാർഡിന്റെ ഭാഗങ്ങളും ഉൾപ്പെടുന്നു.

3. വെളിനല്ലൂർ പഞ്ചായത്തിലെ ചണ്ണപ്പറമ്പ് എന്ന സ്ഥലത്ത് നിന്നും ആരംഭിച്ച്, വെളിനല്ലൂർ എളമാട് പഞ്ചായത്തുകളെ വേർതിരിക്കുന്ന അതിരായി ഏകദേശം പത്ത് കി. മീറ്റർ ഒഴുകി മമ്പുഴ വച്ച് ഇത്തിക്കരയാറ്റിൽ പതിക്കുന്ന തോടാണ് പെരുവന്തോട് . ഈ തോടിന്റെ വൃഷ്ടിപ്രദേശം ഭാഗികമായി വെളിനല്ലൂർ പഞ്ചായത്തിലെ ചെറിയ വെളിനല്ലൂർ ആക്കൽ, ആറ്റൂർകോണം, എളമാട് പഞ്ചായത്തിലെ കരിമല, തെരുവിൽ ഭാഗം, കോരമംഗലം, തേവൻകോട്, പെരുവന്തോട് തുടങ്ങിയ പ്രദേശങ്ങളുമാണ്. വിശാലമായ ഈ വൃഷ്ടി പ്രദേശം കേന്ദ്രീകരിച്ച് നാളിതുവരെ നീർമറി വികസന പദ്ധതി ആവിഷ്കരിച്ചിട്ടില്ല.

4. കാളവയൽ വാർഡ് പൂർണ്ണമായും ഇത്തിക്കര ആറിന്റെ വൃഷ്ടിപ്രദേശമാണ്. ആറ് കേന്ദ്രമാക്കി നീർമറി വികസനപദ്ധതി ഉണ്ടാകുന്നത് വെളിനല്ലൂർ, കല്ലുവാതുക്കൽ പഞ്ചായത്തുകൾക്ക് ഗുണപ്രദമാകും.

5. നമ്മുടെ പഞ്ചായത്തിലെ മുളയറച്ചാൽ മുളയറക്കോണം തോടുകളുടെ വൃഷ്ടിപ്രദേശവും എളമ്മാട് പഞ്ചായത്തിലെ ചെറുവക്കൽ മേഖലയിലെ തോടുകളുടെ വൃഷ്ടിപ്രദേശങ്ങളും ചേർത്ത് ഒരു നീർമറി വികസന പദ്ധതി രൂപീകരിക്കാവുന്നതാണ്.

കരിങ്ങന്നൂർ, വെളിയം നീർമറി പ്രദേശങ്ങൾ ഒഴിച്ചാൽ മറ്റ് നീർമറി പ്രദേശങ്ങളെ ആധാരമാക്കി ഒരു വിധ പഠനങ്ങളും നടന്നിട്ടില്ല.

## പൊതു ഭൂവിനിയോഗം :

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 2746 ഹെക്ടർ ആണ്. പഞ്ചായത്തിന്റെ പ്രധാന നാണ്യവിളകൾ റബ്ബറും തെങ്ങുമാണ്. 26.47% മിശ്രിത

വിളകൾ ആണ് കൃഷി ചെയ്യുന്നത്. ഇതിൽ പ്രധാനമായും വാഴ, കുരുമുളക്, പയർ വർഗ്ഗങ്ങൾ, മരച്ചീനി കമുക് തുടങ്ങിയവ ഉൾപ്പെടുന്നു. ഭൂവിസ്തൃതിയുടെ 31.13 % സ്ഥലത്ത് കൃഷി ചെയ്യുന്ന റബ്ബർ ആണ് പഞ്ചായത്തിലെ മുഖ്യകൃഷി.

## കാലാവസ്ഥ

വൈവിധ്യമാർന്ന ഭൂ പ്രകൃതി, മണ്ണ്, എന്നിവ പോലെ തന്നെ തികച്ചും വൈവിധ്യമാർന്ന കാലാവസ്ഥയും ഇവിടെ അനുഭവപ്പെടുന്നു. ഓരോ പ്രദേശത്തിന്റെയും സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം, മഴയുടെ അളവ്, മൺതരം, ഭൂപ്രകൃതി എന്നീ നാലു ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി കാർഷിക കാലാവസ്ഥാമേഖലകളെയും വിളരീതികളെയും കുറിച്ച് പഠിക്കുന്നതിന് നിയുക്തമായ സമിതി കേരളത്തെ 13 കാർഷിക കാലാവസ്ഥമേഖലകളാക്കി തിരിച്ചിട്ടുണ്ട്. അതിൽ 'തെക്കൻ ഇടനാട്ട് മേഖല' (Southern Midland Zone) യിൽ ആണ് വെളിനല്ലൂർ പഞ്ചായത്ത്. ഈ മേഖലയിലെ പ്രധാന വിളകൾ നെല്ല്, തെങ്ങ്, മരച്ചീനി, കമുക് തുടങ്ങിയവയാണ്.

'ദേശീയ കാർഷിക ഗവേഷണപദ്ധതി' യിൽ പരിസ്ഥിതി പരമായ ഘടകങ്ങളെ ആസ്പദമാക്കി കേരളത്തെ 5 മേഖലകളാക്കി തിരിച്ചതിൽ നമ്മുടെ പഞ്ചായത്ത് 'തെക്കൻ മേഖലയിൽ' ഉൾപ്പെടുത്തിയിരിക്കുന്നു.

ഇവിടെ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് തെക്ക് പടിഞ്ഞാറൻ കാലവർഷക്കാറ്റിൽ (ഇടവപ്പാതി) നിന്നാണ്. ശരാശരി പെയ്യുന്ന മഴയുടെ 75% ജൂൺ, ജൂലൈ ആഗസ്റ്റ് എന്നീ മാസങ്ങളിൽ ലഭിക്കുന്നു. ശരാശരി ഇവിടെ ലഭിക്കുന്ന മഴ 2554 മി.മീറ്റർ ആണ്. സംസ്ഥാന ശരാശരിയെക്കാൾ 500 മി.മീറ്റർ കുറവാണ് ഇത്. 1975 മുതൽ 1993 വരെ ഇവിടെ ലഭിച്ച മഴയുടെ അളവ് പരിശോധിച്ചാൽ ഏറ്റവും കൂടുതൽ മഴ ലഭിച്ചത് 1979-80 വർഷങ്ങളിൽ ആണ്. ഇത് 4750. മി.മീറ്റർ ഏറ്റവും കുറവ് 1982-83-ൽ ഇത് 897 മി. മീറ്റർ

വാർഷിക വർഷപാതം 1975 - 1993 വരെ (മി. മീറ്റർ)

| 1975-'76 | 1976-'77 | 1977-'78 | 1978-'79 | 1979-'80 | 1980-'81 | 1981-'82 | 1982-'83 | 1983-'84 | 1984-'85 | 1985-'86 | 1986-'87 | 1987-'88 | 1988-'89 | 1989-'90 | 1990-'91 | 1991-'92 | 1992-'93 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 2354 | 2594 | 2637 | 2839 | 4750 | 3958 | 2634 | 897 | 2197 | 2059 | 913 | ലഭ്യമല്ല | 1163 | 2337 | 2559 | 2745 | 2430 | 3265 |

1993 -ൽ ലഭിച്ച മഴയുടെ അളവ്

| മാസം | Jan | Feb | Mar | Apr | May | Jun | Jul | Aug | Sept | Oct | Nov | Dec |
|---|---|---|---|---|---|---|---|---|---|---|---|---|
| ശരാശരി മഴ | 0 | 50.3 | 49.1 | 158.6 | 179.8 | 571 | 587.3 | 204.7 | 162.3 | 477.3 | 368 | 91.6 |



1994 -ൽ അനുഭവപ്പെട്ട കൂടിയതും കുറഞ്ഞതുമായ താപനിലയുടെ അളവ് (ഡിഗ്രി. സെൽഷ്യസ്)

| മാസം | Jan | Feb | Mar | Apr | May | Jun | Jul | Aug | Sept | Oct | Nov | Dec |
|---|---|---|---|---|---|---|---|---|---|---|---|---|
| കൂടിയത് | 34.0 | 35.9 | 37.1 | 35.4 | 33.6 | 30.7 | 30.3 | 30.6 | 32.7 | 31.9 | 32.4 | 34.2 |
| കുറഞ്ഞത് | 19.6 | 20.4 | 22 | 23.7 | 23.7 | 23.4 | 22.3 | 23.1 | 22.9 | 22.8 | 22.5 | 21.6 |



1994 -ൽ ശരാശരി അനുഭവപ്പെട്ട ആപേക്ഷിക ആർദ്രത കാണിക്കുന്ന പട്ടിക (സമയം രാവിലെ 8.30നും വൈകുന്നേരം 5.30നും)

| മാസം | Jan | Feb | Mar | Apr | May | Jun | Jul | Aug | Sept | Oct | Nov | Dec |
|---|---|---|---|---|---|---|---|---|---|---|---|---|
| 8.30 | 90 | 92 | 92 | 91 | 88 | 94 | 95 | 95 | 93 | 93 | 91 | 88 |
| 17.30 | 60 | 61 | 51 | 69 | 70 | 79 | 82 | 78 | 69 | 82 | 71 | 59 |



1994-ൽ അനുഭവപ്പെട്ട ആപേക്ഷിക ആർദ്രത കാണിക്കുന്ന പട്ടിക (സമയം രാവിലെ 8.30 നും വൈകുന്നേരം - 5.39 നും)

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ താപനില അനുഭവപ്പെടുന്നത് മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ആണ്- 37.1 - 0 35.4 -0 ഡിഗ്രി സെൽഷ്യസ്

ഈ മാസങ്ങളിലെ കുറഞ്ഞ ഊഷ്മാവ് 22 -0-23-7-0 ഡിഗ്രി സെൽഷ്യസ് ആണ്

ആർദ്രത :

വായുവിലുള്ള നീരാവിയുടെ അളവാണ് ആർദ്രത. ആർദ്രത ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന മാസങ്ങൾ ജൂലൈ, ആഗസ്റ്റ്, ഇവ യഥാക്രമം 94 %വും 95 % വും ആണ്. (കാലത്ത് 8.30 നും വൈകിട്ട് 5.30 നും ആണ് സാധാരണ അളക്കാറുള്ളത് )

## പരിസ്ഥിതി പ്രശ്നങ്ങൾ

പഞ്ചായത്തിൽ പൊതുവെ കാണപ്പെടുന്ന പരിസ്ഥിതി പ്രശ്നങ്ങളിൽ മുഖ്യം മണൽവാരൽ, മണ്ണൊലിപ്പ കൂട്ടത്തോടെയുള്ള മരം മുറിപ്പ് പാറപൊട്ടിക്കൽ എന്നിവയാണ്.

ഇത്തിക്കര ആറ്റിൽ നിന്നും അതി രൂക്ഷമായി മണൽവാരുന്നതു മൂലം ആറ്റിലെ ജലവിതാനം കുറയുന്നു. കിണറുകളിലും ജലനിരപ്പ് താഴുന്നു. കര ഇടിഞ്ഞ് തകരുന്നു.

വൃക്ഷങ്ങൾ കൂട്ടമായി മുറിച്ചു മാറ്റുക, ആവരണ സസ്യങ്ങൾ ഇല്ലാതിരിക്കുക, ശരിയായ മണ്ണ് സംരക്ഷണ പണികൾ നടത്താതിരിക്കുക തുടങ്ങിയവയാണ് മണ്ണൊലിപ്പിന്റെ പ്രധാന കാരണങ്ങൾ. ചെറിയ വെളിനല്ലൂർ, മലപ്പുറം കാരയ്ക്കൽ, കാളവയൽ, നെടുവേലി, ചെങ്കൂർ, ആറ്റൂർകോണം, ആക്കൽ പ്രദേശങ്ങളിൽ മണ്ണൊലിപ്പ് കൂടുതൽ അനുഭവപ്പെടുന്നു. ഇവിടങ്ങളിലെ ജലക്ഷാമത്തിന് ഒരു കാരണം ഈ മണ്ണൊലിപ്പ് ആണ്. ആവശ്യമായ മണ്ണ് ഇല്ലാത്ത സാഹചര്യത്തിൽ ജലസംഭരണം അസാദ്ധ്യമാണ്. കുന്നിൻ ചരിവുകളിൽ ബണ്ടുകൾ നിർമ്മിക്കുകയും ചെറിയ കുഴികൾ എടുത്ത് മഴക്കാലത്ത് ജലം സംഭരിക്കുകയും ചെയ്താൽ ഒരു പരിധി വരെ ജലക്ഷാമത്തിൽ നിന്ന് രക്ഷ നേടാവുന്ന താണ്.

സാധ്യമാകുന്ന എല്ലാ സ്ഥലങ്ങളിലും മരങ്ങൾ വച്ചു പിടിപ്പിക്കാൻ കഴിയണം.

പാറപൊട്ടിക്കലിന് നിയന്ത്രണം വേണം.

## ജൈവസമ്പത്ത്

പഞ്ചായത്തിൽ കടുവ, പുലി, തുടങ്ങിയ വന്യമൃഗങ്ങൾ ഇല്ല.

കുറ്റിക്കാടുകളിൽ മുയൽ, കുറുക്കൻ, കീരി തുടങ്ങിയ ജന്തുക്കൾ അപൂർവ്വമായി ജീവിക്കുന്നു. അണ്ണാൻ സർവ്വസാധാരണമായി കാണുന്നു. കാക്ക, കൊക്ക്, പരുന്ത്, നത്ത്, കാക്കത്തമ്പുരാട്ടി, മരം കൊത്തി, പൊന്തൻ തത്തമ്മ, പച്ചക്കിളി, പ്രാവ്, കരിയിലക്കിളി ഉപ്പൻ വണ്ണാത്തിപ്പുള്ള് , വാവൽ തുടങ്ങിയ പക്ഷികൾ പഞ്ചായത്ത് പ്രദേശത്ത് ധാരാളമായി കാണപ്പെടുന്നു.

ഇഴജന്തുക്കളും കുറവല്ല. ചേര, തവള തുടങ്ങിയ ജന്തുക്കളുടെ എണ്ണം കുറയുന്നത് മൂല മാകാം എലികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്.

കാള, പശു, പോത്ത്, എരുമ, ആട് പട്ടി, പൂച്ച എന്നിവകളാണ് പ്രധാന വളർത്തു മൃഗങ്ങൾ.വളർത്ത് മൃഗങ്ങളുടെയും വളർത്തു പക്ഷികളുടെയും കണക്ക് അന്യത്ര കൊടുത്തിട്ടുണ്ട്.

അപൂർവ്വ ഔഷധ സസ്യങ്ങളായ അമൽപ്പൊരി, ആടപൊതിയൻ, ശതാവരി, നറുനീണ്ടി, കൂവളം, മാതളം ആടലോടകം, കറ്റാർവാഴ, കുടപ്പാല തുടങ്ങിയവ പഞ്ചായത്ത് പ്രദേശത്ത് ലഭ്യമാണ്. പലതും വീടുകളിൽ നട്ടുവളർത്തുന്നു. കുറുന്തോട്ടി സുലഭമായി വളരുന്നുണ്ട്

# മനുഷ്യവിഭവം

മനുഷ്യവിഭവം കൊണ്ട് സമ്പന്നമാണ് പഞ്ചായത്ത്.

1991-ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 24293 ആണ്. 11982 പുരുഷന്മാരും 12311 സ്ത്രീകളും. 329 സ്ത്രീകൾ കൂടുതൽ. 1981-ൽ ജനസംഖ്യ 22420 ആയിരുന്നു വർദ്ധനവ് 1873 (8.3%) ജനസംഖ്യാ വർദ്ധനവ് ജില്ലയുടേത് 8.27% വും സംസ്ഥാനത്തിന്റേത് 14.32% വും ആണ്. പഞ്ചായത്തിലെ ജനസാന്ദ്രതക ച.കി.മീറ്ററിന് 885 ജില്ലയുടേത് 967 ഉം സംസ്ഥാനത്തിന്റേത് 740 ഉം ആണ്. ഈ സ്ഥിതി വിവരക്കണക്ക് സൂചിപ്പിക്കുന്നത് പഞ്ചായത്തിലെ ജനസംഖ്യാവർദ്ധനവും ജില്ലയുടെ ശരാശരി വർദ്ധനവിന് തുല്യവും സംസ്ഥാന വർദ്ധനവിനേക്കാൾ കുറവും ആണെന്നാണ്. കുടുംബക്ഷേമ പദ്ധതികൾ ജനങ്ങൾ അംഗീകരിച്ചിട്ടുള്ളതാണ്. ജനസംഖ്യാ വർദ്ധനവ് നിയന്ത്രിക്കപ്പെട്ടതിന്റെ പ്രധാന കാരണം. റബ്ബർ തോട്ടങ്ങൾ കൂടുതൽ ഉള്ള ഒരു പഞ്ചായത്താണ് വെളിനല്ലൂർ. ജനസാന്ദ്രത കുറയാൻ ഇതും ഒരു കാരണമാണ്. ഇക്കാര്യത്തിൽ സംസ്ഥാന ജനസാന്ദ്രതയേക്കാൾ കൂടുതൽ ആണ് വെളിനല്ലൂരിലെ ജനസാന്ദ്രത.

ജനസംഖ്യാ വിവരം(1991- സെൻസസ്)

| കുടുംബങ്ങളുടെ എണ്ണം | ജനസംഖ്യാവിവരം | | | 6 വയസ്സിൽ താഴെയുള്ള കുട്ടികൾ | | | പട്ടികജാതി ജനസംഖ്യ | | | വിദ്യാഭ്യാസ നിലവാരം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 4957 | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| | 11982 | 12311 | 24293 | 1581 | 1511 | 3092 | 1298 | 1329 | 2627 | 9673 | 9080 | 18753 |

91-ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ 9673 പുരുഷന്മാരും 9080 സ്ത്രീകളും ഉൾപ്പടെ 18753 സാക്ഷരർ ഉണ്ട്. 6 വയസ്സിൽ താഴെയുള്ള കുട്ടികൾ 3092 പേർ ആണ്. ഇവരെ ഒഴിവാക്കിയാൽ പഞ്ചായത്തിലെ സാക്ഷരത 87.4 % ആണ്.

പഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ 91-ലെ സെൻസസ് റിപ്പോർട്ട് പ്രകാരം 2627 ആണ്. 1298 പുരുഷന്മാരും 1329 സ്ത്രീകളും.

കൃഷിക്കാർ, കർഷകത്തൊഴിലാളികൾ, കാലിവളർത്തലുകാർ. ടാപ്പിംഗ് തൊഴിലാളികൾ മണൽ, പാറതൊഴിലാളികൾ, കശുഅണ്ടി, ചുടുകട്ട, നെയ്ത്ത് തയ്യൽ തൊഴിലാളികൾ ഗൃഹോപകര നിർമ്മാണത്തൊഴിലാളികള്, കയറ്റിയിറക്കു തൊഴിലാളികൾ, വ്യാപാരി വ്യവസായ എന്നിങ്ങനെ തൊഴിൽ അടിസ്ഥാനത്തിൽ ജനങ്ങളെ തിരിക്കാവുന്നതാണ്.

വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെയും തൊഴിലില്ലാത്തവരുടെയും വിവരങ്ങൾ

| കൃഷിക്കാർ | | | കർഷകതൊഴിലാളികൾ | | | കാലിവളർത്തൽ/ടാപ്പിംഗ് ജോലിക്കാർ | | | മണൽ / നിർമ്മാണം | | | വീട്ടുപകരണ നിർമ്മാണം | | | കശുവണ്ടി/ചൂടുകട്ട/നെയ്ത്ത്/ തയ്യൽ തുടങ്ങിയവ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1745 | 71 | 1816 | 1748 | 396 | 2144 | ·166 | 16 | 182 | 159 | 74 | 233 | 33 | 18 | 51 | 366 | 1007 | 1373 |

| വ്യവസായം /വ്യാപാരം നടത്തുന്നവർ | | | കയറ്റിയിറക്ക്/ചുമട് തൊഴിൽക്കാർ | | | മറ്റു തൊഴിലുകൾ | | | ഭാഗികമായി തൊഴിലുള്ളവർ | | | തൊഴിൽ ഇല്ലാത്തവർ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 351 | 252 | 603 | 193 | 8 | 201 | 526 | 284 | 810 | 410 | 528 | 938 | 4592 | 9193 | 13785 |

സ്ഥിരം തൊഴിലുള്ളവർ

| | |
|---|---|
| പുരുഷൻ | 5399 |
| സ്ത്രീ | 1079 |
| ആകെ | 6478 |

തൊഴിൽ പങ്കാളിത്തം

| തൊഴിൽ മേഖല | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| കർഷകർ | 1745 | 71 | 1816 |
| കർഷകതൊഴിലാളി | 1748 | 396 | 2144 |
| മൃഗസംരക്ഷണം | 166 | 16 | 182 |
| മണൽ, പാറനിർമ്മാ-ണത്തൊഴിലാളികൾ | 159 | 74 | 233 |
| വീട്ടുപകരണങ്ങൾ നിർമ്മാണം | 33 | 18 | 51 |
| കശുഅണ്ടിതൊഴിലാളി, നെയ്ത്, തയ്യൽ തുടങ്ങിയവ | 366 | 1007 | 1373 |
| വ്യവസായം/വ്യാപാരം | 351 | 252 | 603 |
| കയറ്റിയിറക്ക്, ചുമട് എടുപ്പ് തുടങ്ങിയ തൊഴിലുകൾ | 193 | 8 | 201 |
| വിവിധ തൊഴിലുകൾ | 526 | 284 | 810 |
| ആകെ | 5287 | 2126 | 7413 |

മുകളിൽ കൊടുത്തിട്ടുള്ള സ്ഥിതി വിവരകണക്കുകളിൽ നിന്നും നമ്മുടെ പഞ്ചായത്തിലെ വിവിധ തൊഴിൽ മേഖലകളിലെ ഇന്നത്തെ അവസ്ഥ സാമാന്യമായി മനസ്സിലാക്കാവുന്നതാണ്.

പുരുഷന്മാരിൽ 51% തൊഴിൽ ചെയ്യുമ്പോൾ സ്ത്രീകളിൽ 20% മാത്രമാണ് ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്നത്. പണിയെടുക്കുന്ന സ്ത്രീകളിൽ 47.4% കശുഅണ്ടി, തയ്യൽ, നെയ്ത്ത് മേഖലകളിൽ ആണ്. നമ്മുടെ പഞ്ചായത്തിലെ കശു അണ്ടി ഫാക്ടറികൾ സൃഷ്ടിക്കുന്ന തൊഴിൽ ദിനങ്ങൾ വളരെ കുറവാകയാൽ ഈ മേഖലയിലെ തൊഴിലാളികൾക്ക് ഭാഗികമായി മാത്രമേ തൊഴിൽ കിട്ടുന്നുള്ളു. സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ അടക്കം സ്ഥിരം തൊഴിലുള്ളവർ 6478 പേർ ആണ്. ഇതിൽ സ്ത്രീകൾ 1079 പേർ മാത്രം. ഭാഗികമായി തൊഴിലുള്ളവർ 938 പേർ ആണ്. സെൻസസ് റിപ്പോർട്ട് പ്രകാരം 4592 പുരുഷന്മാരും 9193 സ്ത്രീകളും ഉൾപ്പെടെ 13785 പേർക്ക് തൊഴിൽ ഇല്ല. ഇതിൽ അഭ്യസ്ഥ്യ വിദ്യരും ഉൾപ്പെടുന്നു. ഈ കണക്കുകൾ വെളിപ്പെ ടു ത്തുന്നത് നമ്മുടെ മനുഷ്യവിഭവത്തിന്റെ 75% പ്രയോ ജനപ്പെടുത്താൻ പര്യാപ്തമായ തൊഴിൽ മേഖലകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്നാണ്. അതുകൊണ്ട് അതിരൂക്ഷമായ തൊഴിലില്ലായ്മയാണ് ഈ പഞ്ചായ ത്തിൽ ഇന്നുള്ളത്. തൊഴിലില്ലായ്മ ഉയർത്തുന്ന ഈ വെല്ലുവിളി നാം ഏറ്റെടുത്തേ മതിയാകു. ❑

# വികസന മേഖലകൾ

വികസനമേഖലകളെ മൂന്നായി തരം തിരിക്കാം

1.കൃഷി, ജലസേചനം, മൃഗസംരംക്ഷണം, മത്സ്യം വളർത്തൽ, ഇവ ഉൾക്കൊള്ളുന്ന പ്രഥമ മേഖല

2. വ്യവസായം, ഊർജ്ജം, പാർപ്പിടം, ഇത്യാദിവിഷയങ്ങൾ ഉൾക്കൊള്ളുന്ന ദ്വിതീയ മേഖല

3. ആരോഗ്യം, വിദ്യാഭ്യാസം,സംസ്കാരം, പട്ടികജാതി പട്ടിക വർഗ്ഗക്ഷേമം,സാമൂഹ്യക്ഷേമം , സഹകരണം വിഭവസമാഹരണം, വനം തുടങ്ങിയവ ഉൾകൊള്ളുന്ന ത്രിതീയ മേഖല

ഈ ഓരോ മേഖലയിലും സമീപകാലത്ത് വന്നിട്ടുള്ള മാറ്റങ്ങൾ, ഇന്നത്തെ നില, ഇവയെ കുറിച്ചുള്ള വിവരണവും, വിശകലനവും ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നതോ;പൂർത്തീകരിച്ചതോ ആ വികസന സ്കീമുകളെ കുറിച്ചുള്ള റിവ്യൂ, വികസന പ്രശ്നങ്ങൾ,പരിഹാരങ്ങളും സാധ്യതകളും ഇവയൊക്കെയാണ് തുടർന്ന് ഈ റിപ്പോർട്ടിൽ വിലയിരുത്തുന്നത്.

## പ്രാഥമിക മേഖല

## ♦കൃഷിയും ജലസേചനവും♦

വെളിനല്ലൂർ പഞ്ചായത്ത് കൃഷിയുടെ കാര്യത്തിൽ വലിയ പാരമ്പര്യം അവകാശപ്പെടാൻ കഴിയാത്ത ഒരു പഞ്ചായത്താണ്. അര നൂറ്റാണ്ടു മുമ്പുള്ള വെളിനല്ലൂർ പഞ്ചായത്ത് പ്രദേശമാകെ ഒന്നു പരിശോധിച്ചാൽ മലമ്പ്രദേശങ്ങളും കുറ്റിക്കാടുകളും നിറഞ്ഞ ഏറിയ കുറും നിലം തെങ്ങു വ്യാപകമായുള്ള കുന്നുകളുടെ ഒരു നിരയാണ് കാണാൻ കഴിയുക. ബാല്യാം കുന്ന്, കരീലാഞ്ചിമോള്, മൂന്നാം മോള് പള്ളിക്കുന്ന് ആക്കൽകുന്ന്, മലപ്പുറം, പൊരിയക്കോട് പോലുള്ള കുന്നകളുടെ നിര. 504 പോലുള്ള കുറ്റികാടുകൾ നിറഞ്ഞ പ്രദേശങ്ങൾ പുളിമ്പാറയും കുണ്ടയത്ത് മുഴിപ്പാറയും ഉൾപ്പെടുന്ന ഒറ്റക്കും കൂട്ടായുമുള്ള പാറക്കെട്ടുകൾ ഇതിന്റെയൊക്കെ താഴ് വാരങ്ങളിൽ വെട്ടിയെടുത്ത നിലവും കരക്ക് കുറെ തെങ്ങും അങ്ങിങ്ങു കുളെ വീടുകളും അതായിരുന്നു ചിത്രം. ഒര് അര നൂറ്റാണ്ടു കൂടി അപ്പുറത്തോട്ടു പോയാൽ അടുത്തകാലത്തു "റോസ് മലയിലും" മറ്റും ആലുകൾ ഭൂമി വളഞ്ഞു കൃഷി ചെയ്തു സ്വന്തമാക്കി യതു പോലെ നമ്മുടെ വില്ലേജിലെ കൂടുതൽ പ്രദേശവും പുതുതായി വെട്ടിത്തെളിച്ചിട്ടുള്ളതായി കാണാം. ഈ കടന്നുകയറ്റം പടിഞ്ഞാറു നിന്ന് കിഴക്കോട്ടാണ് ഉണ്ടായിട്ടുള്ളത്. വില്ലേജിന്റെ കിഴക്കേ അറ്റത്തുണ്ടായിരുന്ന "തെരുവിൻ ഭാഗം" വനത്തിന് വേണ്ടി സർക്കാര് നിർമ്മിച്ച ഫോറസ്റ്റ് ആഫീസാണ് ഇന്നത്തെ നമ്മുടെ ഓയൂർ ഹെൽത്ത് സെന്റർ. ഇതിൽ നിന്നും ഓയൂരിന് കിഴക്കും തെരുവിൻ ഭാഗം വനത്തിന് പടിഞ്ഞാറുമായി അന്നു ഒരു സർക്കാരാഫീസ് പ്രവർത്തിക്കാൻ സൗകര്യമില്ലാ യിരുന്നു എന്നു ഊഹിക്കാവുന്നതാണ്.

ഇത്തരത്തിലുള്ള നമ്മുടെ പഞ്ചായത്തിന്റെ

കാർഷികാഭിവൃദ്ധിക്ക് പ്രചോദനമേകിയത് വെളിനല്ലൂർ മണൽപ്പുറ വ്യാപാരവും കാളവയൽ ചന്തയുമായിരുന്നു. ഒരു വർഷത്തേക്കാവശ്യമായ വീട്ടു സാധനങ്ങൾ ശേഖരിക്കാനും കാച്ചില്, ചെറുവള്ളികിഴങ്ങ്, ചേമ്പ് തുടങ്ങിയവയുടെ വിത്തുകൾ വാങ്ങാനും വിൽക്കാനും മണൽ വാണിഭം സഹായിച്ചിരുന്നു. കാളച്ചന്ത കാലികളെ മാറ്റി വാങ്ങാനും പുതിയ ഇനങ്ങൾ "തെക്കൻ" " പാണ്ടി" ''വടക്കൻ'' എന്നിവ തെരഞ്ഞെടുക്കാനും സഹായിച്ചിട്ടുണ്ട്. നമ്മുടെ വില്ലേജിന് കാർഷികരംഗത്ത് കൂടുതൽ പാരമ്പര്യം അവകാശപ്പെടാൻ ഇല്ലെങ്കിൽ പോലും 'മണലിൽ കച്ചവടവും കാളവയൽ വാണിഭവും നമ്മുടെ മാത്രമല്ല പരിസര പ്രദേശങ്ങളിലാകെ കൃഷിക്കും ജീവിത സാഹചര്യങ്ങളുടെ അഭിവൃദ്ധിക്കും സഹായകമാ യിട്ടുണ്ട്. വെളിനല്ലൂർ അമ്പലത്തിൽ ഉത്സവത്തിന് കതിര്, കാള കെട്ടി ഒരു തരം പേട്ടതുള്ളൾ നടതതിയി രുന്നത് ഏരുമേലിയിൽ മലക്കറി കെട്ടി അയ്യപ്പന്മാർ പേട്ട തുള്ളുന്നത് ഓർമ്മിപ്പിക്കുന്ന കാര്യമാണ വെളിനല്ലൂർ കാളവയലിലേക്ക് വരുന്ന കാളക്കൂട്ടം ഇളമാട് അമ്പലം, ചെറിയ വെളിനല്ലൂർകാവ്, കരിങ്ങന്നൂർ ചാവരുകാവ് എന്നിവിടങ്ങളിൽ താവളമടിച്ച് വ്യാപാരം നടത്തി വന്നത് വെറും യാദൃശ്ചികമാണെന്ന് കരുതാനാവില്ല.

കാലം ചെല്ലുന്തോറും കൃഷിയിലും സാരമായ മാറ്റമാണുണ്ടായി കൊണ്ടിരിക്കുന്നത്. ആക്കൽ എസ്റ്റേറ്റ്, മലപ്പുറത്തെ ക്രിസ്ത്യൻ വിഭാഗത്തി ന്റെ ആഗമനം എന്നിവ നമ്മുടെ കാർഷിക പുരോഗ തിക്കു പ്രചേദനമായിട്ടുണ്ട്. എന്നാൽ ഭൂപരിഷ്കരണ നിയമം പഞ്ചായത്തിലെ ഭൂ ഉടമാ ബന്ധത്തിന് കാര്യമായ മാറ്റം വരുത്തിയിട്ടില്ല.

കൈവശ ഭൂമിയുടെ വിവരം

| | | |
|---|---|---|
| I | ഒരു ഹെക്ടറിന് താഴെ (നാമമാത്ര കർഷകർ) | 4500 |
| II | 1 മുതൽ 2 ഹെക്ടർ വരെ (ചെറുകിട കർഷകർ) | 955 |
| III | 2 ഹെക്ടറിന് മുകളിൽ (വൻകിടികർഷകർ) | 104 |
| | ആകെ | 5559 |

പ്രധാന വിളകളുടെ വിസ്തീർണ്ണം

| ക്രമ നമ്പർ | ഇനം | വിസ്തീർണ്ണം (ഹെക്ടറിൽ) | ആകെയുള്ളതിന്റെ % |
|---|---|---|---|
| 1. | നെല്ല് | 240 | 8.73 |
| 2. | തെങ്ങ് | 689 | 25.09 |
| 3. | റബ്ബർ | 855 | 31.13 |
| 4. | കുരുമുളക് | 212 | 7.71 |
| 5. | പയർ വർഗ്ഗങ്ങൾ | 155 | 5.64 |
| 6. | മരച്ചീനി | 120 | 4.40 |
| 7. | പച്ചക്കറി | 48 | 1.74 |
| 8. | വാഴയും മറ്റുള്ളവയും | 192 | 7.00 |

## നെല്ല് :

ആദ്യകാല കൃഷിയിൽ നമുക്കും പ്രധാനം നെല്ലായിരുന്നു. തെങ്ങുമുണ്ടായിരുന്നു. വെള്ളേപ്പേൻ ഓലാംകൂട് മെടഞ്ഞ് മാടന് കൊടുക്കണെങ്കിൽ നെല്ലും തെങ്ങുമില്ലാതെ ഒക്കുകയില്ലല്ലോ. ചാക്കരി ചോറുണ്ണന്നാനായിരുന്നില്ല നാടനരിയുടെ കഞ്ഞിവെള്ളം കുടിക്കുന്നതായിരുന്നു നമ്മുടെ കാരണവന്മാർക്കിഷ്ടം. അന്നത്തെ പ്രധാന കുടുംബങ്ങളിൽ പോലും ഉച്ചക്ക് പുഴുക്കും കഞ്ഞിയുമായിരുന്നു മുഖ്യം. ഇടവപ്പാതി കാലത്ത് പറങ്കിയണ്ടി ചുട്ടുതല്ലി കൊട്ടത്തേങ്ങയും ചേർത്ത് തിന്ന കാര്യം പറഞ്ഞാൽ ഇന്നും വലിയ കാരണവന്മാർക്ക് വായിൽ വെള്ളമൂറും. അൽപ്പം നെയ്യിട്ട കരുപ്പട്ടിക്കാപ്പി കൂടി കിട്ടിയാൽ വിഭവം പൂർത്തിയാകും.

നിലങ്ങളിലാണ് നെല്ല് ഇപ്പോൾ പ്രധാനമായും കൃഷി ചെയ്യുന്നത് മുൻപ് കരയിലും നെൽകൃഷി ഉണ്ടായിരുന്നു. ഇരുപ്പു നിലങ്ങളാണ് നമ്മുടെ പഞ്ചായത്തിലുള്ളത് നിലത്തിന്റെ വിസ്തീർണ്ണം കുറഞ്ഞു കൊണ്ടിരിക്കുന്നതായി കാണാം. ഇപ്പോൾ 240 ഹെക്ടർ നിലം മാത്രമാണ് നമുക്കുള്ളത്. കഴിഞ്ഞ വർഷത്തെ ഒന്നാം വിളക്ക് 532000 കിലോഗ്രാം നെല്ലും രണ്ടാം വിളക്ക് 540000 കിലോഗ്രാം നെല്ലുമാണ് ഉഇൽപ്പാദിപ്പിക്കാൻ കഴിഞ്ഞത്. ഉല്പാദനക്ഷമത ഹെക്ടറിന് യഥാക്രമം 2217 കിലോഗ്രാമും 2250 കിലോഗ്രാമുമാണെന്ന് കാണാം. ഉല്പാദന ക്ഷമത വളരെ കുറവാണ്. ഇതു വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് ഗൗരവമായി പരിശോധിക്കേണ്ടതാണ്. മൂന്നാം കൃഷിക്ക്

ആവശ്യമായ ജലമെത്തിക്കാൻ കഴിഞ്ഞാൽ നെല്ല് ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയുമെന്നു മാത്രമല്ല പച്ചക്കറി, പയർ തുടങ്ങിയവ കൃഷി ചെയ്യാനും കൃഷിക്കാരന് ആദായം വർദ്ധിപ്പിക്കാനും കഴിയും.

## തെങ്ങ് :

തെങ്ങ് കല്പവൃക്ഷമാണ്. രാമായണ ഭാരതാദികളിൽ പരമർശമുള്ള തെങ്ങ് സ്വർഗ്ഗത്തിൽ നിന്നും വീണതാണെന്നാണ് പറയുന്നത്. ഉടലോടെ സ്വർഗ്ഗത്തു ചെന്ന ത്രിശങ്കുവിനെ ഇന്ദ്രൻ പുറത്താക്കി. വിശ്വാമിത്രൻ പുതിയ സ്വർഗ്ഗം നിർമ്മിച്ചുകൊടുത്തു. ത്രിശങ്കുസ്വർഗ്ഗം. എന്നാൽ ശിവൻ ത്രിശങ്കുവിനെ തെങ്ങിന്റെ രൂപത്തിൽ സ്വർഗ്ഗത്തിലേക്കയച്ചു. അവിടുത്തെ ബഹളത്തിൽ തെങ്ങ് അടർന്ന് ഭൂമിയിൽ പതിച്ചു. ഇതാണ് തെങ്ങിന്റെ ഉല്പത്തിയെപ്പറ്റിയുള്ള ഒരു കഥ. മറ്റൊന്ന് ഈ ദേവദാരു പരശുരാമൻ കൊണ്ടുവന്നതാണെന്നും കേരമെന്ന് വാക്കിൽ നിന്നാണ് കേരളമെന്ന പേരുണ്ടായതെന്നുമാണ്.

നമ്മോട് ഇതുമാത്രം അടുപ്പമുള്ള ദേവദാരു അമേരിക്കൻ ഉഷ്ണമേഖലാ പ്രദേശങ്ങളിൽ നിന്ന് പസഫിക്കിലെത്തിയാതെണെന്നും അഭിപ്രായുമുണ്ട്. തെക്കൻ ഏഷ്യയിലോ പെസഫിക്കിലോ ആണ് തെങ്ങിന്റെ ഉൽഭവമെന്നും അവിടെ നിന്നും അമേരിക്കയിലെത്തിയാതെണെന്ന് ഉള്ളതും പ്രബലമായ സിദ്ധാന്തമാണ്. മലേഷ്യയിൽ നിന്നും സമുദ്രത്തിലെ ഒഴുക്കിൽ ഇന്ത്യൻ തീരത്തെത്തി വ്യാപിച്ചതാണെന്ന് കരുതുന്നവരുണ്ട്. ഇതെല്ലാം കഥയില്ലാത്ത കഥകളാണെന്ന് ചിലർ പറയും. .യഥാർത്ഥ കഥാകഥനം സാദ്ധ്യമാവുകയില്ല. തെങ്ങില്ലാതിരുന്ന കേരളത്തെപ്പറ്റിയുള്ള അറിവ് നമുക്കില്ല.

നെല്ലിനോടൊപ്പമൊ അതിൽ കൂടുതലോ പ്രാധാന്യമുണ്ടായിരുന്ന തെങ്ങ് വെളിനല്ലൂർ പഞ്ചായത്തിലും ഇന്ന് പ്രതിസന്ധി നേരിടുകയാണ്. തെങ്ങ് രോഗം വ്യാപകമായി കൊണ്ടിരിക്കുന്നു. ഈ റിപ്പോർട്ട് അവതരിപ്പിക്കുന്ന ഈ സമയത്ത്

തെങ്ങ് കൃഷി സംബന്ധിച്ചുള്ള വിവരങ്ങൾ

| വാർഡ് | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | തെങ്ങ് കൃഷി വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിങ്ങ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 75 | 3750 | 11250 | 15000 | 1050 | 300 | 75 | 15 | 500 | 1940 |
| 2 | 78 | 4000 | 12000 | 16000 | 2150 | 320 | 80 | 20 | 525 | 3095 |
| 3 | 89 | 450 | 13500 | 18000 | 1800 | 360 | 90 | 40 | 475 | 2765 |
| 4 | 86 | 4500 | 14000 | 18500 | 2755 | 370 | 95 | 60 | 500 | 3800 |
| 5 | 93 | 11000 | 12000 | 19000 | 3000 | 380 | 95 | 18 | 450 | 3948 |
| 6 | 55 | 3000 | 8000 | 11000 | 2750 | 220 | 55 | 25 | 95 | 3145 |
| 7 | 45 | 2900 | 6500 | 9000 | 1750 | 180 | 45 | 15 | 90 | 2080 |
| 8 | 35 | 2000 | 5000 | 7000 | 900 | 180 | 35 | 15 | 40 | 1170 |
| 9 | 43 | 2250 | 6250 | 8500 | 850 | 170 | 45 | 18 | 100 | 1183 |
| 10 | 50 | 2500 | 7500 | 1000 | 1000 | 200 | 55 | 15 | 110 | 1380 |
| 11 | 40 | 1500 | 6500 | 8000 | 800 | 160 | 40 | 12 | 85 | 1097 |
| | 689 | 34500 | 105500 | 140000 | 18845 | 2640 | 710 | 253 | 2970 | 25598 |

നാളീകേരവില ആകർഷകമാണ്. എന്നാൽ 4 മാസം കഴിയുമ്പോൾ ഈ വില എന്തുമാത്രം താണുപോകുമെന്ന് പറയാനാവില്ല. നമ്മുടെ പഞ്ചായത്തിൽ 689 ഹെക്ടർ സ്ഥലത്ത് 140000 തെങ്ങ് കൃഷി ചെയ്തിരിക്കുന്നത്. ഇതിൽ 105500 തെങ്ങ് കായ്ക്കുന്നതാണ്. ഒരാണ്ടിൽ 4386000 നാളീകേരം ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഉല്പാദന ക്ഷമത 41 ആണ്. (തെങ്ങ് കൃഷി സംബന്ധിച്ച പട്ടിക നോക്കുക)

## കശുമാവ് :

തെക്കേ അമേരിക്കയാണ് ഇതിന്റെ ഉദ്ഭവസ്ഥാനം. തെക്കേ ഇന്ത്യയിലാണ് ഇതിന്റെ കൃഷിയും വ്യവസായവും വളർച്ച പ്രാപിച്ചിരിക്കുന്നത്. പറങ്കിയണ്ടി ഇവിടെത്തിച്ചത് പോർട്ട്ഗീസുകാർ ആണെന്ന് പറയേണ്ട കാര്യമില്ല. നാനൂറ് വർഷം മുമ്പാണത്. ഇന്നു കോടിക്കണക്കിന് വിദേശ നാണ്യം നേടിത്തരുന്നതാണ് കശുവണ്ടിപ്പരിപ്പ്.

കേരളത്തിൽ കശുവണ്ടി പ്രധാനം കൊല്ലം ജില്ലയിലാണ്. ഉല്പാദനം കൂടുതൽ മലബാറിലാണ്. ഒരു പരമ്പരാഗത വ്യവസായമായി കശുവണ്ടിയെപ്പറ്റി പറയാറുണ്ടെങ്കിലും വലിയ പാരമ്പര്യമൊന്നും അതിനില്ലെന്ന് നമുക്കറിയാം. 1925 ൽപിയേർസ് ലസ് ആന്റ് കമ്പനിയാണ് ഒരു ഫാക്ടറി സ്ഥാപിച്ചത്. തുടർന്ന് ഫാക്ടറികളുടെ ഒരു വേലിയേറ്റം തന്നെയുണ്ടായി 240-ൽ അധികം ഫാക്ടറികൾ. അംഗീകരിക്കപ്പെട്ടവരും അല്ലാത്തവരുമായി രണ്ടുലക്ഷത്തിലധികം തൊഴിലാളികളും ഉണ്ട്. ഫലം തോട്ടണ്ടി ഇറക്കുമതി ചെയ്യാതെ വ്യവസായം നിലനിൽക്കില്ലെന്ന് സ്ഥിതിയായ്. ഇപ്പോൾ ഇവിടുള്ള കശുവണ്ടി മുതലാളിമാർ തമിഴ് നാട്ടിലേക്ക് ഈ വ്യവസായം കുറെ മാറ്റിയതോടെ കശുവണ്ടി രംഗത്തു തൊഴിലില്ലായ്മ ഏറ്റവും രൂക്ഷമായിരിക്കുന്നു. കശുവണ്ടിയുടെ ഇറക്കുമതിയുണ്ടായ സ്ഥലങ്ങളിലും വ്യവസായം സ്തംഭിച്ച മട്ടിലായിരിക്കുകയാണ്. കശുവണ്ടി കൃഷിയെപ്പറ്റി ആലോചിക്കുമ്പോൾ ഈ ചുറ്റുപാട് കണക്കിലെടുക്കേണ്ടതാണ്. ഉല്പന്നത്തിന് ന്യായവില ഉറപ്പാക്കുന്നതിലൂടെ കശുമാവ് കൃഷി വികസിപ്പിച്ചാൽ രണ്ടു ലക്ഷത്തോളം വരുന്ന തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങളും വർദ്ധിപ്പിക്കാൻ കഴിയും. ദ്വിമുഖ ഗുണഫലം. പക്ഷേ കൃഷി ഡിപ്പാർട്ട്മെന്റിൽ നിന്ന് നല്ല തൈയും ആവശ്യമായ വളവും കൃഷി ചെലവും സബ്സിഡിയായി നൽകിയേ ഈ കൃഷി വികസിപ്പിക്കാനാവൂ. അത്തരം പ്രോത്സാഹനമുണ്ടായാൽ ഇന്നു തരിശായി കിടക്കുന്ന തുണ്ടു പ്രദേശങ്ങളിലും റോഡ് പുറംപോക്കുകളിലും പഞ്ചായത്ത് റോഡുകളിൽ തന്നെ ചോലമരങ്ങളായും കശുമാവ് കൃഷി ചെയ്യാൻ കഴിയും.

## റബ്ബർ:

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ ഏറ്റവും കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുന്നത് റബ്ബറാണ്. പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 31.13 % അതായത് 855 ഹെക്ടർ സ്ഥലത്ത് റബറാണ്. അത്യുൽപാദനശേഷിയുള്ള റബർ തൈകളുടെ വിതരണം, കൃഷിക്കുള്ള പ്രോത്സാഹനം, രോഗങ്ങൾക്ക് പ്രതിവിധി, പ്രചരണം തുടങ്ങിയവ റബ്ബർ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഫലപ്രദമായി നടപ്പാക്കുന്നു. ഇതു മൂലം ഉല്പാദനവും ഉല്പാദനക്ഷമതയും കൂടുതലാണ്. മറ്റേതൊരു കൃഷിയിൽ നിന്നും ലഭിക്കുന്ന ആദായത്തേക്കാൾ കൂടുതൽ ആദായം റബ്ബർ കൃഷിയിൽ നിന്നും ലഭിക്കുന്നതും, റബ്ബർ കൃഷി വ്യാപിക്കാൻ ഇടയായിട്ടുണ്ട്.

## മരച്ചീനി :

വ്യാപകമായി കൃഷി ചെയ്തിരുന്ന ഒരു വിള ആയിരുന്നു മരച്ചീനി. മരച്ചീനിയും മീനും അതിപ്രധാനമായിരുന്നെങ്കിൽ ഇന്ന് മീനേയുള്ളു ചീനിയില്ല. മുൻകാലങ്ങളിൽ മരച്ചീനി കൃഷി ചെയ്തിരുന്ന സ്ഥലത്തെല്ലാം ഇപ്പോൾ റബ്ബർ വച്ചു പിടിപ്പിച്ചിരിക്കുകയാണ്. എന്നാലും 120 ഹെക്ടർ സ്ഥലത്ത് മരച്ചീനി കൃഷിയുണ്ട്. അത്യുൽപ്പാദന ശേഷിയുള്ള മരച്ചീനി കമ്പും ശാസ്ത്രീയ കൃഷി രീതിയിലൂടെയും മാത്രമേ ഉല്പാദനം വർദ്ധപ്പിക്കൻ സാദ്ധ്യതയുള്ളൂ.

## കുരുമുളക് :

നമ്മുടെ പഞ്ചായത്തിൽ 212 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷി ചെയ്തിട്ടുണ്ട്. ഈ കൃഷിയുടെ വികസനത്തെ ലക്ഷ്യമാക്കി അത്യുൽപ്പാദന ശേഷിയുള്ള തൈകൾ കൃഷിഭവൻ മുഖാന്തിരം വിതരണം നടത്തുന്നുണ്ട്. ചെറിയ കുരുമുളക് തോട്ടങ്ങൾ തന്നെ പഞ്ചായത്തിലുണ്ട്. ശാസ്ത്രീയ വളപ്രയോഗവും ജലസേചനവും യഥാവസരം നടത്തിയാൽ ഉല്പാദനക്ഷമതയും ഉല്പാദനവും വർദ്ധിപ്പിക്കാൻ കഴിയും.

## പഴ വർഗ്ഗങ്ങൾ:

വാഴപ്പഴം, മാങ്ങ, ചക്ക, കൈതച്ചക്ക, ശീമച്ചക്ക തുടങ്ങിയവ ഉല്പാദിപ്പിക്കാൻ അനുകൂല സാഹചര്യമാണ് നമ്മുടെ പഞ്ചായത്തിനുള്ളത്. പച്ചക്കറിയുടെ കമ്പോളത്തിൽ ഇതും ഉൾപ്പെടുത്തിയാൽ കൃഷി വളരെ വേഗം വികസിക്കും. ഇന്ന് നാട്ടുമ്പുറങ്ങളിൽ ഉല്പാദിപ്പിക്കപ്പെടുന്ന പഴവർഗ്ഗങ്ങൾക്ക് ന്യായവില ലഭിക്കുന്നതു തന്നെ കൃഷിക്കാർക്ക് ആശ്വാസകരമായിരിക്കും.

## പയർ :

പയർ കൃഷി ഏറെക്കുറെ ഇന്നുണ്ട്. കൃഷി സമയത്തു വിത്തു സുലഭമാണെങ്കിൽ കൃഷി വ്യാപകമായി നടക്കും. മുതിര, എള്ള്, കൂരവ് തുടങ്ങിയവയുടെ വിത്തുകൾ കൃഷി ഭവനിലൂടെ വിതരണം ചെയ്യാനുള്ളസംവിധാനമുണ്ടാകണം. ഇതിൽ മുതിരകൃഷി വർദ്ധിപ്പിക്കുന്നത് കാലി വളർത്തലിന് അനുപേക്ഷണീയമാണ്. കാലികൾക്കു കൊഴുപ്പും മിനുസവുമുണ്ടാകാൻ മുതിര തന്നെ വേണം. വയ്ക്കോലിന് തീ വിലയാണിന്ന് മുതരി ദീർഘനാളു സൂക്ഷിക്കാനും ആവശ്യത്തിനു കാലികൾക്ക് കൊടുക്കാനും കഴിയും. ചോളം, അഥവാ കമ്പം കാലികൾക്ക് കരിമ്പാണ്. വിളവെടുത്ത ശേഷം തണ്ടു നുറുക്കിയിട്ടു കൊടുത്താലും മതിയാകും. ഉണങ്ങാതിരുന്നാൽ മതി.

മഞ്ഞൾ, ഇഞ്ചി, കച്ചോലം തുടങ്ങിയവ ചെറിയ തോതിൽ എല്ലാവർക്കും ഇടവിളയായി കൃഷി ചെയ്യാവുന്നതാണ്. പ്ലാവ്, മാവ് കശുമാവ് തുടങ്ങിയവയുടെ ചുവട്ടിലെ ചോലയിൽ തന്നെ കൃഷിചെയ്യാവുന്നതാണ് മഞ്ഞൾ.

കൃഷിക്കു പറ്റാത്ത ഒഴിഞ്ഞ സ്ഥലങ്ങളുണ്ടെങ്കിൽ വിറകിനും പച്ചിലക്കും തടിക്കുമായി വൃക്ഷം നട്ടുപിടിപ്പിക്കുന്നത് ഗുണകരമാണ്. തേക്ക് തുടങ്ങിയവ നട്ടു പിടിപ്പിക്കുന്നതിന് അത്തരം സ്ഥലങ്ങളാണ് വേണ്ടത്.

## ജലസേചനം :

കൃഷിക്കേ പരമപ്രധാനമായ ഒരു ഘടകമാണ് ജലം. എത്രകണ്ട് കൂടുതൽ ജലം ലഭ്യമാക്കാൻ കഴിയുന്നുവോ അത്ര കണ്ട് കാർഷികോല്പാദനം വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്. പാടങ്ങൾക്ക് തലക്കുളങ്ങളോ അഥവാ സൗകര്യമായ സ്ഥലങ്ങളിൽ കുളങ്ങളോ നിർമ്മിക്കുന്നതോടൊപ്പം തന്നെ തോടുകളിൽ തട അണ നിർമ്മിച്ചും ജലസേചന സൗകര്യം ഉണ്ടാക്കാൻ കഴിയുന്നതാണ്. കരിങ്ങന്നൂർ നീർമറി പദ്ധതിയിൽ തന്നെയുള്ള 14 ചെറുതോടുകൾ കരിങ്ങന്നൂർ തോട്ടിൽ ചേരുന്ന സ്ഥലങ്ങളിലെല്ലാം തട അണക്ക് പ്രാധാന്യമുണ്ട്.

വെളിനല്ലൂർ അമ്പലത്തിന് തെക്കു മലഞ്ചുഴി എന്ന ഭാഗത്തുള്ള ആറ്റിലെ തട അണ മൂലം നല്ലൊരു ജലസംഭരണി ഉണ്ടായിട്ടുണ്ട്. അവിടെ ഉയർന്ന തോതിലുള്ള പമ്പ് സ്ഥാപിച്ചാൽ 50 ഹെക്ടറിലധിക നിലത്തിന് ജലസേചനം നടത്താനും വലിയ തോതിൽ പച്ചക്കറി കൃഷി നടത്താനും കഴിയുന്നതാണ്. പെരുവന്തോട് മമ്പുഴ ഏലായുടെ മദ്ധ്യഭാഗത്ത് ചെളിക്കുവേണ്ടി മണ്ണെടുത്ത ഭാഗം വറ്റാത്ത ഒരു കുളമായി കിടക്കുകയാണ്. ഇതു ഒരു വലിയ ചിറയാക്കി രൂപപ്പെടുത്താവുന്നതാണ്.

ചെറുതോടുകളിൽ തട അണക്കെട്ടിയും ആറ്റിൽ ചെക്കു ഡാമുകൾ നിർമ്മിച്ചും ജലസംഭരണികളുണ്ടാക്കുകയും ഉയർന്ന പ്രദേശങ്ങളിൽ ടാങ്ക് നിർമ്മിച്ച് ജലസംഭരണികളിൽ നിന്നും ടാങ്കിലേക്ക് വെള്ളം പമ്പുചെയ്യാവുന്നതുമാണ്. പ്രസ്തുത തടാകങ്ങളിൽ നിന്നും ആവശ്യാനുസരണം ജലസേചനം നടത്തി ജലസേചന സൗകര്യം വർദ്ധിപ്പിക്കാവുന്നതാണ്.

## കരിങ്ങന്നൂർ നിർമറി വികസന പദ്ധതിയുടെ അവലോകനം

പശ്ചിമ ഘട്ട വികസന പദ്ധതിയിൽപ്പെടുത്തി Go Rt N0. 516/90 plg തീയതി 5-12-90 ഉത്തരവ് പ്രകാരം ആണ് കരിങ്ങന്നൂർ നീർമറി വികസന പദ്ധതിയുടെ അംഗീകാരം ലഭിച്ചത്. കരിങ്ങന്നൂർ തോടിന്റെ വൃഷ്ടി മേഖലയായ 1200 ഹെക്ടർ സ്ഥലത്ത് ആണ് ഈ സമഗ്ര കാർഷിക വികസന പദ്ധതി 1991-ൽ ആരംഭിക്കുന്നത്.

1991-'92. 92-'93, 93-'94 94-'95 എന്നീ നാല് വർഷങ്ങളിലായി വികസന പദ്ധതികൾ നടപ്പിലാക്കുകയായിരുന്നു ലക്ഷ്യം. മണ്ണ് സംരംക്ഷണം, ജല സംരംക്ഷണം, കാർഷിക വികസനം, ക്ഷീര വികസനം, മൃഗസംരക്ഷണം, കോഴി വളർത്തൽ, സാമൂഹ്യവന വൽക്രണം ഇവയായിരുന്നു മുഖ്യ വികസന പ്രവർത്തനങ്ങൾ.

ഈ വികസന പ്രവർത്തനങ്ങൾക്ക് അനുവദിക്കപ്പെട്ട തുകയുടെ വിവരം അടിയിൽ കൊടുക്കുന്നു.

| | |
|---|---|
| 1991–92 | 2506675.00 |
| 192–93 | 2206678.00 |
| 1993–94 | 2206675.00 |
| 1994–95 | 2206675.— |
| ആകെ | 9126700.00 |
| മറ്റു ചെലവുകൾക്ക് 10% | 912670 .00 |
| ആകെ | 100,40000.00 |

ഇതിൽ 6784600 രൂപാ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് മാത്രമാണ് നീക്കി വച്ചിരുന്നത്. ശേഷിക്കുന്ന തുകയാണ് ഇതര വികസന പ്രവർത്തനങ്ങൾക്ക് നീക്കി വച്ചിരുന്നത്. 1994–95 ൽ ലക്ഷ്യം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ രണ്ട് വർഷത്തേക്ക് കൂടി ഈ പദ്ധതി നീട്ടുകയാണുണ്ടായത്. 95–96ൽ പൂർത്തീകരിച്ച് ജോലി വിവരം അടിയിൽ കൊടുക്കുന്നു

| | | |
|---|---|---|
| മണ്ണ് സംരംക്ഷ പ്രവർത്തനങ്ങൾ | 5.20 | ലക്ഷം രൂപ |
| കൃഷി വികസനം – | 2.00 | " |
| ചെറുകിട ജലസേചനം | 3.32 | " |
| ക്ഷീര വികസനം, മൃഗപരിപാലനം | 2.06 | " |
| സാമൂഹ്യവനവൽക്രണം | 0.50 | " |
| ആകെ | 13. 08 | " |

996–97ൽ പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെ വിവരമാണ് അടിയിൽ കൊടുത്തിരിക്കുന്നത്

1. 50 ഹെക്ടർ സ്ഥലത്ത് വിവിധ തരം മണ്ണ് സംരംക്ഷണ പ്രവർത്തനങ്ങൾ

*2. കൃഷി വികസനം*

| | |
|---|---|
| സങ്കരയിനം തെങ്ങിൻ തൈകൾ | 900 |
| കമുങ്ങിൻ തൈകൾ | 5000 |
| ഏത്തവാഴക്കന്ന് | 3000 |
| പൈൻ ആപ്പിൾസക്കർ | 2000 |
| വിത്തുകൾ (പാക്കറ്റ് ) | 1000 |
| കിണർ | 20 |
| പമ്പുകൾ | 23 |
| രാസവളം | 10000 കി.ഗ്രാം |

*3. ചെറുകിട ജലസേചനം*

തെറ്റിക്കാട് മുതൽ ഇടപ്പണ വരെയുള്ള ഏലാകളുടെ സംരക്ഷണ പണികൾ

*4. ക്ഷീരവികസനം മൃഗപരിപാലനം*

തൊഴുത്ത് – 33 കറവപ്പശു 300

പുൽകൃഷി – 3 ഹെക്ടർ സ്ഥലത്ത്

*5. സാമൂഹ്യ വന വൽക്കരണം*

നെല്ലി, പേര, മാവ് പറങ്കിമാവ്, പുളി ഇവയുടെ നേഴ്സറി ഉണ്ടാക്കി തൈകൾ വിതരണം ചെയ്യൽ

*6.പാരമ്പര്യേതര ഊർജ്ജ പദ്ധതി നടപ്പാക്കൽ*

പുകയില്ലാത്ത അടുപ്പ് 87 സൂര്യ റാന്തൽ – 10

1996–97 ലെ ലക്ഷ്യം പൂർത്തീകരിക്കാൻ കഴിഞ്ഞാലും 1991–ൽ പദ്ധതി വിഭാവനം ചെയ്ത കരിങ്ങന്നൂർ നീർമറി പ്രദേശത്തിന്റെ സമഗ്രവികസനം പൂർത്തീകരിക്കപ്പെടുകയില്ല. മണ്ണ് സംരംക്ഷണ പ്രവർത്തനങ്ങൾ ഇനിയും പൂർത്തീകരിക്കാൻ ഏറെയുണ്ട്. ഈ വർഷം തുടർന്നുള്ള മാസങ്ങളിൽ ഈ പ്രവൃത്തി നടത്താൻ കാലാവസ്ഥ അനുകൂലമല്ല. 12 കുളങ്ങൾ പരുതുതായി നിർമ്മിക്കാൻ 1991ൽ തീരുമാനിച്ചിരുന്നു. ഇതിൽ 3 എണ്ണം മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്. ക്രോസ് ബാറുകളും ആവശ്യാനുസരണം നിർമ്മിതമായിട്ടില്ല കരിങ്ങന്നൂർ ചിറയിൽ നിന്നും പുതിയിം എലായിലേക്ക് ജലനിർഗ്ഗമന സൗകര്യം നിർമ്മിക്കാൻ 1995–96–ൽ തുക കൊള്ളിച്ചിരുന്നു. പക്ഷേ പ്രസ്തുത ജോലി ആ വർഷം ഏറ്റെടുത്തില്ല. പുൽ കൃഷി വികസനം, സാമൂഹ്യ വനവൽക്കരണം ഇവയും ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടില്ല. കാലിത്തൊഴുത്തുകൾ, കറവുമാടുകൾ ഇവ വഭിക്കാൻ അർഹരായവർ വാട്ടർ ഷെഡ്ഡ് മേഖലയിൽ ഇനിയും ശേഷിക്കുന്നു. വാട്ടർ ഷേഡ്ഡ് മേഖലയിലെ രോഗം ബാധിച്ച തെങ്ങുകൾക്ക് പകരം സങ്കരയിനം തെങ്ങിൻ തൈകൾ വച്ചു പിടിപ്പിക്കാൻ ഉതകുന്ന ഒരു പദ്ധതി ഉണ്ടാകണം. ജലസേചനത്തിന് ആവശ്യമയ കിണറുകളും പമ്പുകളും ഇനിയും നൽകാനുണ്ട്. ആ സാഹചര്യത്തിൽ കുറഞ്ഞത് രണ്ട് വർഷത്തേക്കെങ്കിലും കരിങ്ങന്നൂർ നീർമറി വികസന പദ്ധതികൾ നീട്ടുകയും ജനപങ്കാളിത്തത്തോടെ ലക്ഷ്യപ്രാപ്തിക്കായി യത്നിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഈ വികസന പദ്ധതിയുടെ നടത്തിപ്പ് കുറെ കൂടി സുതാര്യമാവുകയും വേണം.

കരിങ്ങന്നൂർ നീർമറി വികസന പദ്ധതി ഈ പഞ്ചായത്തിന്റെ 40% ഭാഗങ്ങൾ മാത്രം ഉൾക്കൊള്ളുന്നതാണ്. ഭാവി വികസനപരിപാടികൾ നീർമറി പ്രദേശങ്ങളെ കേന്ദ്രീകരിച്ചായിരിക്കാനാണ് സാദ്ധ്യത. ഈ സാഹചര്യങ്ങളിൽ വെളിനല്ലൂർ പഞ്ചായത്തിലെ പ്രധാന തോടുകൾ ഇത്തിക്കരയാറ് ഇവയുടെ

വൃഷ്ടിപ്രദേശം കേന്ദ്രീകരിച്ച് പുതിയ നിർമറി പദ്ധതികൾ ഉണ്ടായാൽ മാത്രമേ പഞ്ചായത്തിന്റെ സമഗ്ര വികസനം പൂർത്തിയാകുകയുള്ളൂ.

## പ്രശ്നങ്ങൾ

1. നിലം നികത്തുന്നു.
2. നിലം കുഴിച്ചു മണ്ണെടുക്കുന്നു
3. നെൽകൃഷി ലാഭകരമല്ല.
4. വളത്തിന്റെയും കീടനാശിനിയുടേയും അമിത വില
5. കാർഷികോൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നില്ല.
6. ഗുണമേന്മയുള്ള വിത്തുകളും നടീൽ വസ്തുക്കളും യഥാ സമയം ലഭിക്കുന്നില്ല.
7. സ്ഥിരമായ വിപണനസംവിധാനത്തിന്റെ അഭാവം
8. ആധുനിക ശാസ്ത്രീയ കൃഷി രീതികളെ പറ്റിയുള്ള ബോധവൽക്കരണത്തിന്റെ അഭാവം
9. എല്ലാ കാർഷിക വിളകൾക്കും കീടബാധ ഉണ്ടാകുന്നു.
10. ദീർഘകാല കാർഷിക ലോൺ സൗകര്യം ഇല്ല.
11. ചെറുകിട ജലസേചന പദ്ധതികൾ നിലവിലില്ല.
12. നിലവിലുള്ള തോടുകൾ ജലസേചനത്തിനു വേണ്ടി വിനിയോഗിക്കുന്നില്ല.
13. തലക്കുളങ്ങൾ ആവശ്യാനുസരണമില്ല.
14. ആറ്റിലെ വെള്ളം ജലസേചനത്തിന് ഉപയുക്തമാകുന്നില്ല.
15. പാടശേഖര സമിതികളുടെ പ്രവർത്തനമില്ലായ്മ
16. കാർഷിക യന്ത്രോപകരണങ്ങൾ ഉപയോഗത്തിൽ കൊണ്ടു വരുന്നില്ല.
17. നിലവിലുള്ള കുളങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നില്ല.
18. മണ്ണൊലിപ്പ് തടയുന്നില്ല.
19. ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്ത് പ്രദേശമാകെ നീർമറി പദ്ധതിയുടെ പരിധിയിൽ വരേണ്ടതാണ്. അപ്രകാരം നടന്നിട്ടില്ല.
20. ഉല്പാദന ക്ഷമത കുറയുന്നു.
21. കർഷകതൊഴിലാളികളെ യഥാവസരം ലഭിക്കുന്നില്ല.
22. കാർഷിക ചെലവ് താങ്ങാൻ കഴിയുന്നില്ല.
23. ഉൽപ്പന്ന സംസ്കരണത്തിനുള്ള സംവിധാനമില്ല
24. തെങ്ങ് രോഗം നിയന്ത്രിക്കാൻ കഴിയുന്നില്ല.
25. നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതി കർഷക താല്പര്യത്തിന് അനുഗുണമല്ല.
26. ജലസേചനത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള താമസവും വൈദ്യുതി ചാർജ് കൊടുക്കേണ്ടി വരുന്നതും
27. കുരുമുളക് കൃഷിക്കുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നില്ല.
28. വാഴ കൃഷിക്കുള്ള അനുകൂല സാഹചര്യം മുതലെടുക്കുന്നില്ല.
29. കശുമാവ് കൃഷിയോടുള്ള താത്പര്യമില്ലായ്മ
31. വെറ്റില കൃഷിയുടെ പ്രാധാന്യം കണക്കിലെടുക്കുന്നില്ല
32. പയർ വർഗ്ഗങ്ങളെ പ്രധാന കാർഷികോല്പന്നമായി കാണുന്നില്ല.
33. നിലത്തിൽ മൂന്നാംവിള സാദ്ധ്യത പ്രയോജനപ്പെടുത്തുന്നില്ല.
24. ജൈവ–പച്ചില വളങ്ങളുടെ കുറവ്

## സാദ്ധ്യതകൾ

1. ഭക്ഷ്യോൽപ്പാദനത്തെ പ്രതികൂലമായ ബാധിക്കുന്ന നടപടികൾക്കെതിരെ സാമൂഹ്യഅവബോധം വളർത്തണം
2. നെൽകൃഷി ആദായകരമാക്കണം
3. കാർഷിക മേഖലയിൽ ആവശ്യമായ യന്ത്രവൽക്കരണം നടപ്പിലാക്കുയും പ്രചരിപ്പിക്കുകയും വേണം.
4. കാർഷികോൽപ്പന്നങ്ങൾക്ക് തറവില നിശ്ചയിക്കുകയും അത് സ്ഥിരമായി ലഭിക്കുമെന്ന് ഉറപ്പു വരുത്തുകയും വേണം.
5. അത്യുൽപ്പാദനശേഷിയുള്ള വിത്തുകളും നടീൽ വസ്തുക്കളും യഥാ സമയം വിതരണം ചെയ്യുക
6. വളവും കീടനാശിനികളും സൗജന്യനിരക്കിൽ വിതരണം ചെയ്യുക
7. അത്യന്താധുനിക ശാസ്ത്രീയ വളപ്രയോഗം വ്യാപകമായി പ്രചരിപ്പിക്കുക
8. എല്ലാ ഏലാകളിലും തലക്കുളങ്ങൾ ഉണ്ടായിരിക്കണം
9. ഏലാ തോടുകൾ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി തടയണ നിർമ്മിച്ച് ജലസേചന യോഗ്യമാക്കണം.
10. ഇത്തിക്കരയാറ്റിൽ വിവധ സ്ഥലങ്ങളിൽ ചെക്കുഡാമുകൾ നിർമ്മിച്ച് ജലം കൃഷിക്ക് ലഭ്യമാക്കണം.
11. മലമ്പുഴിയിൽ നിലവിലുള്ള ജലസംഭരിണിയിൽ

ഉയർന്ന തോതിലുള്ള പമ്പു സ്ഥാപിച്ച് ജലസേചന സൗകര്യം ഉറപ്പു വരുത്തുക

12.നിലവിലുള്ള പാടശേഖരസമിതികളെ പ്രവർത്തന ക്ഷമമാക്കുകയും പുതിയവ രൂപീകരിക്കുകയും ചെയ്യുക

13. എല്ലാ പ്രധാനപ്പെട്ട വിളകൾക്കും വികസന സമിതികൾ രൂപീകരിക്കണം

14. പഞ്ചായത്തിൽ പ്രധാന തോടുകളും ഇത്തിക്കരയാറും കേന്ദ്രമാക്കി പുതിയ നിർമറി പദ്ധതികൾക്ക് രൂപം നൽകണം

15. പഞ്ചായത്തിൽ പഴവർഗ്ഗസംസ്കരണയൂണിറ്റ് സ്ഥാപിക്കണം

16. രോഗം ബാധിച്ച തെങ്ങുകൾ വെട്ടുമാറ്റുന്നതിനും പകരം പുതിയവ വക്കുന്നതിനും സഹായിക്കുക

17. നിലവിലുള്ള വിള ഇൻഷ്വറൻസ് പദ്ധതിയുടെ പോരായ്മ പരിഹരിക്കുക

18.നാമമാത്ര ചെറുകിട കർഷകർക്ക് കാർഷികാ വശ്യങ്ങൾക്ക് സൗജന്യമായി വൈദ്യുതി നൽകുക

19. നെൽകൃഷിക്ക് ഗ്രൂപ്പു ഫാമിങ്ങ് സമ്പ്രദായം പുനരാരംഭിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.

20. ജലസേചനത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം.

21. പച്ചക്കറി കൃഷി വ്യാപകമായി പ്രചരിപ്പിക്കുക. അതിനാവശ്യമായ വിത്ത്, വളം, കീടനാശിനി എന്നി എത്തിക്കുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാക്കുക

22. പച്ചക്കറി സംഭരണ വിപണന സഹകരണസംഘം രൂപീകരിക്കുക

23. രോഗബാധിതമാകുന്ന വെറ്റിലക്കൊടികൾ മാറ്റി പുതിയ കൃഷി ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകുക

24. നിലങ്ങളിൽ മൂന്നാം വിള കൃഷിക്ക് പ്രോത്സാഹനം കൊടുക്കണം (പയർ വർഗ്ഗങ്ങൾ, പച്ചക്കറി തുടങ്ങിയവ)

25. വാഴ കൃഷി പ്രോൽസാഹിപ്പിക്കുകയും രോഗ പ്രതിരോധ നടപടികൾ വ്യാപിപ്പിക്കുകയും ചെയ്യുക

26. തെങ്ങിൻ തോട്ടങ്ങളിൽ ഇടവിള പ്രോൽസാ ഹിപ്പിക്കുക

27. പച്ചില വളം കൂടുതൽ ലഭിക്കുന്നതിന് ഉതകുന്ന തരത്തിൽ ശീമക്കൊന്ന, വട്ട പേഴ് തുടങ്ങിയവ വച്ചു പിടിപ്പിക്കുന്നതിന് പ്രോൽസാഹനം നൽകുക

28. കശുമാവ് കൃഷിക്ക് പ്രോൽസാഹനം നൽകുക

29.നിലങ്ങളിലെ ആഫ്രിക്കൻ പായൽ നീക്കം ചെയ്യുന്നതിന് സഹായ ധനം നൽകുക ❑

---

# ♦ മൃഗസംരക്ഷണം ♦

---

മനുഷ്യരും മൃഗങ്ങളുമായുള്ള ബന്ധം ചരിത്രാതീത കാലം മുതലുള്ളതാണ്. വേട്ടയാടി നടന്ന കാട്ടു മനുഷ്യന് ജീവനോടെ കിട്ടിയ ഇരയെ ഇര കിട്ടാത്ത ദിവസത്തെ ഭക്ഷണത്തിനായി കരുതി വച്ചിരക്കാം. മനുഷ്യൻ മൃഗങ്ങളെ വളർത്താൻ തുടങ്ങിയത് അവിടം മുതലാണ്. ഭാരം കൊണ്ടു പോകാനും രുചിയറിഞ്ഞപ്പോൾ പാലു കുടിക്കാനും അവൻ മൃഗങ്ങളെ ഉപയോഗിച്ചിരിക്കണം. അതിന്നും തുടരുന്നു. മൃഗസംരക്ഷണം ഒഴിവാക്കികൊണ്ടുള്ള കൃഷിയെ പറ്റി ആലോചിക്കാനാവില്ല. അതു പോലെ തന്നെ ജീവിതത്തെപ്പറ്റിയും.

എന്നാൽ ഇന്നു സാധാരണ മനുഷ്യർക്കു മൃഗസംരക്ഷണ ഭാരമായിത്തീർന്നിരിക്കുന്നു.വീട്ടിൽ വളർത്തുന്ന പൂച്ചയോ നായോ കോഴിയോ ചന്തത്തിന് വളർത്തുന്ന പ്രാവോ മയിലോ അല്ല ഇവിടുദ്ദേ ശിക്കുന്നത്. പാലിനും മാംസത്തിനും പണിയെടു പ്പിക്കാനും വളത്തിനു വേണ്ടി വളർത്തുന്നു പശു, ആട്, എരുമ,കാള മുട്ടക്കോഴി ഇറച്ചിക്കോഴി തുടങ്ങിയവയെ പ്പറ്റിയാണ്. ഏതു കാര്യത്തിലും സന്തുലിതാവസ്ഥ നില നിർത്തുകയാണ് സാമൂഹ്യാവശ്യം. സമൂഹ ത്തിനാവശ്യമുള്ള പാല്, മാംസം കാലിവളം തുടങ്ങിയവ ലഭ്യമാകണം. കാലി വളം ഒഴിവാക്കാൻ നിർവ്വാഹമില്ലാതെ വിഷമിക്കുന്ന പ്രദേശവും ഭുമുഖത്തുണ്ട്.

നമ്മെ സംബന്ധിച്ചിടത്തോളം നമ്മുടെ ആവശ്യത്തിന് കാലികളെ സംരക്ഷിക്കാൻ കഴിയാത്ത ദുഃസ്ഥിതിയാണ് ഇന്നുള്ളത്. ബഹുഭൂരിപക്ഷം ആളുകളും കാലി വളർത്തലിൽ താൽപര്യമുള്ളവരാണ്. ലാഭമുണ്ടായില്ലെങ്കിലും അവരതു ചെയ്യും. എന്നാൽ കാലി വളർത്തൽ നമ്മുടെ പ്രദേശത്ത് ഭാരിച്ച് നഷ്ടവും കഷ്ടപ്പാടുമുള്ള ഒരു പണിയായിത്തീർന്നിരിക്കുന്നു. കറവപ്പശുക്കളുള്ളവർക്ക് പോലും പാൽ വിറ്റ് ആവശ്യത്തിന് കാലിത്തീറ്റ വാങ്ങാൻ കഴിയാതായിരിക്കുകയാണിന്ന്.

ക്ഷീരസംഘം പോലുള്ള സ്ഥാപനങ്ങളെ മാധ്യമമാക്കി കൊണ്ട് പ്രവർത്തിച്ചാലേ ഈ ദുഃസ്ഥിതിയിൽ നിന്ന് നമ്മുടെ വില്ലേജിനെ രക്ഷിക്കാനാവൂ. ഇതാലോചിക്കുമ്പോൾ കഴിഞ്ഞ 5 വർഷമായി പശ്ചിമഘട്ട പദ്ധതിയിൽപെടുത്തി ഭാരിച്ച തുക ഈ രംഗത്ത് തെലവ് ചെയ്തിട്ടുണ്ട്. അതിന്റെ ഗുണഫലം പരിശോധനാവിഷയമാക്കിയാലാണ് മൃഗസംരക്ഷണമേഖലയിൽ പുതിയ സമീപനം ആവശ്യമാണെന്നു നമുക്ക് ബോധ്യമാകുന്നത്.

വെളിനല്ലൂർ പഞ്ചായത്തിൽ റോഡു വിളയിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ഒരു മൃഗാശുപത്രി പ്രവർത്തിക്കുന്നു. കരിങ്ങന്നൂർ ഏഴാം കുറ്റിയിൽ ഒരു ഐ.സി.ഡി.പി. സെന്ററും പ്രവർത്തിക്കുന്നുണ്ട്. ഈ രണ്ടു സ്ഥാപനങ്ങളും കൊണ്ട് പഞ്ചായത്തിലാകെയുള്ള മൃഗസംരക്ഷണ പ്രവർത്തനങ്ങൾ തൃപ്തികരമായി നിർവ്വഹിക്കാൻ കഴിയുന്നില്ല. പഞ്ചായത്തിലെ വളർത്തു മൃഗങ്ങൾ വളർത്തു പക്ഷികൾ രോഗ വിവരങ്ങൾ പേ വിഷ ബാധ എന്നിവ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

വളർത്ത് മൃഗസംഖ്യ

| കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പന്നി | മുയൽ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വംശ വർദ്ധന | മറ്റു- ള്ളവ | വംശ വർദ്ധന | മറ്റു- ള്ളവ | കറവ ഉള്ളത് | കറവ ഇല്ലാ- ത്തത് | കറവ ഉള്ളത് | കറവ ഇല്ലാ- ത്തത് | കറവ ഉള്ളത് | കറവ ഇല്ലാ- ത്തത് | | | | |
| - | 333 | 179 | - | 165 | 7 | 1951 | 55 | 12 | 16 | 25 | 3652 | 1869 | 75 |

വളർത്തു പക്ഷികളുടെ വിവരം

| പൂവൻകോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ | |
|---|---|---|---|---|---|---|
| | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | | |
| 500 | 18000 | 400 | 15 | 56 | | |

### രോഗവിവരങ്ങൾ

| നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പട്ടി | കോഴി | മറ്റുള്ളവ |
|---|---|---|---|---|---|---|---|
| 1 | ദഹനസംബന്ധം | 350 | 3 | 205 | | | |
| 2 | ശ്വാസകോശ സംബന്ധമായ | 195 | | 115 | | 1550 | |
| 3 | ഉപാപചയ സംബന്ധം | 93 | | 17 | | | |
| 4 | ത്വക്ക് രോഗങ്ങൾ | 100 | | 25 | 7 | | |
| 5 | ധാതു ലവണങ്ങളുടെ അഭാവം | 90 | | | | | |
| 6 | പരാദ രോഗങ്ങൾ | 455 | 5 | 77 | | | |
| 7 | പ്രത്യുല്പാദനപരം | 225 | | 90 | | | |
| 8 | വന്ധ്യത | 105 | | | | | |
| 9 | അകിട് വീക്കം | 150 | | 45 | | | |
| 10 | മുടന്തൻ പനി | 65 | | | | | |

### പേവിഷബാധ - പ്രതിരോധവും ചികിത്സയും

| വിവരം | പശു | ആട് | പട്ടി |
|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ് നൽകിയവയുടെ എണ്ണം | - | - | 140 |
| കടിയേറ്റതിന് ശേഷം കുത്തിവെയ്പ് നടത്തിയവയുടെ എണ്ണം | 3 | 12 | 3 |

### കൃത്രിമ ബീജസങ്കലനം

| വളർത്തു മൃഗം | കൃത്രിമ ബീജസങ്കലനം നടത്തിയവ | 2-ലധികം തവണ ബീജസങ്കലനം വേണ്ടി വന്നവ |
|---|---|---|
| പശു | 500 | 45 |
| കാടാരി | 110 | 65 |
| എരുമ | | |
| ആകെ | 560 | 110 |

## പ്രശ്നങ്ങൾ

1. അത്യുൽപ്പാദന ശേഷിയുള്ള പക്ഷി മൃഗാദികളുടെ ദൗർലഭ്യം
2. തീറ്റയുടെ വില കൂടുതൽ
3. ഗുണ നിലവാരമുള്ള തീറ്റയുടെ അഭാവം
4. കാലിത്തീറ്റയുടെ പരിശോധന ഇല്ല.
5. ചികിത്സാ സൗകര്യത്തിന്റെ അപര്യാപ്തത
6. തീറ്റപുൽകൃഷിയുടെ അഭാവം
7. വായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും താങ്ങാനാവത്ത പലിശയും
8. ആട് കൃഷിക്കുള്ള പ്രോത്സാഹനക്കുറവ്
9. ഇറച്ചി കോഴി വളർത്തലിന്റെ പ്രാധാന്യത്തെ പറ്റിയുള്ള പ്രചരണക്കുറവ്
10. മൃഗസംരക്ഷണ പ്രവർത്തനത്തിലുള്ള ആസൂത്രണ ഇല്ലായ്മ
11. മൃഗാശുപത്രികളിലേയും ഉപകേന്ദ്രത്തിലേയും അടിസ്ഥാന സൗകര്യക്കുറവ്
12. ഉല്പാദകന് ലഭിക്കുന്ന പാൽവില,ഉല്പാദന ചെലവിന് അനുസൃതമല്ല.

## സാധ്യതകൾ

1. അത്യുൽപ്പാദന ശേഷിയുള്ള പക്ഷി മൃഗാദികളെ ആവശ്യാനുസരണം വിതരണം ചെയ്യുക
2. കാലി-കോഴി തീറ്റയുടെ വിലയിൽ ഒരു ഭാഗം സബ്സിഡി അനുവദിക്കുക
3. ഗുണ നിലവാരമുള്ള തീറ്റ ആവശ്യനുസരണം വിതരണം ചെയ്യുകയും ഗുണനിലവാരം പരിശോധിക്കാൻ അതോറിട്ടിയെ നിശ്ചയിക്കുകയും ചെയ്യുക
4. മൃഗാശുപത്രിയുടെ കീഴിൽ കൂടുതൽ ഉപകേന്ദ്രങ്ങൾ ഒരു വാർഡിന് ഒന്നു വീതം സ്ഥാപിക്കുക
5. തീറ്റപുൽകൃഷി ചെയ്യുന്നതിന് ഇനിയും കൂടുതൽ ആകർഷകമായ സൗജന്യങ്ങൾ അനുവദിക്കുക
6. പാൽ ഉല്പാദകർഷകന് ക്കാലികളെ വാങ്ങുന്നതിന് പലിശയില്ലാത്ത സാമ്പത്തിക സഹായം ലഭിക്കുക.
7. ആട്ടിൻ തീറ്റയ്ക്ക് ആവശ്യമുള്ള പീലിവാക (സുബാബുൾ) വേലികളിലും അതിരുകളിലും വച്ചു പിടിപ്പിക്കുക
8. ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ കൂടുതൽ സംഘടിപ്പിക്കുക
9. പ്രതിദിനം പഞ്ചായത്തിൽ 25000 കോഴി മുട്ട ഉൽപ്പാദിപ്പിക്കാൻ പര്യാപ്തമായ വിധത്തിൽ മുട്ടക്കോഴി വളർത്തൽ പ്രോൽസാഹിപ്പിക്കുക
10. ക്ഷീരോൽപ്പാദന വിപണനസാധ്യത വർദ്ധിപ്പിക്കുക
11. പേ വിഷ ബാധയ്ക്ക് എതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കുകയും വളർത്തു പട്ടികൾക്ക് ലൈസൻസിങ്ങ് സമ്പ്രദായം നിർബന്ധമാക്കുകയും ചെയ്യുക

## മൽസ്യബന്ധനം

നമുക്ക് മൽസ്യ ബന്ധനത്തിന്റെ പ്രശ്നമില്ല . മൽസ്യകൃഷിയുടെ പ്രശ്നമുണ്ട്. മൽസ്യം വളർത്താവുന്ന നിരവധി കുളങ്ങൾ വെളിനല്ലൂർ പഞ്ചായത്തിലുണ്ട്. എന്നാൽ സമർത്ഥമായ ക്രമീകരണം അതിനാവശ്യമാണ്. മൽസ്യം വളർത്താൻ താൽപര്യവും പരിചയവുമുള്ള ആളുകൾ കുളത്തിനടുത്തു തന്നെ ഉണ്ടെങ്കിലേ വിജയിപ്പിക്കാൻ കഴിയൂ. മൽസ്യകൃഷിക്ക് ആവശ്യമായ പരിശീലനം ഉണ്ടായിരിക്കേണ്ടതാണ്. മൽസ്യം വളർത്തലിന്റെ കാര്യത്തിൽ ഇന്നുള്ള പ്രധാന പ്രശ്നം മൽസ്യക്കുഞ്ഞുങ്ങളുടെ ലഭ്യത കുറവാണ്. മാത്രമല്ല ലഭിക്കുന്ന മൽസ്യകുഞ്ഞുങ്ങൾ പ്രത്യുൽ പ്പാദന ശേഷി ഇല്ലാത്തതുമാണ്. പ്രത്യുൽപ്പാദന ശേഷിയുള്ള മൽസ്യക്കുഞ്ഞുങ്ങളെ ഉപയോഗിക്കാൻ കഴിഞ്ഞാൽ ഫലപ്രദമായി മൽസകൃഷി നടത്താൻ കഴിയുന്നതാണ്.

ഇനിയുള്ളത് കടൽ മൽസ്യത്തിന്റെ ലഭ്യതയെ സംബന്ധിച്ചുള്ളതാണ്. ആ വ്യാപാരത്തിലെ കുത്തക വിൽപ്പനക്കാരാണ് മൽസ്യത്തിന് വില നിശ്ചയിക്കുന്നത്. ഇടത്തട്ട് ഒഴിവാക്കുന്നതോടെ കുറെകൂടി ന്യായവിലക്ക് മൽസ്യം ലഭിക്കാനുള്ള സൗകര്യവും ആ തൊഴിൽ ചെയ്യുന്നവർക്ക് സുരക്ഷിതത്വവും ഉണ്ടാകുന്നതാണ്. ഈ ലക്ഷ്യത്തോടു കൂടിയുള്ള പ്രവർത്തനമാണ് വേണ്ടത്. ❑

# ദ്വിതീയ മേഖല

## ♦ വ്യവസായം ♦

വ്യവസായ രംഗത്ത് വെളിനല്ലൂർ പഞ്ചായത്ത് വളരെയേറെ പിന്നിലാണ്. അഭ്യസ്ത്യവിദ്യരുടെ തൊഴിലില്ലായ്മ അതുകൊണ്ടുതന്നെയാണ് രൂക്ഷമായി തുടരുന്നതും. പരമ്പരാഗത വ്യവസായ ങ്ങൾ ശാസ്ത്രീയമായി വളർത്തിയെടുത്തും ചെറുകിട വ്യവസായങ്ങൾ ആരംഭിച്ചും മാത്രമേ ഇതിന് പരിഹാരം കാണാൻ കഴിയൂ. സ്ഥിരമായി ജോലിയില്ലാ ത്തവർക്ക് വീടുകളിൽ തന്നെ ചെയ്യാവുന്ന തൊഴിൽ ഈ ചെറുകിട വ്യവസായ യൂണിറ്റുകളിലൂടെ ലഭിച്ചാൽ അതു കൂടുതൽ നേട്ടങ്ങളുണ്ടാക്കും. പാരമ്പര്യ വ്യവസായത്തിലൂടെ ആർജ്ജിച്ച ജ്ഞാ നവും ഈ രംഗത്ത് നൽകാവുന്ന നവീന വിജ്ഞാ നവും കൂടി സമന്വയിപ്പിച്ചാൽ അതു നേട്ടമുണ്ടാക്കി ജനജീവി തത്തെ കൂടുതൽ സമ്പന്നമാക്കും.

റെയിൽവേ സൗകര്യം തീരെയില്ലാത്ത ഒപു പഞ്ചായത്തായത് കൊണ്ടാവാം ഈ പഞ്ചായത്തിൽ വൻകിട വ്യവസായങ്ങൾ തീരെയില്ലാത്തത്. കുടിൽ വ്യവസായവും വെളി നല്ലൂർ പഞ്ചായത്തിലില്ല. ചെറുകിട വ്യവസായങ്ങളും തുലോം തുച്ഛമാണ്. ഉള്ളതു തന്നെ പലതും അടഞ്ഞുകിടക്കുന്ന അവസ്ഥയിലുമാണ്. കൊല്ലം ജില്ലയിലെ പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, കശുവണ്ടി എന്നിവയിൽ കൈത്തറിയും കശുവണ്ടിയുമാണ് ഈ പഞ്ചായത്തിൽ നിലവിലുള്ളത്.

ഗാർഹികോപകരണങ്ങളായ കറിക്കത്തി, കൊയ്ത്തിരുമ്പ്, പുല്ലിരുമ്പ്, വെട്ടുകത്തി, കോടാലി എന്നിവയും കാർഷികോപകരണങ്ങളായ കൂന്താലി, മൺവെട്ടി തുടങ്ങിയവയും ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പരമ്പരാഗതമായി ചെയ്തു വരുന്നു. മരപ്പണിക്കാർ, കൽപ്പണിക്കാർ തുടങ്ങിയ വിദഗ്ദ്ധ തൊഴിലാളി കുടുംബങ്ങളും പരമ്പരാഗതമായി ഈ പഞ്ചായത്തിലുണ്ട്. കെട്ടിട നിർമ്മാണത്തിന്റെ ആവശ്യത്തിന് ഇത്തരം വിദഗ്ദ്ധ തൊഴിലാളികളെ പൂർണ്ണമായി ലഭിക്കാത്തതുകൊണ്ട് തമിഴ് നാട്ടിൽ നിന്നും ഇത്തരം തൊഴിലാളികളെത്തി നിർമ്മാണ പ്രവർത്തനങ്ങളിൽ പണിയെടുക്കുന്നു. ഈറ, മുള ചൂരൽ, കൈത തുടങ്ങിയവ കൊണ്ടുള്ള കുട്ട, വട്ടി, മുറം, പരമ്പ്, പായ് എന്നിവയും പരമ്പരാഗതമായി നിർമ്മിച്ചിരുന്ന തൊഴിലാളി കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ടായിരുന്നു., ഇന്നത് ചില വ്യക്തികളിൽ മാത്രമായി ചുരുങ്ങിയിരിക്കുന്നു.

ഈ പഞ്ചായത്തിൽ നിലവിലുള്ള വ്യവസായ ങ്ങൾ സ്വകാര്യവ്യക്തികൾ നടത്തുന്നവയും സഹകരണ സംഘങ്ങൾ നടത്തുന്നവയുമാണ്.

### കശുവണ്ടി ഫാക്ടറികൾ

1. കരിങ്ങന്നൂർ 2. ചെങ്കൂർ 3. മുളയറച്ചാൽ 4. വട്ടപ്പാറ എന്നീ സ്ഥലങ്ങളിലെ കശുവണ്ടി ഫാക്ടറികളാണ് ഈ പഞ്ചായത്തിലുള്ളത് .ഒരു വർഷം ശരാശി 80 ദിവസങ്ങളിൽ കൂടുതൽ തൊഴിലവസരം ഈ ഫാക്ടറികളിലൂടെ തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. 98.5% ഉം സ്ത്രീ തൊഴിലാളികളാണ് കശുവണ്ടി ഫാക്ടറികളിൽ പണിയെടുക്കുന്നത്. ഒരു ദിവസം ശരാശരി 25 രൂപ മുതൽ 35 രൂപ വരെയുള്ള കൂലിയാണ് തൊഴിലാളികൾക്ക് ലഭിക്കുന്നത്. കശുവണ്ടി ഫാക്ടറികളിലെ ഭൗതിക സാഹചര്യം വളരെയേറെ മെച്ചപ്പെടുത്തിയാൽ മാത്രമേ തൊഴിലാ ളികൾക്ക് ശാരീരികവും മാനസികവും സാമ്പത്തിക വുമായ നേട്ടമുണ്ടാക്കാൻ കഴിയൂ. ചെങ്കൂർ കശുവണ്ടി ഫാക്ടറി 2 വർഷക്കാലമായി അടച്ചിട്ടിരിക്കുകയാണ്. ഈ ഫാക്ടറികളെല്ലാം സ്വകാര്യമുതലാളി മാരുടേതാണ്.

### കൈത്തറി വ്യവസായം

സഹകരണ സംഘാടിസ്ഥാനത്തിൽ പ്രവർ ത്തിച്ചു വരുന്ന രണ്ടു കൈത്തറി വ്യവസായശാല കളാണ് ഈ പഞ്ചായത്തിലുള്ളത്.

*1. പുതുശ്ശേരി കൈത്തറി സഹകരണ സംഘം*

101 തറികളോടെ കാര്യക്ഷമമായി പ്രവർത്തിച്ചുവന്നിരുന്ന ഒരു സഹകരണ സംഘമാണിത്. കൈത്തറി മേഖലകളെ സാർവത്രികമായി ബാധിച്ചിരിക്കുന്ന 1. അസംസ്കൃത സാധനങ്ങളുടെ വില വർദ്ധനവ് 2. ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണിയില്ലായ്മ 3. തുച്ഛമായ കൂലി തുടങ്ങിയ പ്രതിസന്ധികൾ ഈ സ്ഥാപനത്തെയും ഒരു പീഡിത വ്യവസായ യൂണിറ്റാക്കി അധഃപതിപ്പിക്കുന്നു. യന്ത്രത്തറികളിലെ ഉല്പന്നത്തോടൊപ്പം കൈത്തറി തുണികൾ വിറ്റഴിയുന്നില്ല. റിബേറ്റ് പ്രഖ്യാപിക്കുന്ന കാലയളവിൽ മാത്രമേ കൈത്തറി തുണികൾ വിറ്റഴിക്കാനാവുന്നുള്ളു. റിബേറ്റ് ഇനത്തിൽ തന്നെ കിട്ടാനുള്ള തുക തക്ക സമയത്ത് ലഭിക്കാത്തതും ഈ വ്യവസായത്തെ മുരടിപ്പിക്കുന്നു.

*2. കരിങ്ങന്നൂർ അഞ്ഞൂറ്റിനാല് കൈത്തറി നെയ്ത്ത് സഹകരണ സംഘം*

നെയ്ത്തിനാവശ്യമായ അസംസ്കൃത സാധനങ്ങളുടെ വില വർദ്ധനവും ആവശ്യത്തിനുള്ള വിപണിയുടെ പോരായ്മയും ഈ സംഘത്തിന്റെ പ്രവർത്തനത്തെയും മന്ദീഭവിപ്പിക്കുന്നു. പൂയപ്പള്ളി, വെളിയം തുടങ്ങിയ പഞ്ചായത്തുകളിലെ നെയ്ത്തുകാരും ഈ കൈത്തറിനെയ്ത്ത് സഹകരണ സംഘത്തിൽ അംഗങ്ങളും ജൗളി അവരവരുടെ വീടുകളിൽ ഉല്പാദിപ്പിച്ചു സംഘത്തിലെ ത്തിക്കുന്ന വരുമാണ്. റിബേറ്റ് പ്രഖ്യാപിച്ചിരിക്കുന്ന കാലയള വിലേ ഉല്പന്നങ്ങൾ കുറേ എങ്കിലും വിറ്റഴിക്കാൻ കഴിയൂ.

ഖാദി ബോർഡിന്റെ ഒരു യൂണിറ്റ് കരിങ്ങന്നൂർ പുതുശ്ശേരിയിലും ഗാന്ധി സ്മാരക നിധിയുടെ ഒരു യൂണിറ്റ് മീയനയിലും നേരിയ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. തൊഴിലാളികൾക്ക് വളരെ കുറഞ്ഞ കൂലിയാണ് ലഭിക്കുന്നത്. നൂൽനൂൽപ്പാണ് ഈ കേന്ദ്രങ്ങളിലുള്ളത്. കൈത്തറിരംഗത്തെപ്പോലെ പ്രതിസന്ധി ഈ മേഖലയിലുമുണ്ട്.

__ക്രഷർ യൂണിറ്റുകൾ :__

ആറ്റൂർകോണം, മുളയറച്ചാൽ (നെടുങ്ങോട്ട് കോണം) തുടങ്ങിയ സ്ഥലങ്ങളിൽ പാറ പൊട്ടിച്ചു വിവിധതരം വലിപ്പത്തിലുള്ള മെറ്റൽ.ചിപ്സ് പാറപ്പൊടി എന്നിവ ഉണ്ടാക്കി റോഡുകളുടെയും കെട്ടിടങ്ങളുടെയും നിർമ്മാണത്തിന് നൽകുന്നു. 10 തൊഴിലാളികൾ വീതം ഓരോ യൂണിറ്റിലും പ്രവർത്തിക്കുന്നു.

ഹരിജൻ കരിങ്കൽ തൊഴിലാളി സംഘം കരിങ്ങന്നൂരിൽ പ്രവർത്തിച്ചു വന്നിരുന്നതാണ്. ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനത്തോടെ കൈകൊണ്ടുട്ടുള്ള ചല്ലിയടി പ്രതിസന്ധിയിലാണ്.

ഖാദിബോർഡിന്റെ സഹായത്തോടെ തുടങ്ങിയ പുതിയിടം ഹരിജൻ തീപ്പെട്ടി വ്യവസായം, താന്നമൂട് എണ്ണയാട്ടുമിൽ എന്നിവ പ്രവർത്തന മാരാഭിച്ചതും പൂട്ടിയതും ഏറെക്കുറെ ഒരുമിച്ചായിരുന്നു.

__തടിഅറപ്പുമില്ലുകൾ,. ഫ്ളവർമിൽ, എണ്ണയാട്ടുമിൽ__

കരിങ്ങന്നൂർ, ഏഴാംകുറ്റി, കരിങ്ങന്നൂർ റോഡുവിള, കാളവയൽ, പൊരിയക്കോട് എന്നിവിടങ്ങളിൽ തടി അറപ്പു മില്ലുകൾ പ്രവർത്തിച്ചു വരുന്നു. സീസൺ കാലയളവിൽ ആവശ്യത്തിനനുസരിച്ച് വൈദ്യുതി ലഭിക്കാത്തതു മൂലം ഈ വ്യവസായവും പ്രതിസന്ധിയിലാണ്. അസംസ്കൃത വസ്തുവായ തടി സുലഭമായി ലഭിക്കുന്നില്ല. ഓരോ തടി അറപ്പു മില്ലിലും 6 തൊഴിലാളികൾ വീതം ജോലി ചെയ്തു വരുന്നു.

കൂടാതെ ആറു ഫ്ളവർമില്ലുകളും നാല് എണ്ണയാട്ടു മില്ലുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

*ചൈതന്യാ വുഡ് ഇൻഡസ്ട്രീസ്*

കരിങ്ങന്നൂർ ഏഴാംകുറ്റി ജംഗ്ഷനിൽ പ്രവർത്തിപ്പിച്ചു വരുന്ന ഒരു ഫർണിച്ചർ നിർമ്മിക്കുന്ന ഒരു കേന്ദ്രമാണിത്. ഉരുപ്പടികൾ ഉണ്ടാക്കാൻ തടി നിർദ്ദിഷ്ട അളവിൽ സാമില്ലുകളിൽ നിന്നും അറുത്തെത്തിച്ചാൽ ആധുനിക യന്ത്രോപകരണത്തിൽ ചീകി മിനുസപ്പെടുത്തി ഉരുപ്പടി നിർമ്മിക്കുന്നു. സമയവും സമ്പത്തും ലാഭമുണ്ടാക്കുന്ന ഇത്തരം യൂണിറ്റുകൾ എന്നും ഫലപ്രദമാണ്.

ഈ പഞ്ചായത്തിൽ ആധുനിക വ്യവസായമെന്ന് വിശേഷിപ്പിക്കാവുന്നത് കെൽട്രോൺ സഹകരണസംഘത്തിന്റെ പ്രവർത്തനമായിരുന്നു. വനിതകൾക്കുള്ള തൊഴിൽ സംരംഭവുമായിരുന്നു.. റേഡിയോ, ടേപ്പ് റിക്കോർഡർ, ടി.വി തുടങ്ങിയവയുടെ അസംബ്ലിങ്ങായിരുന്നു ലക്ഷ്യം. ഇത്തരം യൂണിറ്റുകൾ ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ കഴിയാതെ വന്നത് പരിശോധനാ വിധേയമാക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

1. മൂലധനക്കുറവ്
2. സാങ്കേതിക പരിജ്ഞാനക്കുറവ്
3. കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെ അഭാവം
4. പരമ്പരാഗത വ്യവസായങ്ങളിൽ ഗവൺമെന്റ് തലത്തിലുള്ള ഇടപെടലിന്റെ കുറവ്
5. പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് സർക്കാരിന്റെ ഭാഗത്ത് നിന്നും അർഹിക്കുന്ന പ്രോത്സാഹനം ലഭിക്കുന്നില്ല.
6.കശുവണ്ടി വ്യവസായരംഗത്തെ മുരടിപ്പ്
7. കൈത്തറി രംഗത്തെ തകർച്ച
8. ഇഷ്ടിക നിർമ്മാണ രംഗത്തെ പ്രതിസന്ധി
9. പരമ്പരാഗതമായി കുടുംബങ്ങളിൽ നില നിന്നിരുന്ന തൊഴിൽ രംഗത്തെ മുരടിപ്പ്.
10. അവശ്യം വേണ്ടിടത്തു വിദഗ്ദ്ധ തൊഴിലാളികളുടെ ഗണ്യമായ കുറവ്
11. വൻകിട വ്യവസായത്തിന്റെ പോരായ്മ
12. പഞ്ചായത്തിൽ പാറ വ്യവസായം നാമ മാത്രമായുണ്ടെങ്കിലും പാറയെ പല കലയാക്കി വിദേശത്തേക്ക് കയറ്റി അയച്ചു മുതൽ കൂട്ടാക്കാൻ കഴിയാത്തത്.
13. റെഡിമെയ്ഡ് വസ്ത്രങ്ങൾ, കുട്ട, വട്ടി പായ് , ആഭരണങ്ങൾ, ചന്ദനത്തിരി, തീപ്പെട്ടി, മെഴുക് തിരി എന്നിവയുടെ നിർമ്മാണം ഭക്ഷ്യവസ്തുക്കളുടെ സംസ്കരണം തുടങ്ങിയ ചെറുകിട വ്യവസായങ്ങളുടെ കുറവ്
14. ഏതു വ്യവസായത്തിനും ആവശ്യമായ വൈദ്യുതിയില്ലായ്മ
15. പ്രതിബദ്ധതയുള്ള മാനേജ് മെന്റിന്റെ അഭാവം

## സാധ്യതകൾ

1. ഏതു വ്യവസായം തുടങ്ങാനും ആവശ്യമായ മൂലധനം എത്രയും പെട്ടെന്ന് ലഭ്യമാകുന്ന സാഹചര്യം ഉണ്ടാകണം.
2. വിവിധ വ്യവസായങ്ങളെക്കുറിച്ചും തൊഴിൽ മേഖലകളെക്കുറിച്ചുമുള്ള അവബോധവും സാങ്കേതിക വിദ്യയും യഥേഷ്ടം ജനങ്ങൾക്ക് ലഭിക്കണം
3. പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന റബ്ബർ,നാളീകേരം ചക്ക, കശുമാങ്ങ വിവിധയിനം മറ്റു മാങ്ങകൾ പപ്പായ , കൈതച്ചക്ക തുടങ്ങിയവ സംസ്കരിച്ചുണ്ടാക്കാവുന്ന വ്യവസായങ്ങൾ ആരംഭിക്കണം.
4. പരമ്പരാഗത വ്യവസായത്തിൽ നിന്നും കാലാകാലങ്ങളായി ലഭിച്ചിട്ടുള്ളഅനുഭവജ്ഞാനവും ആധുനിക വ്യവസായത്തിലെ നവീന സാങ്കേതിക വിജ്ഞാനവും സമന്വയിപ്പിച്ചു പ്രയോജനപ്പെടുത്താവുന്നതാണ്.
5. പരമ്പരാഗത തൊഴിലിനോടും കൃഷിയോടുമുള്ള യുവതലമുറയുടെ അവജ്ഞ ഒഴിവാക്കാനാവശ്യമായ ചർച്ചാ ക്ലാസ്സുകൾ സംഘടിപ്പിക്കണം.
6. വിവിധ മേഖലകളിലേക്ക് തൊഴിൽ സംരംഭകരെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കു ന്നതിനും ഗവൺമെന്റ് തലത്തിൽ വേണ്ട പ്രോത്സാ ഹനം നൽകണം.
7. കശുവണ്ടി വ്യവസായ രംഗത്തെ പ്രശ്നങ്ങൾ പഠിച്ച് ശാശ്വതമായ പരിഹാരം കണ്ടെത്തണം.
8. കൈതതറി വ്യവസായ രംഗത്തെ ശോച്യാവസ്ഥയെക്കുറിച്ച് പഠിച്ച് അടിയന്തിര പരിഹാരം കണ്ടെത്തി ഈ വ്യവസായം നില നിർത്താൻ ആവശ്യമായ നടപടകൾ സർക്കാർ ഭാഗത്ത് നിന്നമുണ്ടാകണം .
9. മണലിന് പകരം സമാനമായ പാറത്തരി വേർപ്പെടുത്തി ഉപയോഗിക്കാൻ വേണ്ട നടപടികൾ ചെയ്താൽ ആറ്റിലെ മണൽ വാരിയുള്ള പരിസ്ഥിതി പ്രശ്നം ഒരു പരിധിവരെ ഒഴിവാക്കാം.
10. ഓരോ കുടുംബവും ചെറുകിട വ്യവസായ രംഗത്തെ ചെറുയൂണിറ്റുകളാക്കി മാറ്റി വീടിനും നാടിനും യോജിച്ച ചെറുകിട വ്യവസായങ്ങൾ തുടങ്ങണം.
11. തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്കു കൃഷി രംഗത്തും മറ്റെല്ലാ തൊഴിൽ മേഖലകളിലും നവീന സാങ്കേതിക വിദ്യ സ്വീകരിക്കാനും ഫലപ്രദമാക്കാനും ആവശ്യമായ പരിശീലനം നൽകണം.
12. സുലഭമായി പാറയുള്ള ഒരു പഞ്ചായത്താണിത് പാറയുടെ ഗുണനിലവാരത്തെക്കുറിച്ച് പഠിക്കാനും വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയക്കാൻ ഗുണനിലവാരമുള്ള പാറ കണ്ടെത്തി വിദേശ നാണ്യം സമ്പാദിക്കാനുമുള്ള അവസരത്തിനും പ്രാധാന്യം നൽകണം. പ്രാദേശികാവശ്യത്തിന് ഈ രംഗത്തെ എങ്ങനെയെല്ലാം ഉപയുക്തമാക്കാമെന്നും അനുബന്ധ വ്യവസായങ്ങൾ എതെല്ലാം തുടങ്ങി തൊഴിലില്ലായ്മക്ക് പരിഹാരം കാണാൻ കഴിയുമെന്നും വിലയിരുത്തി സമൂഹത്തിന് മുതൽ കൂട്ടാക്കണം.
13. വൈദ്യുതി ഏതു വ്യവസായത്തിനും യുദ്ധകാലാടിസ്ഥാനത്തിൽ എപ്പോഴും ലഭിക്കുമെന്ന്

ഉറപ്പുണ്ടാകണം
14. പ്രതിബദ്ധതയും ലക്ഷ്യബോധവുമുള്ള മാനേജ്മെന്റ് സ്ഥാപനങ്ങൾക്കുണ്ടാവണം.

റബ്ബർ കൃഷി ധാരാളമുള്ള ഈ പഞ്ചായത്തിൽ "റബ്ബർ പാല് " സംസ്കരണ യൂണിറ്റ് തുടങ്ങണം. റബ്ബർ ഉറ, റബ്ബർ ബാൻഡ് തുടങ്ങിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ചെറുകിട വ്യവസായം ആരംഭിക്കുകയും റബ്ബറിന്റെ അനുബന്ധവ്യവസായ യൂണിറ്റുകൾ കൂടി പ്രവർത്തം തുടങ്ങി തൊഴിലില്ലായ്മക്കു പരിഹാരം കാണുകയും വേണം. .

❑

# ഊർജ്ജം

ഈ പഞ്ചായത്തിൽ സാർവ്വത്രികമായി ഉപയോഗിക്കുന്ന ഊർജ്ജ സ്രോതസ്സുകൾ വൈദ്യുതി, വിറക്, മണ്ണെണ്ണ, ഗ്യാസ് എന്നിവയാണ്. വെളിച്ചത്തിനു വേണ്ടി കൂടുതൽ കുടുംബങ്ങളും വൈദ്യുതിയെയാണ് ഉപയോഗിക്കുന്നത്. മണ്ണെണ്ണയെ ആശ്രയിച്ചു വെളിച്ചം കാണുന്ന കുടുംബങ്ങളുമുണ്ട്. പാചകാവശ്യത്തിന് സമ്പന്നർ പാചക ഗ്യാസ് ഉപയോഗിക്കുന്നു. മില്ലുകൾ, സിനിമാശാലകൾ ഹോട്ടലുകൾ എന്നിവയുടെ പ്രവർത്തനത്തിനും, വൈദ്യുതി നിർണ്ണായക ഘടകമാണ്. ഉത്സവം, ആഘോഷം തുടങ്ങിയ അവസരങ്ങളിലും വൈദ്യുതി ഉപഭോഗം താരതമ്യേന കൂടുതലാണ്. നാടിന്റെ സമഗ്രവികനസത്തിന് വൈദ്യുതി പ്രാധാന്യമുള്ള ഘടകമാണ്. പക്ഷേ പ്രഖ്യാപിത കറണ്ട് കട്ട് ജനജീവിതത്തെ വല്ലാതെ വലയ്ക്കുകയാണ്. വൈദ്യുതി കമ്മി മാറ്റുന്നതിനു വേണ്ടി ചൈനയിലെപ്പോലെ മിനിജല വൈദ്യുതി പദ്ധതികൾക്ക് പ്രാധാന്യം നൽകി നടപ്പിലാക്കണം. ആകെ 2785 ഗാർഹികാവശ്യത്തിനുള്ള വൈദ്യുതി കണ്ക്ഷനുകളും 387 ഗാർഹികേതര കണക്ഷനുകളും ഈ പഞ്ചായത്തിലുണ്ട്. കാർഷികാവശ്യത്തിന് കേവലം 4% വൈദ്യുതി മാത്രമേ ഉപയോഗിക്കുന്നുള്ളു. റ്റ്യൂബ് ലൈറ്റുകൾ സാർവത്രികമായി ഉപയോഗിച്ചാൽ വൈദ്യുതിയുടെ ഉപഭോഗം ഗണ്യമായി കുറയ്ക്കാൻ കഴിയും. ഈ പഞ്ചായത്തിൽ 22% വീടുകളിൽ മാത്രമേ റ്റ്യൂബ് ലൈറ്റ് ഉപയോഗിക്കുന്നുള്ളൂ. വൈദ്യുതി എത്താത്ത സ്ഥലങ്ങൾ ഈ പഞ്ചായത്തിൽ ഏറെയുണ്ട്.

ഈ പഞ്ചായത്ത് 7226 രൂപ പ്രതിമാസം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് തെരുവ് വിളക്കുകൾ കത്തിക്കുന്നതിന് വേണ്ടി അടക്കുന്നുണ്ട്. തെരുവ് വിളക്കുകളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| 40 W 6 മണിക്കൂർ | കത്തുന്ന ബൾബുകൾ | 263 എണ്ണം |
| 40 W 12 മണിക്കൂർ | " | 104 " |
| 60 W 6 മണിക്കൂർ | " | 60 " |
| 60 W 12 മണിക്കൂർ | " | 14 " |

റ്റൂബ് ലൈറ്റ് 40x2 ഡബിൾ റ്റ്യൂബ് 80W 37
40W സിംഗിൾ റ്റ്യൂബ് 22
250 W മെർക്കുറി വേപ്പർ ലാമ്പ്

പൊതു നിരത്തിലെ വൈദ്യുതിവിളക്കുകളുടെ എണ്ണം ഇനിയും വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ പോരായ്മ കൊണ്ടാണ് വിളക്കുകളുടെ എണ്ണം വർദ്ധിപ്പിക്കാത്തത്.

ആയൂർ 66KV കൊട്ടാരക്കര 66KV സബ് സ്റ്റേഷനുകളിൽ നിന്നുമാണ് ഈ പഞ്ചായത്തിന് വൈദ്യുതി ലഭിക്കുന്നത് 14 ട്രാൻസ്ഫോമറുകളാണ് ഈ പഞ്ചായത്തിലെ വൈദ്യുതി വിതരണത്തിന് ഉപയോഗിക്കുന്നത്

പട്ടിക താഴെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | സ്ഥിതി ചെയ്യുന്ന സ്ഥലം |
|---|---|
| 1. | കാളവയൽ |
| 2. | ചുങ്കത്തറ ആശുപത്രി |
| 3. | വെളിനല്ലൂർ I |
| 4. | വെളിനല്ലൂർ II (പാലം) |
| 5. | കരിങ്ങന്നൂർ III (ഏഴാംകുറ്റി) |
| 6. | കരിങ്ങന്നൂർ I |
| 7. | കരിങ്ങന്നൂർ 504 |
| 8. | ചെറുകുത്താടി പമ്പ് ഹൗസ് |
| 9. | പുതുശ്ശേരി |
| 10. | പാലക്കോണം |
| 11. | റോഡ് വിള I |
| 12. | റോഡ് വിള II (പാറപൊടിക്കലിനും) |
| 13. | വട്ടപ്പാറ |
| 14. | ചെങ്കൂർ |
| 15. | പാലക്കോണം |

ഉപഭോക്താക്കളുടെ എണ്ണത്തിലും കണക്റ്റഡ് ലോഡിലും അടിക്കടി വർദ്ധനവ് ഉണ്ടാകുന്നതിനാൽ ട്രാൻസ്ഫോമറുകൾ എല്ലാം തന്നെ അധിക ഭാരം പേറുകയാണ്. വോൾട്ടേജ് ലഭിക്കാതെ ഉപഭോക്താക്കൾ വലയുകയാണ്. മീയന, പുത്തൻവിള, പെരുംപുറം, അടയറ. പനയറക്കുന്ന, ആക്കൽ, റോഡ് വിള തുടങ്ങിയ സ്ഥലങ്ങളിൽ വോൾട്ടേജ് 55നും 50 നും ഇടയിലേക്ക് കുറയുന്നുണ്ട്. ആയതിനാൽ ഈ പ്രദേശങ്ങളിൽ 110V ബൾബുകളും സ്റ്റെപ്പ് അപ്പ് ട്രാൻസ്ഫോമറും ഉപയോഗിച്ചാൽ മാത്രമേ വേണ്ടവിധം വെളിച്ചം ലഭിക്കൂ.

സബ്ബ് സ്റ്റേഷനുകളിൽ തന്നെ ലഭിക്കേണ്ടതിന്റെ 75% വോൾട്ടേജ് മാത്രമേ ലഭിക്കുന്നുള്ളു എന്നതാണ് വാസ്തവം. ഈ സബ്ബ് സ്റ്റേഷനുകളിൽ വൈദ്യുതി എത്തിക്കുന്ന ലൈനുകൾ വളരെ കൂടുതൽ ലോഡ് എടുക്കുന്നുണ്ട്. ഇതു തന്നെ യാണ് പഞ്ചായത്തിൽ വോൾട്ടേജ് കിട്ടാത്തതിന്റെ മുഖ്യകാരണം. പ്രധാനമായും വൈദ്യുതി നഷ്ടമാകുന്നത് പ്രേക്ഷണ പ്രസരണ ശൃംഖലയിലെ തകരാറ് മൂലമാണ്.

രണ്ടു മാസം കൂടുമ്പോൾ മീറ്റർ റീഡിംഗ് എടുത്തുള്ള സ്പോട്ട് ബില്ലിംഗ് സമ്പ്രദായമാണ് ഈ പഞ്ചായത്തിൽ നിലവിലുള്ളത്.

## പ്രശ്നങ്ങൾ

1. വോൾട്ടേജ് കുറവ്
2. കണക്ഷനുകൾ നൽകുന്നതിൽ ബോർഡിൽ നിന്നുള്ള കാലതാമസവും പലവിധത്തിലുള്ള തടസ്സങ്ങളും
3. ഇനിയും വൈദ്യുതി എത്താത്ത സ്ഥലങ്ങൾ നിരവധിയാണ്.
4. തെരുവ് വിളക്കുകളുടെ കുറവ്
5. സൗരോർജ്ജ സ്രോതസ്സ് ഉപയോഗപ്പെടുത്തുന്നില്ല
6. ഊർജ്ജ ഉപയോഗത്തിലുള്ള അവബോധക്കുറവ്
7. വിറക്, മണ്ണെണ്ണ, ഗ്യാസ് എന്നിവയുടെ പരിമിതിയും വില കൂടുതലും
8. മിനി വൈദ്യുത നിലയത്തിന്റെ സൗകര്യം പ്രയോജനപ്പെടുത്താത്തത്.

## സാധ്യതകൾ

1. വോൾട്ടേജ് കുറവ് പരിഹരിക്കുന്നതിന് പുതിയ ട്രാൻസ്ഫോമറുകൾ ആവശ്യമുള്ള സ്ഥലങ്ങളിൽ സ്ഥാപിക്കുകയും നിലവിലുള്ളവയുടെ സ്ഥാനം പുനക്രമീകരിക്കുകയും ചെയ്യുക. സെക്കന്ററി ട്രാൻസ്ഫോമറുകളോടനുബന്ധിച്ചുള്ള എൽ.റ്റി ലൈനുകളിൽ ബൂസ്റ്റർ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുക. ഗുണനിലവാരമുള്ള വൈദ്യുത കമ്പികൾ ഉപയോഗിക്കുക, പവ്വർ ലൈനുകളിലേയും എൽ.റ്റി ലൈനുകളിലേയും ടച്ചിംഗ് കൃത്യസമയത്ത് തന്നെ വെട്ടിമാറ്റുക. ട്രാൻസ്ഫോമറുകളുടെയും വൈദ്യുത ലൈനിന്റെയും അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യുക.
2. കണക്ഷൻ നൽകുന്നതിനുള്ള കാലതാമസവും മറ്റു തടസ്സങ്ങളും ഒഴിവാക്കുക
3. മേജർ സെക്ഷൻ ഓഫീസ് സ്ഥാപിച്ച് ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്ക് തക്ക സമയത്ത് പരിഹാരം കണ്ടെത്തുക. വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കാനുള്ള നടപടി സ്വീകരിക്കുക.
4. തെരുവ് വിളക്കുകൾ ആവശ്യാനുസരണം നൽകണം.
5. സൗരോർജ്ജ സ്രോതസ്സുകൊണ്ടുള്ള സൂര്യറാന്തൽ, ലാക്ടോഫ്ളൂറസെന്റ് ലാമ്പ് എന്നിവക്ക് സബ്സിഡി നൽകി വ്യാപകമായി പ്രചരിപ്പിച്ചു ഉപയുക്തമാക്കുക. വൈദ്യുതി എത്തിക്കാൻ പശ്ചാത്തല സൗകര്യമില്ലാത്ത സ്ഥലങ്ങളിൽസൂര്യറാന്തൽ എല്ലാ കുടുംബങ്ങൾക്കും ലഭിക്കാൻ യുദ്ധകാലാടിസ്ഥാന പ്രാധാന്യം നൽകി

വൈദ്യുതി എത്താത്ത സ്ഥലം ഈ പഞ്ചായത്തിലില്ല എന്നു ഉറപ്പു വരുത്തുക

6. വൈദ്യുതി ഉപയോഗത്തിൽ മിതത്വം പാലിക്കുകയും ഉപയോഗക്രമത്തിൽ അവബോധം സൃഷ്ടിക്കുകയും ചെയ്യുക. റ്റ്യൂബ് ലൈറ്റ് സാർവത്രികമായി ഉപയോഗിച്ചു വൈദ്യുതി ലാഭം ഉണ്ടാക്കുക.

7. ദക്ഷത കൂടിയ അടുപ്പുകൾ ഉപയോഗിച്ചു വിറക് ലാഭകരമാക്കുന്നതിന് (പരിഷത്ത് അടുപ്പ് - ശ്രീകാര്യം ജേക്കബ്സ് അടുപ്പ് ) പ്രചരണം നൽകണം. ANERT (Agency for Non Conventional Energy & Rural TEchnology) മുഖേന ലഭിക്കുന്ന എല്ലാ സഹായവും ജനങ്ങൾക്ക് ലഭിക്കാനുള്ള സാധ്യത ഉണ്ടാക്കണം. ഇന്ധന ലാഭം പൂർണ്ണമായി ലഭിക്കുന്ന "കച്ചിപ്പെട്ടി സമ്പ്രദായം" ജനങ്ങളെ പഠിപ്പിച്ചു പ്രായോഗിക ജീവിതത്തിന് മുതൽകൂട്ടാക്കണം. വിറക് കൂടുതൽ ലഭിക്കുന്നതിന് സാമൂഹ്യ വനവൽക്കരണം നടപ്പാക്കണം.

10. വെളിനല്ലൂർ പഞ്ചായത്തിനും സമീപ പഞ്ചായത്തുകളായ ഇളമാട്, ചടയമംഗലം തുടങ്ങിയ പഞ്ചായത്തുകൾക്കും കൂടി ആവശ്യമായ വൈദ്യുതി ലഭിക്കാൻ സഹായിക്കുന്ന "കല്ലടത്തണ്ണി" മിനി ജലവൈദ്യുത പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കണം. KSEB ഈ പദ്ധതിക്ക് രൂപ രേഖ നൽകി അവശ്യം വേണ്ട പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. നാടിന്റെ നാനോന്മുഖമായ സമഗ്രവികസനത്തിന് പ്രാപ്തമായ ഈ മിനി ജലവൈദ്യുത പദ്ധതി നടപ്പിലാക്കിയാൽ 9.50 MW വൈദ്യുതി ലഭിക്കുന്നതാണ്. വ്യവസായ രംഗത്ത് പുത്തൻ ഉണർവ് പകർന്നു കൊണ്ട് ഈ പഞ്ചായത്തിന് വികസനത്തിന്റെ പടവുകൾ കടന്നു കയറാൻ ഇത് സഹായകരമാകും. ❑

# ഗതാഗതം

വെളിനല്ലൂർ പഞ്ചായത്തിലെ പ്രധാനപ്പെട്ട ഗതാഗത മാർഗ്ഗം റോഡാണ്. ഈ പഞ്ചായത്തിലെ റോഡുകളുടെ ആകെ നീളം 205.03km PWD ടാർ റോഡ് 11,10 Km Dw PWD ടാർ ചെയ്യാത്ത റോഡ് 4,50 ഗാ ഉം ആണ്. റോഡുകൾ നീളത്തിൽ കൂടുതൽ ഉണ്ടെങ്കിൽ തന്നെയും റോഡുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. ഇത്തിക്കരയാറും ഒരതിരായി ഒഴുകുന്ന 4 കടവുകളിൽ പഞ്ചായത്തിന്റെയും 2 കടവുകളിൽ PWD യുടെയും വള്ളം ഉപയോഗിക്കുന്നു.

ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്ന പ്രധാന PWD റോഡ് ആയൂർ ഇത്തിക്കര റോഡാണ്. ജില്ലാ ആസ്ഥാനമായ കൊല്ലത്തേക്ക് ധാരാളം ബസ്സ് സർവ്വീസ് നിലവിലുണ്ടെങ്കിലും പഞ്ചായത്തിന്റെ 80% ഭാഗത്തു താമസിക്കുന്നവർക്ക് താലൂക്ക് ആസ്ഥാനമായ കൊട്ടാരക്കര എത്തുന്നതിന് നേരിട്ടുള്ള ബസ്സ് സർവ്വീസ് കേവലം ഒരെണ്ണം മാത്രമേ ഉള്ളു.

ഓയൂർ, വെളിനല്ലൂർ, അമ്പലം കുന്ന്, റോഡുവിള എന്നീ സ്ഥലങ്ങളിലായി നാലു വെയിറ്റിംഗ് ഷെഡുകളുണ്ട്. എന്നാൽ ബസ്സ് സ്റ്റാന്റോ, ആട്ടോറിക്ഷാ സ്റ്റാന്റോ, ടാക്സി സ്റ്റാന്റോ ഇ പഞ്ചായത്തിലില്ല. റോഡരികുകളിലാണ് കാർ, ആട്ടോറിക്ഷാ, ടെമ്പോ, ജീപ്പ് തുടങ്ങിയ വാഹനങ്ങൾ പാർക്ക് ചെയ്യുന്നത്. അതുകൊണ്ടു തന്നെ ഗതാഗതകുരുക്കുകൾ പലപ്പോഴും ഉണ്ടായി യാത്രക്കാർ വലയാറുണ്ട്. ലോറി, മിനിലോറി, ടെമ്പോ പെട്ടി ആട്ടോ എന്നിവ സാർവ്വത്രികമാണ്.

നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപണികളും പുതിയ റോഡുകളുടെ നിർമ്മാണാവശ്യങ്ങളുമാണ് കൂടുതൽ സമയമെടുത്ത് ഗ്രാമസഭകളിൽ ചർച്ച ചെയ്തത്. ഇതിൽ നിന്ന് തന്നെ ഈ പഞ്ചായത്തിലെ റോഡു നിർമ്മാണത്തിന്റെ ആവശ്യകത വിളിച്ചറിയിക്കുന്നു.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ പല പ്രധാന ഭാഗങ്ങളും ബന്ധപ്പെടാനുള്ള റോഡുകളുടെ കുറവ്
2. റോഡുകൾക്ക് ഓടകളില്ല.
3. പല റോഡുകളുടെയും തീരെ സഞ്ചാരയോഗ്യമല്ല.
4. ബസ്സ് സർവ്വീസ് ആവശ്യത്തിനില്ല.

5. മരക്കൊമ്പുകൾ റോഡിലേക്ക് വളർന്നിറങ്ങി ഗതാഗത തടസ്സമുണ്ടാക്കുകയും ഉള്ള റോഡ് വ്യക്തികൾ കയ്യേറുകയും ചെയ്യുന്നുയ

6. ആവശ്യത്തിന് വെയിറ്റിംഗ് ഷെഡ്ഡില്ല.

7. പാലങ്ങൾ, കലുങ്കുകൾ, സ്ലാബുകൾ എന്നിവയുടെ കുറവ്

8. ബസ്സുകളുടെ എണ്ണക്കുറവും അശാസ്ത്രീയമായ സമയ ക്രമവും

9. റോഡുകളുടെ ടാറിംഗ് യഥാവസരം നടക്കുന്നില്ല.

10. വാഹനങ്ങളുടെ മത്സര ഓട്ടം

## സാദ്ധ്യതകൾ

1. പുതിയ റോഡുകൾ എല്ലാ വാർഡുകളിലും ആവശ്യമായിട്ടുണ്ട്. ഈ പഞ്ചായത്തിലെ പല പ്രധാനപ്പെട്ട കേന്ദ്രങ്ങളുമായും ബന്ധപ്പെടാനുള്ള റോഡുകൾ പൂർത്തിയാക്കണം. ജനകീയ പങ്കാളിത്തത്തോടെ റോഡുകളുടെ പണി പൂർത്തിയാക്കാവുന്നതാണ്. മുൻഗണനാ ക്രമത്തിൽ റോഡുകളുടെ പട്ടിക പൂർത്തിയാക്കി കൊണ്ട് ജനകീയാസൂത്രണ സമിതി വിഭാവന ചെയ്തിരിക്കുന്ന വിധം പൂർത്തിയാക്കണം.

2. നിലിവിലുള്ള റോഡുകൾക്ക് ഓടകളില്ല. വെള്ളം ഒഴുകിപ്പോകാനുള്ള സാദ്ധ്യതയുണ്ടായാൽ മാത്രമേ റോഡുകൾക്കാവശ്യമായ സംരക്ഷണം നില നിൽക്കുകയുള്ളൂ.

3. റോഡുകളുടെ അറ്റകുറ്റപണികൾ നടത്തി സഞ്ചാരയോഗ്യമാക്കണം.

4. ഈ പഞ്ചായത്തിൽ ബസ്സ് സർവ്വീസ് എല്ലാ ഭാഗത്തും എത്തുന്നില്ല. എല്ലാ ഭാഗത്തും താമസിക്കുന്നവർക്ക് യാത്രാ സൌകര്യം ലഭിക്കത്തകവിധം ബസ്സ് സർവ്വീസകുൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം.

5. പുരയിടങ്ങളിൽ നിന്നും മരക്കൊമ്പുകൾ റോഡിലേക്ക് പ്രത്യേകിച്ചും (പഞ്ചായത്ത് റോഡുകളിൽ) വളർന്നിറങ്ങി വാഹനങ്ങളുടെ സർവ്വീസിന് തടസ്സമുണ്ടാക്കുന്നു. ഈ വൃക്ഷക്കൊമ്പുകൾ മുറിച്ചു മാറ്റുകയും പൊതുവഴി വ്യക്തികൾ കയ്യേറ്റം നടത്തി റോഡുകളുടെ വിസ്തീർണ്ണം കുറയ്ക്കുകയും ചെയ്യുന്ന പ്രവണതയെ നിരുത്സാഹപ്പെടുത്തണം.

6. പ്രധാനപ്പെട്ട ബസ്സ് സ്റ്റോപ്പുകളിലെല്ലാം വെയിറ്റിംഗ് ഷെഡ്ഡുകൾ സ്ഥാപിക്കേണ്ടതാണ്.

7. പഞ്ചായത്തിലെ പല റോഡുകളും വയലേലകളുടെയും തോടുകളുടെയും അരുകിൽ വന്നു നിൽക്കുകയാണ്. ഈ ഭാഗങ്ങളിൽ ആവശ്യമായ പാലം, കലുങ്ക് , സ്ലാബ് തുടങ്ങിയവ നിർമ്മിച്ച് ഇരുകരകളെയും ബന്ധപ്പെടുത്തി ഉപയുക്തമാക്കണം.

8. ബസ്സ് സർവ്വീസുകളുടെ സമയം ശാസ്ത്രീയമായി പുനക്രമീകരണം ഉണ്ടാക്കി കൂടുതൽ ജനോപകരപ്രദമാക്കണം.

9. പ്രധാന ജംഗ്ഷനുകളിൽ വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഉണ്ടാക്കണം.

10. പഞ്ചായത്ത് റോഡുകളുടെ പ്രാധാന്യമനുസരിച്ചുള്ള ക്രമത്തിൽ റോഡുകൾ ടാർ ചെയ്യേണ്ടതാണ്. ഇത്തരം റോഡുകൾ ടാർ ചെയ്യുന്നതിന് വേണ്ടി സർക്കാർ തലത്തിൽ ടാർ ലഭ്യമാക്കി റോളറും അനുബന്ധ ഉപകരണങ്ങളും കൂടി തന്നാൽ ജനകീയാസൂത്രണ സമിതി വിഭാവന ചെയ്തിരിക്കുന്ന രീതിയിൽ ജനകീയ പങ്കാളിത്തത്തോടെ ഈ പഞ്ചായത്തിലെ മുഴുവൻ റോഡുകളും കേവലം 5 വർഷങ്ങൾക്കുള്ളിൽ ടാർ ചെയ്തു പൂർത്തിയാക്കാൻ കഴിയും.

11. വാഹനങ്ങളുടെ മത്സര ഓട്ടത്തിന് നിയന്ത്രണമുണ്ടാക്കി അപകടങ്ങൾ ഒഴിവാക്കണം.

# പാർപ്പിടം

ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് പാർപ്പിടം. പുരോഗതിയുടെ പന്ഥാവിലൂടെയുള്ള മനുഷ്യന്റെ പ്രയാണത്തിൽ കെട്ടിടത്തിന്റെ തറ തന്നെ വെറും മണ്ണ്, ചാണകം മെഴുകിയ മൺതറ, കോൺക്രീറ്റ് മൊസൈക്ക് എന്നീ വെട്ടുകല്ല്, ചുടുകട്ട, എന്നിവയുടെ ഘട്ടം ഘട്ടമായി മാറ്റത്തിലൂടെ ഹോളോ ബ്രിക്സിലെത്തി. പുല്ല്, ഓല, ഓട് എന്നിങ്ങനെ മേൽക്കൂര മാറ്റം ടെറസ്സിന് വഴി മാറി കൊടുക്കുന്നു. ഇത്തരം മാറ്റങ്ങളുടെ കാറ്റ് കാര്യമായി വീശാൻ തുടങ്ങിയിട്ട് 50 വർഷങ്ങളേ ആയിട്ടുള്ളു. കോൺക്രീറ്റ് സൗധങ്ങൾ പഞ്ചായത്തിന്റെ പല ഭാഗത്തും ആകർഷകങ്ങളായി ഉയരുന്നുണ്ടെങ്കിൽത്തന്നെയും ഉള്ള വീടിന് പ്രാഥമികാവശ്യ സൗകര്യങ്ങളോ കെട്ടുറപ്പോ, ഭദ്രതയോ നൽകാൻ കഴിയാതെ ഉഴലുന്ന ജനവിഭാഗം വെളിനല്ലൂർ പഞ്ചായത്തിൽ ധാരാളമുണ്ട്.

ഈ പഞ്ചായത്തിൽ ഇപ്പോൾ 4519 കുടുംബങ്ങളുണ്ട്. അവരുടെ വിവിധ ആവശ്യങ്ങൾക്കായി നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങളുടെ തരം തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലകളുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽക്കൂരയുടെ സ്വഭാവം | | | | വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| I | 920 | 16 | 198 | 359 | 367 | — | 7 |
| II | 783 | 15 | 189 | 272 | 322 | — | 19 |
| III | 552 | 9 | 131 | 212 | 209 | — | 8 |
| IV | 897 | 20 | 244 | 362 | 291 | — | 10 |
| V | 564 | 7 | 146 | 190 | 228 | — | 16 |
| VI | 698 | 6 | 137 | 226 | 335 | — | — |
| VII | 636 | 7 | 130 | 209 | 297 | — | 35 |
| VIII | 732 | 3 | 74 | 201 | 457 | — | 25 |
| IX | 738 | 4 | 106 | 257 | 375 | — | — |
| X | 873 | 10 | 184 | 272 | 417 | — | 38 |

വെളിനല്ലൂർ പഞ്ചായത്തിൽ നിലവിൽ 11 വാർഡുകൾ ഉണ്ട് 10 വാർഡുകൾ ഉണ്ടായിരുന്നപ്പോൾ രേഖപ്പെടുത്തിയിരുന്ന കണക്കുകളാണ് മേൽ ഉദ്ധരിച്ചിരിക്കുന്നത്. കെട്ടിടങ്ങളുടെ നല്പു നില്പു അനുസരിച്ച് ഏറിയും കുറഞ്ഞും പഞ്ചായത്ത് നികുതി ഈടാക്കി വരുന്നു. ദുർബല വിഭാഗങ്ങളുടെ കുടിലുകൾക്ക് പഞ്ചായത്ത് നികുതി ഈടാക്കുന്നില്ല. ചേരി നിവാസികളായി പഞ്ചായത്തിൽ ആരും തന്നെയില്ല. ഭവനരഹിതരായിട്ടുള്ളവർ വളരെ കുറവാണെങ്കിൽപോലും ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ചു നൽകി പുനരുദ്ധരിക്കേണ്ടതുണ്ട്.

സർക്കാർ സഹായത്തോടെ ഈ അടുത്ത കാലത്ത് നിർമ്മിച്ചിട്ടുള്ള വീടുകൾക്ക് കക്കൂസ്, പുകയില്ലാത്ത അടുപ്പ്, വയറിംഗ് എന്നിവ കൂടി ചെയ്തു പശ്ചാത്തല സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നുണ്ട്. ലക്ഷം വീട്, ജയന്തി കൈരളി, തുടങ്ങിയ ഭവനനിർമ്മാണ പദ്ധതികളിലൂടെ സർക്കാർ

സഹായത്തോടെ ഈ പഞ്ചായത്തിലും വീടുകൾ പണിത് നൽകിയിട്ടുണ്ട്. ലക്ഷം വീട് പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പഞ്ചായത്തിൽ പനയറകുന്ന് 19, മോട്ടാർകുന്ന് 16, റോഡുവിള 13, മീയന 38 ഉം വീടുകൾ പണിത് ജനങ്ങൾക്ക് നൽകിയിട്ടുണ്ട്. പക്ഷേ! ഈ കെട്ടിടങ്ങളുടെ ബലക്ഷയം മൂലം പുതിയ കെട്ടിടം നിർമ്മിച്ച് നൽകി ഈ കുടുംബങ്ങളെ ഒക്കെ പുനരധിവസിപ്പിക്കേണ്ടതുണ്ട്. ലക്ഷം വീട് പദ്ധതിയിലല്ലാതെ തന്നെ 22 കുടുംബങ്ങൾക്കു കാരയ്ക്കൽ എന്ന സ്ഥലത്ത് വസ്തു വാങ്ങി കെട്ടിടം നിർമ്മിച്ചു നൽകിയിട്ടുണ്ട്.

പരമ്പരാഗത വാസ്തുശിൽപ മാതൃക കെട്ടിട നിർമ്മാണ രംഗത്ത് നിന്നും അപ്രത്യക്ഷമായിതക്കൊണ്ടിരിക്കുന്നു. കെട്ടിടം നിർമ്മിക്കുന്നതിന് കമ്പി, സിമന്റ്, പാറ, ചുടുകട്ട, വെട്ടുകല്ല് മണൽ തടി, എന്നിവയാണ് ഉപയോഗിക്കുന്നത്. ഗൾഫ് രാഷ്ട്രങ്ങളിൽ പോയി നമ്മുടെ ജനങ്ങൾ കഠിനാധ്വാനം ചെയ്തുണ്ടാക്കുന്ന പണം അമിതമായ ഭ്രമത്തോടെ കെട്ടിട നിർമ്മാണ രംഗത്ത് കൂടുതലും ചിലവിടുകയാണ്. സമ്പദ് വർദ്ധന ഉണ്ടാക്കാവുന്ന വ്യാപാര വ്യാവസായിക വികസന രംഗങ്ങളിലേക്ക് ക്രിയാത്മകമായി ഈ തുക വിനിയോഗിച്ചാൽ രാജ്യത്തിന് കൂടുതൽ മുതൽകൂട്ടാകാം. ആർഭാട നിർമ്മാണങ്ങളെ നിരുത്സാഹപ്പെടുത്തുന്നതിനാ വശ്യമായ ബോധവൽക്കരണത്തിലൂടെ ഈ അമിതഭ്രമത്തെ കടിഞ്ഞാണിടേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

കെട്ടിട നിർമ്മാണ തൊഴിലാളികൾക്കു ആകർഷകമായ വേതനം ലഭിച്ചു വരുന്നു. കോൺട്രാക്ട് വ്യവസ്ഥയിൽ നിർമ്മാണ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാനുള്ള പ്രവണതയാണ് ജനങ്ങളിലുള്ളത്. ഹൗസ്സിംഗ് സൊസൈറ്റികൾ ഈ പഞ്ചായത്തിൽ പ്രവർത്തനത്തിലില്ല. താലൂക്കു തല ഹൗസ്സിംഗ് സൊസൈറ്റിയെയാണ് ജനങ്ങൾ ആശ്രയിക്കുന്നത്

## പ്രശ്നങ്ങൾ

1. കെട്ടിട നിർമ്മാണ സാധന സാമഗ്രികളുടെ അടിക്കടിയുള്ള വില വർദ്ധനവ്
2. വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ കുറവ്.
3. ജനങ്ങളുടെ സാമ്പത്തിക ശേഷികുറവ്
4. ലക്ഷം വീട് കോളനികളെ പ്പോലുള്ള കേന്ദ്രങ്ങളുടെ പശ്ചാത്തല സൗകര്യക്കുറവ്
5. ഗവ. തലത്തിലും മറ്റു ഏജൻസികൾ മുഖേനയും വായ്പകൾ ലഭിക്കുന്നതിനുള്ള കാലതാമസവും ബുദ്ധിമുട്ടുകളും
7. ആർഭാടമുള്ള കെട്ടിട നിർമ്മാണത്തിന്റെ അമിതമായ ഭ്രമം
8. ചിലവു കുറഞ്ഞതും മേന്മയുള്ളതുമായ കെട്ടിട നിർമ്മാണത്തെക്കുറിച്ചുള്ള സാങ്കേതിക പരിജ്ഞാനക്കുറവ്
9. തൊഴിലാളികളെ തക്കസമയത്ത് കിട്ടുന്നതിനും കെട്ടിട നിർമ്മാണ സാധന സാമഗ്രികൾ യഥേഷ്ടം നിയന്ത്രിത വിലക്ക് ലഭിക്കുന്നതിനും നിർമ്മാണ രംഗത്തെക്കുറിച്ചുള്ള സാങ്കേതിക പരിജ്ഞാനം ഉറപ്പു വരുത്തുന്നതിനും ഒരു സ്ഥാപനം പഞ്ചായത്ത് തലത്തിൽ ഇല്ലാത്തതിന്റെ പോരായ്മ

## സാധ്യതകൾ

1. കെട്ടിട നിർമ്മണ സാധന സാമഗ്രികൾ നിയന്ത്രിത വിലക്ക് ലഭിക്കാനുള്ള സൗകര്യം ഉണ്ടാക്കുക
2. നിർമ്മാണ തൊഴിലാളികളെ വേണ്ടവിധം ലഭിക്കുന്നതിനും പരിശീലനം നൽകുന്നതിനും വേണ്ട സൗകര്യം സൃഷ്ടിക്കുക
3. ദാരിദ്ര രേഖയ്ക്ക് താഴെയുള്ള എല്ലാ ജനങ്ങൾക്കും വീട് നിർമ്മിച്ചു നൽകി അവരുടെ ജീവിത നിലവാരം ഉയർത്താൻ സഹായിക്കുക
4. നിലവിലുള്ള കോളനികളിലെ വീടുകൾക്ക് പശ്ചാത്തല സൗകര്യം യുദ്ധകാലാടിസ്ഥാനത്തിൽ നൽകുക
5. കെട്ടിട നിർമ്മാണ വായ്പ ലഘൂകരിക്കുക
6. ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണത്തെക്കുറിച്ചു ലോറി ബേക്കറുടെയും നിർമ്മിതി കേന്ദ്രത്തിന്റെയും സഹായം തേടി ചർച്ചാ ക്ലാസ്സുകളിലൂടെ ജനങ്ങൾക്ക് അവബോധമുണ്ടാക്കുക
7. തടിയുടെ അമിതവിലയെ പരിഗണിച്ചു കെട്ടിടങ്ങൾക്കുള്ള കട്ള, ജനൽ എന്നിവക്ക് തടിപടിക്ക് പകരം കോൺക്രീറ്റ് പടികൾ ഉപയോഗിച്ച് ചെലവ് ചുരുക്കണം., കക്കൂസുകളിൽ പ്ലാസ്ററിക് കതകു പൂർണ്ണമായും ഉപയോഗിച്ചാൽ വെള്ളത്തിന്റെ സാന്നിദ്ധ്യത്തിൽ തടിയ്ക്കുണ്ടാകുന്ന കേടും നഷ്ടവും വരുന്നില്ല. സാധാരണ വാതിലിന് പകരം പുൽമതിൽ,സ്ലാബ് മതിൽ എന്നിവക്കും പ്രാധാന്യം നൽകണം. സ്ലാബ് മതിൽ ഉപയോഗിക്കുന്നിടത്ത് പാറ ഇറക്കി ഫൗണ്ടേഷൻ ഉണ്ടാക്കാതെ ലാഭകരമാക്കാം.

ഇത്തരം സാധനങ്ങൾ ഉണ്ടാക്കി ജനങ്ങൾക്ക് ആവശ്യത്തിനും ലഭിക്കാനും വിദഗ്ദ്ധ തൊഴിലാളികളെ സഹിതം തക്ക സമയത്ത് നിർമ്മാണ രംഗത്തേക്ക് സുലഭമായി ഉറപ്പു വരുത്താനും കെട്ടിട നിർമ്മാണ സാധനസാമഗ്രികൾ യഥേഷ്ടം നിയന്ത്രിത വിലക്ക് ഉപഭോക്താവിന് നൽകാനും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചു കെട്ടിട നിർമ്മാണ രംഗത്തെ കൂടതൽ ഫലപ്രദമാക്കാനും ഒരു സഹകരണ സ്ഥാപനം പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കി ജനോപകാര പ്രദമാക്കണം. □

# ♦ സാമൂഹ്യക്ഷേമം ♦

സാമൂഹ്യക്ഷേമം -

'ദരിദ്ര നാരായണ സേവനം' നമ്മുടെ സ്വാതന്ത്ര സമരത്തിന്റെ മുദ്രാവാക്യങ്ങളിൽ ഒന്നായിരുന്നവല്ലോ. അതുകൊണ്ട് ദരിദ്രർക്ക് വേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾ ഏറ്റവും പ്രധാനമാണ്.

IRDP സർവ്വെ പ്രകാരം പഞ്ചായത്തിലെ 2413 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്ന് കണ്ടെത്തുകയുണ്ടായി

ദാരിദ്ര രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ വാർഡ് തിരിച്ചുള്ള പട്ടിക

| | | |
|---|---|---|
| ഓയൂർ | 200 | കുടുംബങ്ങൾ |
| കാളവയൽ | 226 | " |
| ഉഗ്രംകുന്ന് | 165 | " |
| കരിങ്ങന്നൂർ | 245 | " |
| ആറ്റൂർകോണം | 227 | " |
| ആക്കൽ | 264 | " |
| ചെറിയ വെളിനല്ലൂർ | 255 | " |
| നെടുവേലി | 349 | " |
| ചെങ്കൂർ | 236 | " |
| മീയന | 246 | " |
| ആകെ | 2413 | |

282 പട്ടികജാതി കുടുംബങ്ങളും ഇതിൽപെടുന്നു. വിവിധ വാർഡുകളിൽ ആയി 167 പേർക്ക് സഹായങ്ങൾ ലഭിച്ചിട്ടുണ്ട്.

സഹായം പ്രയോജനപ്പെടുത്തി ദാരിദ്ര്യരേഖക്ക് മുകളിൽ വന്ന കുടുംബങ്ങൾ 63

ഇപ്പോൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ 2350

ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി 1992 മുതൽ നടപ്പിലാക്കിയ ട്രൈസം തൊഴിൽ പരിശീലനം നേടിയവർ പഞ്ചായത്തിൽ ഉണ്ട്. പ്രിന്റിംഗ്, ഗൃഹോപകരണങ്ങൾ നന്നാക്കൽ മേശിരിപണി വെൽഡിംഗ് കമ്പ്യൂട്ടർ കോഴ്സ് OLevel എന്നീ തൊഴിലുകളാണ് പരിശീലിപ്പിച്ചത്. ഈ തൊഴിലുകളിൽ 12 പേർ പരിശീലനം നേടി. ഇവരിൽ 7 പേർ പരിശീലനം പൂർത്തിയാക്കി സ്വയം തൊഴിലിൽ ഏർപ്പെട്ടു. 5 പേർ ഇതര തൊഴിലുകളിൽ ഏർപ്പെട്ടു.

സാമൂഹ്യക്ഷേമ വകുപ്പ് വഴിയും മറ്റ് വകുപ്പുകൾ വഴിയും വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾ ലഭിക്കാത്തവർ വളരെ കൂടുതൽ ആണ് പഞ്ചായത്തിൽ. വിധവാ പെൻഷൻ, വികലാംഗ പെൻഷൻ ഇവക്ക് സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ സാങ്കേതിക കാരണങ്ങളാൽ പലപ്പോഴും അധികൃതർ തള്ളിക്കളയുന്നു. വില്ലേജ് ആഫീസിൽ നിന്നും സർട്ടിഫിക്കറ്റ് വാങ്ങാനും പ്രയാസമാണ്.

പഞ്ചായത്തിലെ വികലാംഗരുടെ വിവരം

| | |
|---|---|
| ചലനശക്തി ഇല്ലാത്തവർ | 267 |
| കാഴ്ച ശക്തി ഇല്ലാത്തവർ | 11 |
| കേൾവി ഇല്ലാത്തവർ | 18 |
| മന്ദബുദ്ധികൾ | 21 |
| മറ്റ് വൈകല്യങ്ങൾ | 7 |
| ആകെ | 324 |

വികലാംഗ വിദ്യാർത്ഥികൾക്കുള്ള കേന്ദ്രസ്കോളർഷിപ്പ് തൊഴിൽ പരിശീലനത്തിനുള്ള

സംസ്ഥാന സ്കോളർഷിപ്പ് ബുദ്ധി മാന്ദ്യം സംഭവിച്ച കുട്ടികൾക്കുള്ള സ്കോളർഷിപ്പ് ഇവ ഈ പഞ്ചായത്തിൽ ആർക്കും കിട്ടുന്നില്ല.

വികലാഗംർക്ക ആവശ്യമായ പ്രത്യേക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയിൽപെടുത്തി സഹായിക്കേണ്ടുന്ന ഏതാനും വികലാംഗർ പഞ്ചായത്തിൽ ഉണ്ട്. ചിത്രരചനയിലും ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ റിപ്പയർ പണികളിലും വരെ താൽപര്യവും കഴിവും ഉള്ളവർ ഇക്കൂട്ടത്തിൽ ഉണ്ട്.

## പ്രശ്നങ്ങൾ

1. IRDP ലിസ്റ്റ് പൂർണ്ണമില്ല

2. IRDP സ്കീമിൽ പെടുന്ന പദ്ധതികൾക്ക് കൊമേഴ്സ്യൽ ബാങ്കുകൾ ധനസഹായം നൽകാൻ മടിക്കുന്നു. സഹകരണ ബാങ്കുകൾ വസ്തു ജാമ്യം ആവശ്യപ്പെടുന്നു.

3. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളുടെ ഗുണഭോക്താക്കശളെ നിശ്ചയിക്കുന്നതിൽ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നില്ല.

4 JRY ഉൾപ്പെടെയുള്ള തൊഴിൽ ദാല പദ്ധതിതികൾക്ക് ഗുണഭോക്താക്കളെ നിശ്ചയിക്കുമ്പോൾ IRDP ലിസ്റ്റിലുള്ളവർക്ക് മുൻഗണന നൽകുന്നില്ല.

## സാധ്യതകൾ

1. സാമൂഹ്യക്ഷേമവകുപ്പ്, പട്ടികജാതി ക്ഷേമ വകുപ്പ് ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് തുടങ്ങിയ വിവിധ ഏജൻസികൾ നൽകുന്ന സഹായം ഏകോപിപ്പിച്ച്, ഗ്രാമപഞ്ചായത്ത് വഴി വിതരണ ചെയ്യണം.

2.ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾക്ക് ഗുണഭോക്താക്കളെ നിശ്ചയിക്കുന്ന നടപടി കൂടുതൽ സുതാര്യമാക്കണം.

3. IRDP സ്കീമിൽ വായ്പ അനുവദിക്കുമ്പോൾ പ്രസ്തുത പദ്ധതിയുടെ ജാമ്യം മാത്രമേ നിർബന്ധമാക്കാൻ പാടുള്ളു.

4. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളെകുറിച്ച് യഥാസമയം ഗുണഭോക്താക്കൾക്ക് അറിവ് നൽകണം. ❑

# ത്രിതീയ മേഖല

# ആരോഗ്യം

താഴെ കൊടുത്തിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ ആണ് ആരോഗ്യമേഖലയെ വിലയിരുത്തേണ്ടത്.

(1) പഞ്ചായത്തിലെ പൊതുമരണനിരക്ക്

(2) ശിശുമരണനിരക്ക്

(3) മാതൃമരണനിരക്ക്

(4) ജനനനിരക്ക്

മേൽപ്പറഞ്ഞ നിരക്കുകൾ സംസ്ഥാന നിരക്കുമായി താരതമ്യപ്പെടുത്തേണ്ടിയിരിക്കുന്നു.

| | പഞ്ചായത്ത് നിരക്ക് | സംസ്ഥാനനിരക്ക് |
|---|---|---|
| പൊതുമരണനിരക്ക് | 9.3 | 5.9 |
| ശിശുമരണനിരക്ക് | 20.3 | 16 |
| മാതൃമരണനിരക്ക് | 95-96 വർഷം ഗർഭസംബന്ധമായ മരണമില്ല | 1 ൽ താഴെ |
| ജനനനിരക്ക് | 18.2 | 17 |

ആരോഗ്യപരിപാലന മേഖലയിൽ, സംസ്ഥാനത്തെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് നമ്മുടെ പഞ്ചായത്തെന്ന് ഈ കണക്കുകൾ വെളിപ്പെടുത്തുന്നു.

കുട്ടികളുടെ പ്രായഘടന

| | |
|---|---|
| ഒരു വയസ്സിനു താഴെ പ്രായമുള്ളവർ | 339 |
| ഒരു വയസ്സിനും രണ്ടു വയസ്സിനും മദ്ധ്യേ | 534 |
| രണ്ടു വയസ്സുമുതൽ മൂന്നു വയസ്സുവരെ | 661 |
| മൂന്നു വയസ്സു മുതൽ അഞ്ചു വയസ്സു വരെ | 765 |
| അഞ്ചു വയസ്സു മുതൽ ആറു വയസ്സു വരെ | 818 |
| ആകെ | 3117 |

(അവലംബം ബാലവാടിയിൽ നിന്നും ശേഖരിച്ച സ്ഥിതിവിവര കണക്ക്)

ഇവരിൽ ഒരു വയസ്സിനു താഴെ പ്രായമുള്ള 339 കുട്ടികളും 13 CG, ഡി.പി.റ്റി, പോളിയോ, റ്റി.റ്റി.മീസൽസ് പ്രതിരോധ കുത്തിവയ്പുകൾക്ക് ഇതിനകം തന്നെ വിധേയരായിട്ടുണ്ട്. സമീപകാലത്ത് ദേശീയ ഹോമിയോ നിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായി നടത്തപ്പെട്ട പ്രതിരോധ നടപടികളും ഈ പഞ്ചായത്തിൽ വിജയകരമായി നടത്തിയിട്ടുണ്ട്.

പഞ്ചായത്തിലെ ഗർഭിണികൾ, അമ്മമാർ ഇവരെ സംബന്ധിക്കുന്ന സ്ഥിതിവിവരകണക്കുകൾ ആണ് ചുവടെ കൊടുത്തിരിക്കുന്നത്.

| | |
|---|---|
| (1) ഗർഭിണികളുടെ എണ്ണം | 205 |
| (2) മുലയൂട്ടുന്ന അമ്മമാർ (6 മാസം വരെ പ്രായമുള്ള കുട്ടികൾ) | 173 |
| (3) ഒരു കുട്ടിയുള്ളവർ | 728+ |
| (4) രണ്ട് കുട്ടികൾ ഉള്ളവർ | 1533+ |
| (5) രണ്ടിൽ കൂടുതൽ കുട്ടികൾ ഉള്ളവർ | 1135+ |
| | = 3396 |

ആകെ ഗർഭിണികളിൽ 28.7 ശതമാനത്തിനും മുലയൂട്ടുന്ന അമ്മമാരിൽ 38.7 ശതമാനത്തിനും മാത്രമാണ് വിവിധ ആനുകൂല്യങ്ങൾ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ളത്.

ഗർഭിണികളിൽ TT കുത്തിവയ്പിന് വിധേയമായവർ 203 പേർ ഉണ്ട്.

വിവിധ പ്രായക്കാരായി കുടുംബക്ഷേമ പദ്ധതികളുടെ പരിധിയിൽ വരാൻ അർഹരായ 3580 ദമ്പതികൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഇവരിൽ 2959 പേർ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

പകർച്ചവ്യാധികൾ കൂടെക്കൂടെ പഞ്ചായത്തിൽ തല പൊക്കുന്നു. മഞ്ഞപ്പിത്തം, ഛർദ്ദി, അതിസാരം തുടങ്ങിയ രോഗങ്ങൾ സമീപകാലത്ത് കൂടുതൽ ഉണ്ടായി.

നിർമ്മാർജ്ജനം ചെയ്യപ്പെട്ടതാണെങ്കിലും, മലമ്പനി വീണ്ടും അതിക്രമിച്ചു തുടങ്ങിയിരിക്കുന്നു.

പകർച്ചവ്യാധികൾ പിടിപെട്ട് വെളിനല്ലൂർ PH കേന്ദ്രത്തിൽ എത്തിയവരുടെ പട്ടിക

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവർ | ആകെ |
|---|---|---|---|---|---|
| 1993-94 | 261 | 307 | 1 | 38493 | 39062 |
| 1994-95 | 307 | 296 | 2 | 53707 | 54312 |
| 1995-96 | 256 | 407 | 5 | 41723 | 42391 |

ഈ പഞ്ചായത്തിലെ സ്വകാര്യ ആശുപത്രികളിലും, പഞ്ചായത്തിനു വെളിയിലുള്ള ആശുപത്രികളിലും ചികിത്സിച്ചിട്ടുള്ളവരുടെ കണക്ക് ശേഖരിയ്ക്കാൻ കഴിഞ്ഞിട്ടില്ല. ശരാശരി 45000 ൽ പരം ആളുകൾ പ്രതിവർഷം പകർച്ചവ്യാധികൾ പിടിപെട്ട് വെളിനല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ മാത്രം എത്തിച്ചേരുന്നു.

പഞ്ചായത്തിലെ പ്രധാന ചികിത്സാ സ്ഥാപനങ്ങൾ :-

വെളിനല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രം ആണ് ഈ പഞ്ചായത്തിലെ ഏറ്റവും പ്രധാന ആരോഗ്യ രക്ഷാസ്ഥാപനം. 1958 ൽ അന്നത്തെ ആരോഗ്യവകുപ്പ് മന്ത്രി ഡോക്ടർ. ഏ. ആർ. മേനോൻ ഈ സ്ഥാപനം ഉദ്ഘാടനം ചെയ്തു. അരനൂറ്റാണ്ട് കഴിഞ്ഞിട്ടും ഈ സ്ഥാപനത്തിന് വേണ്ടത്ര വളർച്ച ഉണ്ടായിട്ടില്ല. ആരോഗ്യരക്ഷയുമായി ബന്ധപ്പെട്ട ഈ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ വിവരമാണ് അടിയിൽ കൊടുത്തിരിയ്ക്കുന്നത്.

| | |
|---|---|
| 1. സിവിൽ സർജൻ | 3 |
| 2. സ്റ്റാഫ് നേഴ്സ് | 2 |
| 3. നേഴ്സിംഗ് അസിസ്റ്റന്റ് | 2 |
| 4. ലാബ് ടെക്നീഷ്യൻ | 1 |
| 5. ഫാർമസിസ്റ്റ് | 1 |
| 6. ഹെൽത്ത് സൂപ്പർ വൈസർ | 1 |
| 7. ലേഡീസ് ഹെൽത്ത് സൂപ്പർവൈസർ | 1 |
| 8. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 3 |
| 9. ജൂനിയർ PH നേഴ്സ് | 6 |
| 10. ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| 11. ലേഡീസ് ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| 12. ഹോസ്പിറ്റൽ അറ്റൻഡന്റ് | 2 |
| 13. റി ഫ്രാക്ലിനിസ്റ്റ് | 1 |
| 14. പാർട്ട്ടൈം ക്ലീനർ | 1 |
| 15. ക്ലാർക്ക് | 2 |
| 16. പ്യൂൺ | 1 |
| 17. ഡ്രൈവർ | 1 |
| ആകെ | 30 |

പ്രാഥമികാരോഗ്യകേന്ദ്രത്തിനു പുറമേ 4 നാട്ടു വൈദ്യചികിത്സാലയങ്ങളും, 4 ആയുർവേദ ചികിത്സാ സ്ഥാപനങ്ങളും, 2 ഹോമിയോ ചികിത്സാ സ്ഥാപനങ്ങളും സ്വകാര്യ ഭിഷഗ്വരന്മാർ നടത്തുന്നു. ഇവയിൽ പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെ പേരുവിവരം അടിയിൽ കൊടുത്തിരിയ്ക്കുന്നു.

| | |
|---|---|
| വാസവൻ വൈദ്യൻ മെമ്മോറിയൽ ആശുപത്രി | ഓയൂർ |
| ഡി.എം.ആശുപത്രി | ഓയൂർ |
| ആർ.വി.വൈദ്യശാല | ഓയൂർ |
| ശ്രീമാതാ ആശുപത്രി | അമ്പലംകുന്ന് |
| ശ്രുതി ഹോമിയോ ആശുപത്രി | ഓയൂർ |
| സെന്റ് ജോർജ് ഹോസ്പിറ്റൽ | അമ്പലംകുന്ന് |

കരിങ്ങന്നൂർ ഏഴാം കുറ്റിയിൽ 'സൂര്യപ്രഭാ മർമ്മ ചികിത്സാ കേന്ദ്രം' എന്ന പേരിൽ ഒരു സ്ഥാപനവും ദീർഘകാലമായി പ്രവർത്തിച്ചുവരുന്നു. 'സൂര്യപ്രഭാസിദ്ധ മർമ്മയോഗ ചികിത്സാ റിസേർച്ച് സൊസൈറ്റി' എന്ന പേരിൽ ആണ് ഇതിന്റെ രജിസ്ട്രേഷൻ. പ്രഭാസ് യോഗിക് ന്യൂറോ ഡയബറ്റിക് റിസേർച്ച് സെന്റർ' എന്ന ഒരു കേന്ദ്രവും ഇതോടൊപ്പം പ്രവർത്തിച്ചു വരുന്നു.

ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങളിൽ നമ്മുടെ പഞ്ചായത്തിന്റെ പരിമിതികൾ മുകളിൽ കൊടുത്തിട്ടുള്ള വസ്തുതകളിൽ നിന്നും സാമാന്യമായി മനസ്സിലാക്കാം. 4987 കുടുംബങ്ങളിൽ ആയി 24293 പേർ അധിവസിക്കുന്ന ഈ പഞ്ചായത്തിൽ നാട്ടുവൈദ്യന്മാർ ഉൾപ്പെടെ പത്തിൽപരം ഭിഷഗ്വരൻമാർ ആണ് ചികിത്സാ രംഗത്തുള്ളത്. ഏകദേശം 2500 പേർക്ക് ഒരു ഭിഷഗ്വരൻ എന്ന് കണക്കാക്കാം.

***ശുചിത്വം***

ശുചിത്വപരിപാലനത്തിന് അത്യന്താപേക്ഷിതമായ ചില കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

(1) എല്ലാ കുടുംബങ്ങൾക്കും മലമൂത്ര വിസർജ്ജനത്തിന് സൗകര്യം ഇല്ല. സ്വന്തമായി ഒരു കക്കൂസ് നിർമ്മിക്കാൻ കഴിവില്ലാത്തതാണ് പ്രധാന കാരണം. ❑

IRDP സർവ്വേയിൽ കണ്ടെത്തിയ വിവരങ്ങൾ
വട്ടപ്പാറ വാർഡ് രൂപീകരണത്തിനു മുമ്പാണ് സർവ്വേ നടന്നിട്ടുള്ളത്.

| ക്രമ നമ്പർ | വാർഡ് | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീട്ടുകാരുടെ എണ്ണം | 1992ന് ശേഷം അനുവദിച്ച കക്കൂസുകളുടെ എണ്ണം | പൂർത്തീകരിച്ചത് | ഇനി ആവശ്യമുള്ള കക്കൂസുകൾ | |
|---|---|---|---|---|---|---|
| 1 | ഓയൂർ | 56 | 1 | 1 | 55 | |
| 2 | കാളവയൽ | 61 | 1 | | 60 | |
| 3 | ഉഗ്രംകുന്ന് | 57 | 3 | 3 | 54 | |
| 4 | കരിങ്ങന്നൂർ | 72 | 4 | 4 | 68 | |
| 5 | അറക്കൽ കോണം | 69 | 1 | 1 | 68 | |
| 6 | ആക്കൽ | 78 | 1 | 1 | 77 | |
| 7 | ചെറിയ വെളിനല്ലൂർ | 76 | 26 | 26 | 50 | |
| 8 | നെട്ടവേലി | 68 | 8 | 6 | 60 | |
| 9 | ചുങ്കർ | 56 | 2 | 2 | 54 | |
| 10 | മീയന | 64 | 4 | 3 | 60 | |
| | ആകെ | 657 | 51 | 49 | 606 | |

(2) പൊതുസ്ഥലങ്ങളിലെ മാലിന്യങ്ങൾ മാറ്റൽ

ചുങ്കത്തറ ആശുപത്രി ജംഗ്ഷൻ മുതൽ ഫെഡറൽ ബാങ്ക് വരെ റോഡിലെ ചപ്പുചവറുകൾ നിത്യേന തൂത്തു വാരുന്നതിന് തൂപ്പുകാർ നിയോഗിക്കപ്പെട്ടിട്ടുണ്ട്. ഓയൂർ പബ്ലിക് മാർക്കറ്റും ദിവസേന വൃത്തിയാക്കാൻ തൂപ്പുകാർ ഉണ്ട്. ഇങ്ങനെ തൂത്തു വാരുന്ന ചപ്പുചവറുകൾ നിക്ഷേപിയ്ക്കാൻ യാതൊരു സംവിധാനവും പഞ്ചായത്തിൽ ഇല്ല. മാർക്കറ്റിൽ നിന്നും തൂത്തുവാരുന്ന ചപ്പുചവറുകൾ അവിടെ തന്നെ സൂക്ഷിച്ച് ലേലം ചെയ്തുകൊടുക്കുന്ന രീതിയാണ് ഇന്നുള്ളത്. ഓയൂരിലെ ഓടകളും വൃത്തിഹീനങ്ങൾ ആണ്. പഞ്ചായത്തിലെ സ്വകാര്യചന്തകൾ, തെരുവുകൾ ഇവ വൃത്തിയാക്കാറില്ല. ആശുപത്രികൾ, സർക്കാർ ആഫീസുകൾ, വിദ്യാലയങ്ങൾ തുടങ്ങിയവയുടെ പരിസര ശുചിത്വം തൃപ്തികരമല്ല.

(3) പാർപ്പിട പ്രശ്നം :- വാസയോഗ്യമല്ലാത്ത വീടുകളും, അവയോട് ചേർന്നുള്ള തൊഴുത്തുകളും ഗുരുതരമായ ആരോഗ്യപ്രശ്നം സൃഷ്ടിക്കുന്നു. IRDP സർവ്വേ പ്രകാരം 438 കുടുംബങ്ങൾക്ക് താമസയോഗ്യമായ വീടുകൾ ഇല്ല. ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന ആവശ്യം ഇതിലും കൂടുതൽ ആണ്.

മിക്ക വീടുകളിലും വളർത്തുമൃഗങ്ങളെ വീടിനോട് ചേർന്നുള്ള വരാന്തകളിലോ തൊഴുത്തുകളിലോ ആണ് കെട്ടുന്നത്. ഇത് അനാരോഗ്യപരമായ ചുറ്റുപാടുകൾ സൃഷ്ടിക്കുന്നു. വീടുകളിലെ ചപ്പുചവറുകൾ നിക്ഷേപിയ്ക്കാൻ കമ്പോസ്റ്റു കുഴികൾ മിക്ക വീടുകളിലും ഇല്ല.

(4) കുടിവെള്ളത്തിന്റെ ലഭ്യത

1990–91 ൽ CWRDM എന്ന ഏജൻസി കരിങ്ങന്നൂർ നീർമറി പ്രദേശം കേന്ദ്രീകരിച്ച് ജലലഭ്യതയെക്കുറിച്ച് ഒരു സർവ്വേ നടത്തി. ഇതു പ്രകാരം നമ്മുടെ ആവശ്യത്തിന് മതിയായ ജലം ഇപ്പോഴത്തെ ജലസ്രോതസ്സുകളിൽ നിന്നും ലഭിയ്ക്കുന്നില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ആളൊന്നിന് പ്രതിദിനം 100 ലിറ്റർ വെള്ളമെന്ന തോതിൽ ഒരു വർഷം ഈ പഞ്ചായത്തിലെ 25,000 പേർക്ക് 91,25000$m^3$ (91,2500000) ലിറ്റർ വെള്ളം വേണ്ടിവരും. ഇതിനുപുറമേ കന്നുകാലികൾക്കും, ജലസേചനത്തിനും മറ്റും വേണ്ടിവരുന്ന ജലവും ലഭ്യമാക്കണം.

കിണർ, കുളം, ആറ്, തോട് ഇവയൊക്കെയാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാന കുടിവെള്ള സ്രോതസ്സുകൾ. പഞ്ചായത്തിൽ 132 കിണറുകളിൽ CWDRM പ്രത്യേകം പഠനം നടത്തി ജലലഭ്യത മനസ്സിലാക്കി. കാലവർഷത്തിന് മുമ്പും പിമ്പും ആയി 4.5 k (Mean) ഏറ്റക്കുറച്ചിൽ ഭൂഗർഭ ജലനിരപ്പിൽ അനുഭവപ്പെടുന്നതായി പ്രസ്തുത പഠനം വെളിപ്പെടുത്തി.

ശാസ്ത്രീയമായ ജലപരിപാലനം കൊണ്ട് ഈ കുറവ് പരിഹരിയ്ക്കാമെന്നും ഈ റിപ്പോർട്ട് ചൂണ്ടി കാട്ടുന്നു.

പഞ്ചായത്തിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ ചുവടെ കൊടുക്കുന്നു.

1. ചെറിയവെളിനല്ലൂർ മലപ്പുറം
2. ചെറിയ വെളിനല്ലൂർ കാരയ്ക്കൽ കോളനി പ്രദേശം
3. മീയന കോളനി
4. പൊരിയക്കോട് കോളനി
5. പനയകുന്ന് ലക്ഷം വീട് കോളനി
6. ആക്കൽകോളനി
7. പ്ലാങ്കുഴി
8. പൂഞ്ഞോട് കോളനി
9. മോട്ടോർകുന്ന് ലക്ഷം വീട് കോളനി
10. റോഡുവിള ലക്ഷം വീട് കോളനി
11. മങ്കാട്
12. മൂന്നാംമുകൾ
13. താപ്പുകാട്

വിവിധ വാർഡുകളിൽ ആയി 27 കുഴൽ കിണറുകൾ പഞ്ചായത്തിൽ ഉണ്ട്. ഇവയിൽ ഭൂരിഭാഗവും കേടായികിടക്കുന്നു. തുരുമ്പ് ചുവയുള്ള വെള്ളം കുടിക്കാൻ കഴിയുന്നില്ല.

പഞ്ചായത്തിൽ കേന്ദ്രസർക്കാർ സഹായത്തോടെ ആരംഭിച്ചതും, പൂർത്തീകരണ ഘട്ടത്തിൽ എത്തിനിൽക്കുന്നതുമായ ഒരു ശുദ്ധജലവിതരണ പദ്ധതിയുണ്ട്. ഈ പദ്ധതി കമ്മീഷൻ ചെയ്താലും കൂടുതൽ ടാപ്പുകളും, വീടുകൾക്ക് വെള്ളം കിട്ടാനുള്ള ക്രമീകരണങ്ങളും ഉണ്ടായാൽ മാത്രമേ കുടിവെള്ള പ്രശ്നം പരിഹൃതമാകുകയുള്ളൂ.

## പ്രശ്നങ്ങൾ

1. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും അകലെ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിലെ ആളുകൾക്ക് യഥാസമയം ആരോഗ്യകേന്ദ്രത്തിൽ എത്താൻ കഴിയുന്നില്ല.
2. ആശുപത്രിയിൽ രോഗികളുടെ എണ്ണത്തിന് അനുസൃതമായി കിടക്കകൾ ഇല്ല.
3. ആശുപത്രിയിൽ ആവശ്യത്തിന് വാർഡുകൾ ഇല്ല. പ്രസവ വാർഡ് തന്നെ ഇല്ലാത്ത സ്ഥിതിയാണ്.
4. ആശുപത്രിയിൽ ആധുനിക ചികിത്സാ ഉപകരണങ്ങൾ ഇല്ല.
5. പേപ്പട്ടി വിഷം, പാമ്പുകടി ഇവയ്ക്കു ചികിത്സ കിട്ടുന്നില്ല.
6. ആയുർവേദ, ഹോമിയോ ആശുപത്രികൾ സർക്കാർ വകയായി ഇല്ല.
7. പകർച്ചവ്യാധികൾ കൂടെക്കൂടെ ഉണ്ടാകുന്നു.
8. കൊതുക്ശല്യം രൂക്ഷമാണ്
9. ശുദ്ധജലം മതിയായ അളവിൽ ലഭിയ്ക്കുന്നില്ല.
10. സാനിട്ടറി ലാട്രിൻ എല്ലാ കുടുംബങ്ങൾക്കും ഇല്ല.
11. ജനസംഖ്യയ്ക്ക് അനുസൃതമായി ഡോക്ടർമാരുടെ സേവനം ലഭിക്കുന്നില്ല.
12. ജീവൻ രക്ഷാമരുന്നുകൾ എപ്പോഴും ആശുപത്രിയിൽ ലഭിയ്ക്കുന്നില്ല.
13. പഞ്ചായത്തിലെ ജനനനിരക്ക്, മരണനിരക്ക് ഇവ സംസ്ഥാന ശരാശരിയെക്കാൾ കൂടുതൽ ആണ്.
14. പൊതുസ്ഥലങ്ങളിലും, വീടുകളിൽ നിന്നും ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ നിക്ഷേപിക്കാൻ സൗകര്യമില്ല.

## സാധ്യതകൾ

1. പ്രാഥമികാരോഗ്യകേന്ദ്രം ഒരു കമ്മ്യൂണിറ്റി ഡവലപ്മെന്റ് സെന്റർ ആക്കി ഉയർത്തപ്പെടണം.
2. പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കൂടുതൽ ഉപകേന്ദ്രങ്ങളും, ഫാമിലി വെൽഫെയർ സെന്ററുകളും ഉണ്ടാകണം.
3. കക്കൂസുകൾ ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും

കക്കൂസുകൾ നൽകണം.

4. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കും, പട്ടികജാതിക്കാർക്കും വാസയോഗ്യമായ വീടുകൾ നൽകണം.

5. വീടുകളിൽ കമ്പോസ്റ്റുകുഴികൾ നിർമ്മിയ്ക്കണം.

6. ചപ്പുചവറുകൾ നിക്ഷേപിയ്ക്കാൻ പഞ്ചായത്ത് തല സംവിധാനം ഉണ്ടാകണം

7. ചെലവ് കുറഞ്ഞ കാലിത്തൊഴുത്തുകൾ നിർമ്മിച്ചു കൊടുക്കണം.

8. റബ്ബർ റോളറുകൾ സ്ഥാപിയ്ക്കുന്നതിന് ലൈസൻസ് ഏർപ്പെടുത്തണം.

9. പ്രധാന വ്യാപാര കേന്ദ്രങ്ങളിൽ ഓടകൾ നിർമ്മിയ്ക്കണം.

10. പഞ്ചായത്തിൽ അറവുശാല ഉണ്ടാകണം.

11. ഹോട്ടലുകൾ, ചായക്കടകൾ, ഇറച്ചിക്കടകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ ശുചിത്വം ഉറപ്പാക്കണം.

12. വളർത്തുപട്ടികൾക്ക് ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തണം.

13. വിദ്യാലയങ്ങൾക്കു മുന്നിലെ ഐസ്വില്പന PTA യുടെ പങ്കാളിത്തത്തോടെ തടയണം.

14. എയ്ഡ്സ്, ഡങ്കിപ്പനി ഇവ ഉൾപ്പെടെ എല്ലാ സാംക്രമിക രോഗങ്ങളെക്കുറിച്ചും, കുടുംബക്ഷേമ പദ്ധതികൾ, ആരോഗ്യരക്ഷാപ്രവർത്തനങ്ങൾ ഇവയെക്കുറിച്ചും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം.

15. കരിങ്ങന്നൂർ, അമ്പലംകുന്ന്, റോഡുവിള, ആക്കൽ എന്നീ പഞ്ചായത്തിലെ വ്യാപാരകേന്ദ്രങ്ങളും അവിടത്തെ സ്വകാര്യമാർക്കറ്റുകളും പ്രതിദിനം വൃത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

❑

# വിദ്യാഭ്യാസം

കുടിപ്പള്ളിക്കുടങ്ങളിൽ ആണ് നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ തുടക്കം.

പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം കൊല്ലവർഷം 1050 – ൽ കാളവയലിൽ ആരംഭിച്ചു. ഒരു സ്വകാര്യ വിദ്യാലയമായിട്ടായിരുന്നു തുടക്കം. ശ്രീമാൻ ചാക്കോസാർ സ്കൂളിലെ പ്രഥമാധ്യാപകൻ ആയിരുന്നു. ഏറെ വർഷങ്ങൾക്ക് ശേഷം ഈ സ്കൂൾ ഓയൂരേക്ക് മാറ്റി സ്ഥാപിച്ചു. പിൽക്കാലത്ത് ഒരു ചക്രം പ്രതിഫലം പറ്റി സ്കൂൾ സർക്കാരിന് വിട്ടു കൊടുത്തു. ഇതത്രേ ഇന്നത്തെ വെളിനല്ലൂർ ഗവ.എൽ.പി.സ്കൂൾ. ഈഴവൻ തുടങ്ങിയ പിന്നോക്കജാതിക്കാരെ ഈ സ്കൂളിൽ ആദ്യകാലത്ത് പ്രവേശിപ്പിച്ചിരുന്നില്ല. ഈ സ്കൂളിൽ ആദ്യം പ്രവേശനം കിട്ടിയ ഈഴവ വിദ്യാർത്ഥികളിൽ ഒരാളായ 94 വയസ്സുള്ള മാധവൻ സാർ തന്റെ സഹപാഠികളായ മുന്നോക്കസമുദായ വിദ്യാർത്ഥികൾ ബഞ്ചിലിരുന്ന് പഠിച്ചപ്പോൾ താൻ പനന്തടുക്കിൽ ഇരുന്ന് പഠിച്ചത് ഇപ്പോഴും ഓർക്കുന്നു. (കാരണവൻമാരുമായുള്ള സംഭാഷണത്തിൽ നിന്നും ലഭിച്ച വിവരം).

കരിങ്ങന്നൂർ സ്കൂൾ പാലത്തിന് സമീപമുള്ളകൊല്ലോട്ടു പുരയിടത്തിൽ ആണ് ആദ്യം ആരംഭിച്ചത്. പാലത്തിന് സമീപം താമസിച്ചിരുന്ന ഒരു സ്വാമിയാണ് സ്കൂൾ സ്ഥാപനത്തിന് മുൻകൈയെടുത്തതെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ശ്രീമാൻ കുഞ്ചാണ്ടി സാർ മാനേജർ ആയിട്ടാണ് സ്കൂൾ പ്രവർത്തനം നടന്നത്. വർഷങ്ങൾക്കു ശേഷം മാനേജ്മെന്റിൽ വന്ന മാറ്റത്തിന്റെ ഫലമായി സ്കൂൾ കരിങ്ങന്നൂർ വിളയിൽ പുരയിടത്തിലേക്ക് മാറ്റി സ്ഥാപിക്കപ്പെട്ടു. നൂറു വർഷത്തിലേറെ പഴക്കമുണ്ട് ഈ സ്കൂളിന്.

കൊല്ലവർഷം 1087 – ൽ ശ്രീമാൻ കളീക്കൽ മാധവൻപിള്ള മുൻകൈയെടുത്ത് നെട്ടയം സ്കൂൾ സ്ഥാപിച്ചു. ആ വർഷം മിഥുനം മൂന്നാം തീയതി സ്കൂളിലെ ആദ്യത്തെ അഡ്മിഷൻ നടന്നു.

കൊല്ലവർഷം 1100 ൽ ഉഗ്രംകുന്ന് എൽ.പി.സ്കൂൾ ആരംഭിച്ചു. ശ്രീമാൻ കൊച്ചുകൃഷ്ണ പിള്ള സാറായിരുന്നു മാനേജർ.

ഉഗ്രം കുന്നിലൊരു സംസ്കൃത സ്കൂളും ദീർഘകാലം പ്രവർത്തിച്ചിരുന്നു. പിൽക്കാലത്ത് ഈ

സ്ഥാപനം നിന്നുപോയി.

പഞ്ചായത്തിലാരംഭിച്ച ആദ്യത്തെ മലയാളം മിഡിൽ സ്കൂളായിരുന്നു ഇമ്മാനുവൽ സ്കൂൾ. 1928-ൽ ആണ് സ്കൂളിന്റെ തുടക്കം. പിൽക്കാലത്ത് മലയാളം സ്കൂളുകൾ നിർത്തലാക്കിയപ്പോൾ ഇമ്മാനുവൽ സ്കൂൾ ഇന്നത്തെ രീതിയിലുള്ള EUPS ആയി. അദ്ധ്യാപകനായിരുന്ന ശ്രീ. അബ്രഹാം സാറായിരുന്നു സ്കൂളിന്റെ സ്ഥാപകൻ. വിദ്വാൻ ശ്രീ. എൻ.നീലകണ്ഠൻ സാർ പ്രഥമ ഹെഡ്മാസ്റ്ററും.

1951 ൽ നാട്ടുകാരുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമായിട്ടാണ് ചെറിയ വെളിനല്ലൂർ എൽ.പി,സ്കൂൾ ഒരു സ്വകാര്യ വിദ്യാലയമായി ആരംഭിച്ചത്. സ്കൂളിന് ആവശ്യമായ സ്ഥലം സംഭാവനയായി ലഭിച്ചിട്ടുള്ള താണ്. മാനേജിംഗ് കമ്മറ്റിയുടെ ആദ്യ പ്രസിഡന്റ് ശ്രീ. പുതുപ്പള്ളിയിൽ ശ്രീ. മാധവൻ ഉണ്ണിത്താൻ ആയിരുന്നു.

ശ്രീമാൻ വെള്ളൂട്ട് കാവിൽ മാധവൻപിള്ള മാനേജർ ആയി 1954 – ൽ ആറ്റൂർകോണത്ത് പ്രൈമറി സ്കൂൾ ആരംഭിച്ചു. 1962 – ൽ ഈ സ്കൂൾ ഒരു മിഡിൽ സ്കൂളായി ഉയർത്തപ്പെട്ടു. 1962 – ൽ ഏറത്ത് ശ്രീമാൻ നാണുക്കുറുപ്പിന്റെ പരിശ്രമഫലമായി ചെങ്കൂർ എൽ.പി.സ്കൂൾ സ്ഥാപിക്കപ്പെട്ടു.

1964 – ൽ ആണ് പഞ്ചായത്തിൽ ആദ്യമായി ഒരു ഹൈസ്കൂൾ ചെറിയ വെളിനല്ലൂരിൽ ആരംഭിക്കുന്നത്. ശ്രീമാൻ കെ.കുട്ടൻപിള്ള സാറാ യിരുന്നു സ്കൂളിന്റെ സ്ഥാപകൻ. മാനേജർ ശ്രീമതി. സുമതി അമ്മയും.

1966-67 വർഷം ആക്കൽ എൽ.പി.സ്കൂളും 1979-80 വർഷം ആക്കൽ യു,പി.സ്കൂളും സ്ഥാപിക്കപ്പെട്ടു. രണ്ടു സ്കൂളുകളുടെയും സ്ഥാപകൻ ശ്രീ.അലികുഞ്ഞ് മാനേജർ ആയിരുന്നു.

ഇങ്ങനെ ഏകദേശം ഒന്നേകാൽ നൂറ്റാണ്ട് പിന്നിലേക്ക് വ്യാപിച്ചു കിടക്കുന്നതാണ് ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ ചരിത്രം.

1964 – ൽ ചെറിയ വെളിനല്ലൂർ ഹൈസ്കൂൾ സ്ഥാപിക്കുന്നതു വരെ ഈ പഞ്ചായത്തിലെ കുട്ടികൾ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് മൈലോട് ഹൈസ്കൂളിലും പകൽകുറി ഹൈസ്കൂളിലും ആണ് പൊയ്ക്കൊണ്ടിരുന്നത്. 1117 ൽ (ME) സ്ഥാപിതമായ മൈലോട് ഇംഗ്ലീഷ് മിഡിൽ സ്കൂളാണ് നമ്മുടെ പഞ്ചായത്തിലെയും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പ്രേരക ശക്തി ആയിരുന്നത്.

നമ്മുടെ പൊതു വിദ്യാഭ്യാസമേഖലയിൽ ഇന്ന് പുതിയ പ്രവണതകളും പ്രശ്നങ്ങളും വളർന്നു വന്നിരിക്കുന്നു. മിക്ക പ്രൈമറി വിദ്യാലയങ്ങളിലും കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു. ഇത് ഡിവിഷൻ കുറവിന് കാരണമാകുന്നു. തൻമൂലം അദ്ധ്യാപക മേഖലയിലും പ്രശ്നങ്ങൾ ഉണ്ടാകുന്നു. സ്വകാര്യ മാനേജ്മെന്റുകൾ പ്രത്യേക വാഹന സൗകര്യങ്ങൾ വരെ നൽകി കുട്ടികളെ തങ്ങളുടെ വിദ്യാലയങ്ങളിലേക്ക് ആകർഷിക്കുന്നു. തൻമൂലം സർക്കാർ സ്കൂളുകളിൽ പ്രതിസന്ധി ഉണ്ടാകുന്നു.

ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ കുട്ടികളെ അയച്ചു പഠിപ്പിക്കുവാൻ രക്ഷകർത്താക്കൾ കൂടുതൽ താൽപര്യം കാണിക്കുന്നു. അതിന്റെ ഫലമായി അൺ എയ്ഡഡ് സ്കൂളുകൾ കൂടുതൽ ഉണ്ടാകുകയും ചെയ്യുന്നു. ചെങ്കുളം , കൈതക്കുഴി തുടങ്ങിയ ദൂരെയുള്ള സ്ഥലങ്ങളിൽ പോകുന്ന ഏറെ കുട്ടികൾ ഈ പഞ്ചായത്തിലുണ്ട്. ചെറിയ വെളിനല്ലൂർ ചർച്ചിനോട് ചേർന്നു പ്രവർത്തിക്കുന്ന സേക്രട്ട് ഹാർട്ട് സ്കൂളിലും, മറ്റു ചില സ്ഥാപനങ്ങൾ നടത്തുന്ന അൺ എയ്ഡഡ് സ്കൂളുകളിലും കുട്ടികൾ പഠിക്കുന്നുണ്ട്. വിദ്യാഭ്യാസ രംഗത്ത് സംജാതമായിട്ടുള്ള ഈ നൂതന പ്രവണതയും ഗൗരവപൂർണ്ണമായ ചർച്ചക്ക് വിധേയമാകേണ്ടിയിരിക്കുന്നു. ഹയർ സെക്കന്ററി സ്കൂൾ ഇല്ലാത്ത ഒരു പഞ്ചായത്താണ് നമ്മുടേത്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഈ പഞ്ചായത്തിലില്ല. അഞ്ചൽ, ചാത്തന്നൂർ, കൊട്ടിയം, കൊട്ടാരക്കര, നിലമേൽ, കൊല്ലം എന്നിവിടങ്ങളിലെ കോളേജുകളിൽ ആണ് ഇവിടുത്തെ കുട്ടികൾ കലാലയ വിദ്യാഭ്യാസം നടത്തുന്നത്.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമെ എട്ട് ട്യൂട്ടോറിയൽ കോളേജുകളും ഏതാനും ടൈപ്പ്റൈറ്റിംഗ് പരിശീലന കേന്ദ്രങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. തൊഴിൽ രഹിതരായ അഭ്യസ്ഥവിദ്യരാണ് ട്യൂട്ടോറിയൽ കോളേജുകൾ നടത്തുന്നത്. ഇവയ്ക്കു പുറമെ സ്വകാര്യവ്യക്തികൾ നടത്തുന്ന ഏതാനും നേഴ്സറി സ്കൂളുകളും പഞ്ചായത്തിലുണ്ട്. പഞ്ചായത്ത് വക ശിശുമന്ദിരത്തിൽ (ഏഴാംകുറ്റി) ഒരു ശിശു വിദ്യാലയം പഞ്ചായത്തിന്റെ ചുമതലയിൽ നടത്തി വരുന്നു. ഒരു ട്രെയിൻഡ് അദ്ധ്യാപികയും ആയയും ഇവിടെ പണിയെടുക്കുന്നു. മഹിളാസമാജങ്ങളുടെ ചുമതലയിൽ നടത്തുന്ന 9 ബാലവാടികളും ഇവിടെയുണ്ട്.

സാക്ഷരതാ കേന്ദ്രങ്ങളും, ജനവിദ്യാകേന്ദ്രങ്ങളും, ഗ്രന്ഥശാലകളും ഈ അനൗപചാരിക വിദ്യാഭ്യാസമേഖലയുടെ ഭാഗമാണ്.

സാക്ഷരതാ പ്രവർത്തനത്തിന്റെ ഒന്നാം ഘട്ടം തൃപ്തികരമായി പൂർത്തിയാക്കാൻ നമുക്കു കഴിഞ്ഞു. സാക്ഷരതാ സർവ്വേയിൽ ജനസംഖ്യ 24003 എന്നാണ് കണ്ടെത്തിയത്. ഇവരിൽ പ്രായാധിക്യമുള്ളവർ, രോഗികൾ, മന്ദബുദ്ധികൾ ഇവരെ ഒഴിവാക്കി അർഹരായവർ 21603 എന്ന് നിശ്ചയിച്ചു. ഇതിൽ നിരക്ഷരർ 3316 ആയിരുന്നു. സ്ഥിര പരിശ്രമത്തിലൂടെ ഇവരിൽ 431 പേരെ ക്ലാസ്സുകളിലൂടെ സാക്ഷരരാക്കി. തൽഫലമായി നമ്മുടെ സാക്ഷരതാ നിരക്ക് 2.12 ശതമാനം വർദ്ധിച്ചു. പഞ്ചായത്തിലെ സാക്ഷരതാ നിരക്ക് 84.65 ൽ നിന്നും 86.77 ശതമാനമായി ഉയർന്നു. രണ്ടാംഘട്ട സാക്ഷരതാ പ്രവർത്തനം ദയനീയമായി പരാജയപ്പെട്ടു. പഠിതാക്കൾക്കു നൽകേണ്ടുന്ന പുസ്തകങ്ങൾ പോലും നൽകാൻ കഴിഞ്ഞില്ല.

വിദ്യാലയങ്ങളുടെ പൊതു വിവരം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | | | സ്ഥലത്തിന്റെ വിസ്തീർണ്ണം | കളിസ്ഥല വിസ്തീർണ്ണം |
|---|---|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | അനുവദിച്ച പോസ്റ്റ് | നിലവിലുള്ള എണ്ണം | ഒഴിവ് | ദീർഘ അവധി | ഏ: സെ: | ഏ: സെ |
| 1 | H.S ചെറിയ വെളിനല്ലൂർ | എയ്ഡഡ് | 702 | 616 | 1318 | 56 | 56 | ഇല്ല | ഇല്ല | 3-50 | 0-25 |
| 2 | E.U.P സ്കൂൾ വെളിനല്ലൂർ | ,, | 234 | 197 | 431 | 11 | 11 | ഇല്ല | 1 | 1-60 | 1-00 |
| 3 | U.P സ്കൂൾ ആറ്റൂർ കോണം | ,, | 164 | 157 | 321 | 15 | 15 | ഇല്ല | ഇല്ല | 1-50 | 0-40 |
| 4 | G.U.P.S കരിങ്ങന്നൂർ. | സർക്കാർ | 216 | 204 | 420 | 17 | 17 | ഇല്ല | ഇല്ല | 0-25 | ഇല്ല |
| 5 | P.T.M.U.P.S ഓയൂർ | എയ്ഡഡ് | 118 | 114 | 232 | 10 | 10 | ഇല്ല | ഇല്ല | 1-00 | 0.30 |
| 6 | G.L.P.S ചെറിയ വെളിനല്ലൂർ | സർക്കാർ | 171 | 171 | 342 | 12 | 12 | ഇല്ല | ഇല്ല | 0-50 | 0.15 |
| 7 | G.L.P.S ഉളംകുന്ന്. | ,, | 76 | 73 | 149 | 6 | 5 | 1 | ഇല്ല | 0-15 | ഇല്ല. |
| 8 | MAMLPS ഓയൂർ | എയ്ഡഡ് | 129 | 125 | 254 | 8 | 8 | ഇല്ല | ഇല്ല | 1-50 | 0.50 |
| 9 | G.L.P സ്കൂൾ നെട്ടയം | സർക്കാർ | 147 | 132 | 279 | 12 | 12 | ഇല്ല | ഇല്ല | 1-07 | 0.50 |
| 10 | S.K.V.L.P സ്കൂൾ ചെങ്കൂർ | എയ്ഡഡ് | 89 | 99 | 188 | 8 | 8. | ഇല്ല | ഇല്ല | 2-50 | 1-00 |
| 11 | G.L.P സ്കൂൾ വെളിനല്ലൂർ | സർക്കാർ | 192 | 184 | 376. | 15 | 15 | ഇല്ല | ഇല്ല. | 1-00 | 0-50 |
| | ആകെ | | 2238 | 2072 | 4310 | 170 | 169 | 1 | 1 | – | |

## വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾ എണ്ണം | | | മുറികളുടെ എണ്ണം | | | [illegible] | കെട്ടിടത്തിന് ... ഉണ്ട്/ഇല്ല | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] ഉണ്ട്/ഇല്ല | വൈദ്യുതീകരണം | [illegible] | [illegible] | [illegible] | ഇനി ആവശ്യമുള്ളവയുടെ എണ്ണം. | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്വന്തം | [illegible] | താൽക്കാലികം | സ്വന്തം | [illegible] | താൽക്കാലികം | | | | | | | | | | | | | ബെഞ്ച് | ഡെസ്ക് | മേശ | കസേര | [illegible] |
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| 1 | H.S ചെറിയ വെളിനല്ലൂർ | 32 | 5 | 3 | 1 | 38 | 7 | - | ഇല്ല | | 2 | 30 | 2 | 1 | 2 | | ഉണ്ട് | | ഉണ്ട് | ഇല്ല | 300 | | 18 | 18 | |
| 2 | EUPS വെളിനല്ലൂർ | 11 | | 3 | | | 17 | | ഉണ്ട് | | 2 | 10 | 2 | ഇല്ല | – | ഉണ്ട് | ഉണ്ട് | | ഉണ്ട് | | 50 | | | | |
| 3 | UPS ആറ്റൂർകോണം. | 11 | 3 | 1 | | | | | ഇല്ല | | 1 | 12 | 1 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 40 | 10 | 6 | 5 | 1 അലമാര |
| 4 | GUPS കരിങ്ങന്നൂർ | 14 | 2 | | | 9 | | | 8 | ഇല്ല | 1 | | 2 | 2 | | | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 45 | 50 | 10 | 10 | 5 |
| 5 | PTM UPS ആറ്റൂർ | 7 | | 2 | | | 11 | | ഇല്ല | | 2 | 10 | | ഇല്ല | 2 | ഉണ്ട് | ഇല്ല | | | | 36 | | 8 | | |
| 6 | GLPS ചെറിയ വെളിനല്ലൂർ | 10 | 1 | 2 | | 4 | 6 | | 5 | ഉണ്ട് | | | 2 | 1 | 1 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 40 | 10 | 1 | | 2 |
| 7 | GLPS ഉഗ്രൻകുന്ന് | 5 | 1 | | | 3 | | | 3 | ഇല്ല | 1 | ഇല്ല | 1 | ഇല്ല | | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 3 | 10 | 2 | 5 | 1 |
| 8 | MAM LPS ആറ്റൂർ | 8 | 1 | 1 | | 6 | 2 | | ഇല്ല | ഉണ്ട് | 1 | | 3 | ഇല്ല | | | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | | 10 | 3 | 5 | |
| 9 | GLP സ്കൂൾ നെട്ടയം | 10 | 1 | 1 | | 6 | 4 | | | | | ഇല്ല | 1 | 1 | 1 | കിണർ | ഇല്ല | | | ഇല്ല | 12 | | | | |
| 10 | SKVLPS [illegible] | 6 | 1 | | | 6 | | | ഇല്ല | | | 1 | 1 | ഇല്ല | | കിണർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | | 3 | 3 | |
| 11 | GLPS വെളിനല്ലൂർ | 11 | 2 | | | 11 | | | | | 2 | | 1 | 1 | | കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | | | | | | |
| | ആകെ | | | | | | | | | 1 | 12 | | 16 | 6 | 6 | | | | | | 528 | 90 | 51 | 46 | 9 |

(കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി ചെയ്യാൻ 4000 രൂപ ആവശ്യമാണ്)

## കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| | സ്കൂളിന്റെ പേര് | ഇന വിവരം | ജില്ലാതലത്തിൽ | | | സംസ്ഥാന തലത്തിൽ | | | ദേശീയതലത്തിൽ | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | B | G | T | B | G | T | B | G | T |
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | H.S ചെറിയ വെളിനല്ലൂർ | കലാ മത്സരം | 8 | 1 | 9 | 9 | | | | | |
| 2 | EUPS വെളിനല്ലൂർ | | | | | | | | | | |
| 3 | UPS ആറ്റൂർ കോണം | കലാ മത്സരം | 2 | 1 | 3 | | | | | | |
| 4 | GUPS കരിങ്ങന്നൂർ | | | | | | | | | | |
| 5 | PTMUPS ആക്കൽ | അറബി കലാമേള | | 4 | 4 | | | | | | |
| 6 | GLPS ചെറിയവെളിനല്ലൂർ | | | | | | | | | | |
| 7 | GLPS ഉഗ്രം കുന്ന് | കലാ മത്സരം | | 5 | 5 | | | | | | |
| 8 | MAMLPS ആക്കൽ. | | | | | | | | | | |
| 9 | G.L.P.S നെട്ടയം | മിമിക്രി | 1 | | 1 | | | | | | |
| 10 | SKV LPS ചെങ്ങൂർ | | | | | | | | | | |
| 11 | G.L.P.S വെളിനല്ലൂർ | | | | | | | | | | |
| | ആകെ | | 11 | 11 | 22 | 9 | | | | | |

ചെറിയ വെളി നല്ലൂർ എച്ച്.എസ്സിന്റെ അക്കാദമിക് നിലവാരം

| ക്ലാസ്സ് | എണ്ണം | കുട്ടികളുടെ പൊതു നിലവാരം (മാർക്കിന്റെ അടിസ്ഥാനത്തിൽ) | | | | | S.S.L.C വിജയശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 30% ൽ താഴെ | 30-40 ശതമാനം | 40-50 ശതമാനം | 50-60 ശതമാനം | 60 ശതമാനവും മുകളിലും | 91-92 | 92-93 | 93-94 | 94-95 | 95-96 |
| 8 | 323 | 44 | 180 | 65 | 25 | 9 | | | | | |
| 9 | 337 | 56 | 160 | 40 | 35 | 25 | | | | | |
| 10 | 263 | 140 | 44 | 30 | 27 | 22 | | | | | |
| SSLC എഴുതിയവർ | | | | | | | 365 | 241 | 233 | 252 | 262 |
| ജയിച്ചവർ | | | | | | | 126 | 95 | 95 | 102 | 73 |
| 60%ൽ കൂടുതലും | | | | | | | 29 | 41 | 40 | 40 | 39 |

## ഏഴാം സ്റ്റാൻഡേർഡിലെ അക്കാദമിക് നിലവാരം

| | സ്കൂളിന്റെ പേര് | ആകെ കുട്ടികൾ | കുട്ടികളുടെ പൊതു നിലവാരം | | | | |
|---|---|---|---|---|---|---|---|
| | | | 30% ൽ താഴെ | 30-40 ശതമാനം | 40-50 ശതമാനം | 50-60 ശതമാനം | 60% വും കൂടുതലും |
| | 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | H. S ചെറിയവെളിനല്ലൂർ | 123 | 16 | 70 | 25 | 7 | 5 |
| 2 | EUPS വെളിനല്ലൂർ. | 149 | 28 | 60 | 30 | 27 | 4 |
| 3 | UPS ആറ്റൂർ കോണം | 56. | 27 | 9 | 6 | 7 | 7 |
| 4 | G.UPS കരിങ്ങന്നൂർ | 52 | 17 | 5 | 3 | 5 | 22 |
| 5 | P.T.M. U.PS ആയൂർ | 60 | 8 | 25 | 17 | 4 | 6 |
| | ആകെ | 440 | 96 | 169 | 81 | 50 | 44 |

## നാലാം സ്റ്റാൻഡേർഡിലെ അക്കാദമിക് നിലവാരം

| | സ്കൂളിന്റെ പേര് | ആകെ കുട്ടികൾ | കുട്ടികളുടെ പൊതു നിലവാരം | | | | |
|---|---|---|---|---|---|---|---|
| | | | 30% ൽ താഴെ | 30-40 ശതമാനം | 40-50 ശതമാനം | 50-60 ശതമാനം | 60% ഉം മുകളിലും |
| 1 | UPS ആക്കൽ കോണം | 35 | 5 | 3 | 7 | 8 | 12 |
| 2 | UPS കരിങ്ങന്നൂർ | 66 | 12 | 4 | 6 | 6 | 38 |
| 3 | GLPS ചെറിയ വെളിനല്ലൂർ | 106 | 25 | 26 | 22 | 15 | 18 |
| 4 | GLPS ഉഗ്രംകുന്ന് | 35 | 5 | 4 | 6 | 7 | 13 |
| 5 | MAMLPS ആക്കൽ | 60 | 10 | 37 | 8 | 5 | |
| 6 | GLPS ഓടയം | 58 | | | | | 58 |
| 7 | SKVLPS ചെങ്കൽ | 28 | 5 | 5 | 5 | 8 | 5 |
| 8 | ഗവ. L.P സ്കൂൾ വെളിനല്ലൂർ | 106 | 30 | 22 | 25 | 15 | 14 |
| | ആകെ | 494 | 92 | 101 | 79 | 64 | 158 |

## കുട്ടികൾക്ക് ലഭിച്ചിട്ടുള്ള അവാർഡുകൾ

| ക്രമ നം | സ്കൂളിന്റെ പേര് | ആകെ കുട്ടികൾ | | | SC കുട്ടികൾ | | | [illegible] പഠിക്കുന്നവർ | | | | | | പഠനം നിറുത്തിയവർ | | | | | | പഠനം നിറുത്തിയവരുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | SC കുട്ടികൾ | | | മറ്റുള്ളവർ | | | SC കുട്ടികൾ | | | മറ്റുള്ളവർ | | | |
| | | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T | |
| 1 | H.S ചെറിയവെളിനല്ലൂർ | 702 | 616 | 1318 | 66 | 70 | 134 | | | | 82 | 41 | 123 | | | | | | | |
| 2 | EUPS വെളിനല്ലൂർ | 234 | 197 | 431 | 43 | 31 | 74 | 10 | 6 | 16 | 19 | 15 | 34 | | | | | | | |
| 3 | UPS ആറ്റൂർകോണം | 164 | 157 | 321 | 12 | 19 | 31 | 2 | 2 | 4 | 16 | 8 | 24 | | | | | | | |
| 4 | GUPS കരിങ്ങന്നൂർ | 216 | 204 | 420 | 44 | 38 | 82 | 7 | 1 | 8 | 5 | 9 | 14 | 2 | | 2 | | | | 2 |
| 5 | PTMUPS ഓയൂർ. | 118 | 114 | 232 | 7 | 8 | 15 | | | | 11 | 6 | 17 | | | | | | | |
| 6 | GLPS ചെറിയ വെളിനല്ലൂർ | 171 | 171 | 342 | 11 | 20 | 31 | 1 | 1 | 2 | 14 | 10 | 24 | | | | | | | |
| 7 | GLPS ഉഗ്രംകുന്ന് | 76 | 73 | 149 | 17 | 11 | 28 | | | | | 2 | 2 | | | | | 4 | 4 | 4 |
| 8 | MAMLPS ഓയൂർ | 129 | 125 | 254 | 8 | 6 | 14 | 3 | 2 | 5 | 5 | 5 | 10 | | | | | | | |
| 9 | GLPS [illegible] | 147 | 132 | 279 | 4 | 11 | 15 | | | | | | | | | | 2 | 2 | 4 | 4 |
| 10 | SKVLPS ചെങ്കൂർ | 89 | 99 | 188 | 8 | 5 | 13 | 3 | | 3 | 5 | 5 | 10 | | | | | | | |
| 11 | G.L.P.S വെളിനല്ലൂർ. | 192 | 184 | 376 | 13 | 14 | 27 | | | | 10 | 9 | 19 | | | | | | | |
| | ആകെ | 2238 | 2072 | 4310 | 233 | 233 | 466 | 26 | 12 | 38 | 167 | 110 | 277 | 2 | | 2 | 2 | 6 | 8 | 10 |

## പ്രശ്നങ്ങൾ

1. നെടുവേലി , വട്ടപ്പാറ, കാളവയൽ,ചെങ്കൂർ വാർഡുകളിൽ പ്രാഥമിക വിദ്യാലയങ്ങൾ ഇല്ല..

2. കാരയ്ക്കൽ, കരിങ്ങന്നൂരിലെ താഴത്തുവീടു ഭാഗം, പെരപ്പയം,ഇവിടങ്ങളിലെ കുട്ടികൾക്ക് പ്രാഥമികവിദ്യാലയങ്ങളിൽ എത്താൻ 2.5 കി.മീ. മുതൽ 3.5 കി.മീ. വരെ കാൽനടയായി സഞ്ചരിക്കണം.

3. നെട്ടയം, ഉഗ്രംകുന്ന് എൽ.പി. സ്കൂളുകളിൽ നിന്നും ജയിക്കുന്ന കുട്ടികൾക്ക് യു,പി.ക്ലാസ്സുകളിൽ പോകാൻ കുറഞ്ഞത് 3.5 കി.മീ. സഞ്ചരിക്കണം.

4. ഓയൂരും പരിസരത്തുമുള്ള കുട്ടികൾ 7 കി.മീ. കൂടുതൽ സഞ്ചരിച്ചാണ് ഹൈസ്കൂൾ പഠനത്തിന് പോകുന്നത്.

5. എൽ.പി.സ്കൂളുകളിൽ പലതിനോടും ചേർന്ന് പ്രീപ്രൈമറി ക്ലാസ്സുകൾ ഇല്ല. ഉള്ളവയ്ക്ക് കെട്ടിടങ്ങൾ ഇല്ല.

6. ഉഗ്രം കുന്ന് എൽ.പി.സ്കൂൾ 15 സെന്റ് സ്ഥലത്തും കരിങ്ങന്നൂർ എൽ.പി.സ്കൂൾ 25 സെന്റ് സ്ഥലത്തുമാണ് പ്രവർത്തിക്കുന്നത്.

7. ചെറിയ വെളിനല്ലൂർ ഹൈസ്കൂളിന്റെ കളിസ്ഥലവിസ്തൃതി 25 സെന്റ് മാത്രമാണ്.

8. എല്ലാ വിദ്യാലയങ്ങളിലും കുട്ടികളുടെയും അദ്ധ്യാപകരുടെയും എണ്ണത്തിന് അനുസൃതമായി മൂത്രപ്പുരകൾ ഇല്ല. കുറഞ്ഞത് 16 മൂത്രപ്പുരകൾ കൂടി പുതുതായി നിർമ്മിക്കണം.

9. വിദ്യാലയങ്ങളിൽ ആവശ്യമായ ഫർണിച്ചർ ഇല്ല. (കുറഞ്ഞത് 529 ഡസ്കുകളും 90 ബഞ്ചും 51 മേശയും, 46 കസേരകളും, 9 അലമാരകളും കൂടുതലായി വേണം.).

10. പതിമൂന്ന് സെമി പെർമനന്റ് ഷെഡ്ഡുകളും, ഒരു ടെമ്പററി ഷെഡ്ഡും,ഒരു ജീർണ്ണിച്ച സ്ഥിരം കെട്ടിടവും പൊളിച്ചു മാറ്റി സ്ഥിരം കെട്ടിടങ്ങൾ ഉണ്ടായാലേ കാര്യക്ഷമമായി സ്കൂളുകൾ നടത്താൻ കഴിയൂ.

11. വിദ്യാലയങ്ങളിലെ ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ തൃപ്തികരമല്ല.

12. വിദ്യാലയങ്ങളിലെ പഠന നിലവാരം ഉയർത്താൻ നടപടി ഉണ്ടാകണം.

13. പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികളുടെ നിലവാരം തൃപ്തികരമല്ല.

14. മെരിറ്റ് സ്കോളർഷിപ്പുകൾ ലഭിക്കുന്നത് 12 കുട്ടികൾക്ക് മാത്രം ആണ്. നിലവാരം കുറവാണ് ഇതിന്റെ കാരണം.

15. PTA പ്രവർത്തനങ്ങൾ മാതൃസംഗമം, ഇവ കാര്യക്ഷമമായി നടക്കുന്നില്ല.

## സാധ്യതകൾ

1. കുട്ടികൾക്ക് വിദ്യാലയങ്ങളിലെത്താൻ 1.5 കി.മീറ്ററിൽ കൂടുതൽ സഞ്ചരിക്കേണ്ടി വരുന്ന പ്രദേശങ്ങളിൽ എൽ.പി.സ്കൂളുകളും 2.5 കി.മീറ്ററിൽ കൂടുതൽ സഞ്ചരിക്കേണ്ടി വരുന്ന പ്രദേശങ്ങളിൽ യു.പി.സ്കൂളുകളും, 4 കി.മീറ്ററിൽ കൂടുതൽ സഞ്ചരിക്കേണ്ടി വരുന്ന സ്ഥലങ്ങളിൽ ഹൈസ്കൂളും പുതുതായി അനുവദിക്കാവുന്നതാണ്. വിദ്യാലയ സ്ഥാപനത്തിന് ആവശ്യമായ ഇതര ഘടകങ്ങൾ കൂടി കണക്കിലെടുത്ത് വേണം പുതുതായി സ്കൂളുകൾ തുറക്കേണ്ടത്.

2. അപ്ഗ്രേഡ് ചെയ്യാൻ യോഗ്യമായ എൽ.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് അപ്പർ പ്രൈമറി സൗകര്യം മെച്ചപ്പെടുത്തണം.

3. എൽ.പി.സ്കൂളുകളോട് ചേർന്ന് പ്രീ പ്രൈമറി സ്കൂളുകൾ ആരംഭിക്കണം. കെട്ടിടമില്ലാത്ത പ്രീ പ്രൈമറി സ്കൂളുകളുടെ കെട്ടിടം നിർമ്മിക്കണം. എല്ലാ പ്രീപ്രൈമറി വിദ്യാലയങ്ങൾക്കും PTA യുടെ സഹായത്തോടെ ആവശ്യമായ കളിപ്പാട്ടങ്ങൾ ലഭ്യമാക്കണം.

4. കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾക്കു പകരം മുൻഗണനാക്രമം നിശ്ചയിച്ച് ഘട്ടംഘട്ടമായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ ദീർഘകാല പദ്ധതി ആസൂത്രണം ചെയ്യണം.

5. സ്കൂളുകൾക്ക് ആവശ്യമായ അകസാമാനങ്ങൾ PTA യുടെ സഹായത്തോടെ ലഭ്യമാക്കണം.

6. സ്കൂളുകളിലെ ലബോറട്ടറികൾ, ലൈബ്രറികൾ ഇവ പൂർണ്ണമായും പ്രവർത്തിപ്പിയ്ക്കണം.

7. കാമ്പൗണ്ട് വിസ്തൃതി തീരെ കുറവായ വിദ്യാലയങ്ങൾക്ക് അവശ്യം ആവശ്യമായ ഭൂമി കൂടി ലഭ്യമാക്കാൻ PTA യുടെയും, സർക്കാരിന്റെയും സഹായത്തോടെ നടപടികൾ എടുക്കണം.

8. ഹൈസ്ക്കൂൾ കേന്ദ്രീകരിച്ച് സ്കൂൾ കോംപ്ലക്സ് പരിപാടി ശക്തമാക്കണം.

9. PTA മാതൃസംഗമം പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം.

# സംസ്കാരം

പ്രാചീനമായ ഒരു സംസ്കാരിക പൈതൃകം വെളിനല്ലൂരിന് ഉണ്ട്. 'വെളിച്ചത്തിന്റെ ഊര്'' വെളിനല്ലൂർ എന്ന് പറയുന്ന പഴമക്കാർ നമ്മുടെ കൂട്ടത്തിൽ ഉണ്ട്. നമ്മുടെ ഗ്രാമത്തിന്റെ ബുദ്ധമത പാരമ്പര്യം ആമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. പാലി ഭാഷയിലുള്ള ശിലാലിഖിതങ്ങൾ വെളിനല്ലൂർ ക്ഷേത്രവുമായി ബന്ധപ്പെട്ട് കണ്ടെത്തിയിട്ടുണ്ടെന്ന് പ്രാദേശിക ചരിത്ര പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

വർത്തമാനകാലത്തും സാംസ്കാരിക കേരളത്തിന് മികവുറ്റ സംഭാവന നൽകാൻ ഈ ഗ്രാമത്തിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളവസ്തുത അഭിമാനപൂർവ്വം രേഖപ്പെടുത്തുന്നു. 'ഓയൂർ' എന്ന് കേൾക്കുമ്പോൾ സാംസ്കാരിക ലോകം ഓർക്കുന്നത് ഓയൂർ കൊച്ചു ഗോവിന്ദപ്പിള്ള ആശാനെയാണ്. മലയാളിയുടെ 'ക്ലാസിക് കലയായ' കഥകളിയെ ലോകജനതക്ക് പരിചയപ്പെടുത്തുക്കൊടുക്കുന്നതിൽ ആശാൻ വഹിച്ച പങ്ക് വളരെ വലുതാണ്. 1966-ൽ സിംഗപ്പൂരിൽ പോയി ആറു മാസം അവിടെ താമസിച്ച് കുട്ടികളെ കഥകളി പഠിപ്പിച്ചു ഇംഗ്ലണ്ട്, പശ്ചിമജർമ്മനി, ഹോളണ്ട് എന്നീ രാജ്യങ്ങളിൽ പര്യടനം നടത്തി നിരവധി വേദികളിൽ കഥകളി അവതരിപ്പിച്ചു. ഇൻഡ്യയിലെ എല്ലാ പ്രധാന നഗരങ്ങളിലും പരിപാടികൾ നടത്തിയിട്ടുണ്ട്. 1989-ൽ കേരള സംഗീതനാടക അക്കാഡമി അവാർഡും 1989-ൽ ദേശീയ അവാർഡും നേടി.

കഥകളി സംഗീതത്തെ മറു നാട്ടിൻ എത്തിച്ച പ്രമുഖ കലാകാരൻ ആണ് കലാമണ്ഡലം ഗംഗാധരൻ.

മലയാള ചെറുകഥാ പ്രസ്ഥാനത്തിന് പുതിയമാനങ്ങൾ കണ്ടെത്തിയ യുവകഥാകൃത്തായിരുന്നു അന്തരിച്ച ശ്രീ കരിങ്ങന്നൂർ തുളസി.

കേരളത്തിലുടനീളം കഥാപ്രസംഗം അവതരിപ്പിക്കുന്ന സുപ്രസിദ്ധ കാഥിക വെളിനല്ലൂർ വസന്തകുമാരിയും ഗാനരചയിതാവും സംവിധായകനുമായ പരവൂർ രാമചന്ദ്രനും ഈ ഗ്രാമത്തിന്റെ പ്രതിനിധികൾ ആണ്.

വൈലോപ്പള്ളി അവാർഡ് നേടിയ പ്രതിഭാസമ്പന്നനായ യുവകവി കുരീപ്പുഴ ശ്രീകുമാര വെളിനല്ലൂരിൽ സ്ഥിര താമസമാക്കിയിട്ട് വർഷങ്ങൾ ഏറെയായി. സുപ്രസിദ്ധ റേഡിയോ സ്റ്റാർ കടയ്ക്കാവൂർ സി.കെ. വേലുക്കുട്ടി ഭാഗവതർ ഏതാണ്ട് അരനൂറ്റാണ്ടായി ഇവിടെയുണ്ട്. കലാസാംസ്കാരിക രംഗത്ത് നിരവധി സംഭാവനകൾ നൽകികൊണ്ടിരിക്കുന്ന നിരവധി കലാകാരന്മാർ നമ്മുടെ പഞ്ചായത്തിലുണ്ട്. സ്ഥലപരിമിതി മൂലം ചേർക്കുന്നില്ല.

മതസൗഹാർദ്ദം ഈ നാടിന്റെ മുഖമുദ്രയാണ്.പ്രധാനമായും മൂന്ന് മത വിഭാഗങ്ങൾ ആണ് ഇവിടെ താമസിക്കുന്നത്. ഹിന്ദുക്കൾ, മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ. പട്ടികജാതിക്കാരും മതപരിവർത്തനം നടത്തിയ പട്ടികജാതിക്കാരും താമസക്കാരിൽ പെടും. ഹിന്ദുക്കളിൽ നായർ, ഈഴവർ, വിശ്വകർമ്മജർ വെള്ളാളർ, ബ്രാഹ്മണർ എന്നിവരാണ് പ്രധാനമായി ഉൾപ്പെടുന്നത്.

എല്ലാ മതവിശ്വാസികളുടെയും ആരാധനാലയങ്ങൾ ഇവിടെ ഉണ്ട്. വെളിനല്ലൂർ ശ്രീരാമസ്വാമിക്ഷേത്രം, ചെറിയ വെളിനല്ലൂർ ആയിരവില്ലി ക്ഷേത്രം കൈതയ്ക്കൽ ക്ഷേത്രം ആക്കൽ ക്ഷേത്രം കോവിൽകുന്ന് ക്ഷേത്രം അയ്യപ്പൻകോവിൽ, വലിയവിള ഭഗവതി ക്ഷേത്രം, മിയന ക്ഷേത്രം ഇവയെല്ലാം പ്രധാനപ്പെട്ട ഹൈന്ദവ ആരാധാനാലയങ്ങൾ ആണ്.

പട്ടികജാതിക്കാരുടെ വകയാണ് കരിങ്ങന്നൂരിലെ ചാവർകാവും,പുതിയിടത്തെ മൂർത്തികാവും.

ഈ ക്ഷേത്രങ്ങളിലെല്ലാം മോടിയോടെ ഉത്സവങ്ങൾ നടത്താറുണ്ട്.

ഈ ഉത്സവങ്ങളിൽ നാനാജാതി മതസ്ഥർ യോജിച്ചു പങ്കെടുക്കുന്നു.

ക്ഷേത്രോത്സവങ്ങളുടെ കൂട്ടത്തിൽ വെളിനല്ലൂർ ശ്രീരാമസ്വാമി ക്ഷേത്രത്തിലെ ഉത്സവപരിപാടികൾ പ്രത്യേകം പരാമർശവിഷ യമാകേണ്ടതാണ്. മീനമാസത്തിലെ രോഹിണി നാളിൽ ആരംഭിക്കുന്ന ഉത്സവത്തോടനുബന്ധിച്ചാണ് പ്രസിദ്ധമായ തെക്കേവയൽ (കാളയവൽ) വാണിഭവും മണൽവാണിഭവും ആരംഭിക്കുക. ഈ വാണിഭങ്ങൾ

സംസ്ഥാനാന്തര പ്രശസ്തിയുള്ളവയാണ്. തെക്കെ വയൽ വാണിഭവും , ഓമല്ലൂർ വയൽ വാണിഭവുമായി ബന്ധപ്പെട്ട് ചില ഐതിഹ്യങ്ങൾ തന്നെ പഴമക്കാർ പറയുന്നു. "മാടൻ വെള്ളെ കോരുന്നതു പോലെ" എന്ന് ഭാഷാ ശൈലി തന്നെ കാളവയൽ വാണിഭവുമായി ബന്ധപ്പെട്ടതാണല്ലോ . പല കാരണങ്ങളാൽ ഈ ദേശിയോത്സവങ്ങൾക്ക് മങ്ങൽ ഏറ്റിരിക്കുന്നു.

നമ്മുടെ പ്രദേശത്തെ ഏറ്റവും പഴക്കമുള്ള മുസ്ലീംആരാധനാലയം പയ്യക്കോട് പള്ളിയാണ്. വെളിനല്ലൂർ ക്ഷേത്രത്തെയും പയ്യക്കോട് പള്ളിയേയും കേന്ദ്രീകരിച്ച് പല കഥകളും കാരണവന്മാർ പറയുന്നു. മതസൗഹാർദ്ദം കണ്ണിലെ കൃഷ്ണമണിപോലെ കാത്ത് സൂക്ഷിക്കാൻ ക്ഷേത്രവിശ്വാസികളും പള്ളി വിശ്വാസികളും ശ്രദ്ധിച്ചിരുന്നുവെന്നതാണ് ഈ കഥകളുടെ പൊരുൾ. ഈ പള്ളി ഇന്ന് പൂയപ്പള്ളി പഞ്ചായത്തിൽ ആണ്.

മാകോണം, ചേരൂർ (റോഡുവിള) റാണൂർ (വട്ടപ്പാറ) എന്നീ മുസ്ലീംപള്ളികൾ നൂറുവർഷങ്ങളുടെ മേൽ പഴക്കമുണ്ട്. കടമ്പൂർ ചെങ്കൂർ ആറ്റൂർകോണം പുള്ളിപച്ച പള്ളികൾ സ്ഥാപിക്കപ്പെട്ടത് പിന്നീടാണ്.

ഓയൂർ വാർഡിലെ നെടുമാങ്കോട് പള്ളിയിൽ വിവിധ മതസ്ഥർ വിശ്വാസമർപ്പിക്കുന്നു. അഭീഷ്ടസിദ്ധിക്ക് വേണ്ടി നെടുമാങ്കോട് 'അപ്പൂപ്പന്' നേർച്ചകൾ നടത്തുന്നവരിൽ എല്ലാ മതസ്ഥരും ഉണ്ട്.

ക്രിസ്ത്യൻ പള്ളികളിൽ പഴക്കം കൂടിയത് ഓട്ടുമല, പോരിയക്കോട് പള്ളികൾ ആണ്. ഓയൂരും പരിസരങ്ങളിലും ക്രൈസ്തവർ വളരെ മുമ്പ് മുതൽ താമസിച്ചുവരുന്നു. എന്നാൽ ഈ പള്ളികൾക്ക് അത്രയും പഴക്കമില്ല. മധ്യതിരുവിതാംകൂറിൽ നിന്നും ചെറിയ വെളിനല്ലൂർ മലപ്പുറത്ത് സ്ഥിരതാമസമാക്കിയ ക്രൈസ്തവർ അവിടെ ഒരു ചെറിയ പള്ളി സ്ഥാപിച്ചു. പിന്നീട് ആ പള്ളി എളമാട് പഞ്ചായത്തിലെ കണ്ണങ്കോട് (ചെറിയ വെളിനല്ലൂർ) വാർഡിലേക്ക് മാറ്റപ്പെട്ടു. അതാണ് ഇപ്പോഴത്തെ ചെറിയവെളിനല്ലൂർ സെന്റ് സെബാസ്റ്റ്യൻ ചർച്ച്

അടയറയിലെ ക്രിസ്ത്യൻ പ്രാർത്ഥനാലയം സമീപകാലത്ത് സ്ഥാപിച്ചതാണ്. രക്ഷാ സൈനികരുടെ പഴക്കമുള്ള ഒരു പ്രാർത്ഥനാലയം ആണ് ചുങ്കത്തറയിലെ രക്ഷാസൈന്യപ്പള്ളി.

പള്ളികളിൽ പെരുന്നാൾ ആഘോഷങ്ങൾ നടത്താറുണ്ട്. ഈ ആഘോഷങ്ങളിൽ എല്ലാ മതസ്ഥരും പങ്കെടുക്കുന്നു. പള്ളികളിൽ വച്ച് നടത്തപ്പെടുന്ന വിവാഹചടങ്ങുകളിലും എല്ലാ മതക്കാരും ഒരുമിച്ച് പങ്കെടുത്തിരുന്നു.

ശ്രീനാരായണ ഗുരു ദേവ പ്രതിഷ്ഠയുള്ളമള ഗുരുമന്ദിരങ്ങളും പഞ്ചായത്തിൽ ഉണ്ട്. ശ്രീനാരായണ ജയന്തി. സമാധി ദിനം ഇവ ഗുരുമന്ദിരങ്ങളിൽ വിവിധ ചടങ്ങുകളോടെ ആചരിക്കാറുണ്ട്.

| പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | സ്ഥിരമായി ഗ്രന്ഥങ്ങൾ എടുക്കുന്നവർ | ആനുകാലികങ്ങൾ | മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|
| AKG വായനശാല ആറ്റൂർകോണം | 1970 | സി | 1853 | 450 | പത്രം 2<br>മാസിക, വാരിക } 3 | 1. സാംസ്കാരിക പ്രവർത്തനം<br>2. ശുചീകരണം.<br>3. ശ്രമദാനം<br>4. AKG ദിനാഘോഷം |
| നാഷണൽ ലൈബ്രറി കരിങ്ങന്നൂർ | 1950 | എ | 3897 | 500 | പത്രം-3<br>മാസിക, വാരിക } 3 | 1. സാക്ഷരതാ പ്രവർത്തനം<br>2. ശുചീകരണം<br>3. ബോധവൽക്കരണം. |
| A.A റഹീം മെമ്മോറിയൽ വായനശാല റോഡുവിള | 1953 | സി | 3000 | 470 | പത്രം - 2<br>വാരിക-2 | ചർച്ചാക്ലാസുകൾ, സാമൂഹ്യസേവന പരിപാടികൾ, ആരോഗ്യപ്രവർത്തനങ്ങൾ ഇവ നടത്തുന്നു. |
| ഗ്രാമീണ വായനശാല ഉ[illegible] | 1956 | എ | 4500 | 500 | പത്രം-3<br>മാസിക, വാരിക }-3 | ശുചീകരണം, ബോധവൽക്കരണ പ്രവർത്തനം, ശ്രമദാനം |
| മഹാത്മജി സ്മാരക വായനശാല നെടുമൺ | 1956 | | 500 | 250 | പത്രം-2<br>മാസിക, വാരിക } 2 | ബോധവൽക്കരണം<br>സാംസ്കാരിക പ്രവർത്തനം. |
| പഞ്ചായത്ത് ഗ്രന്ഥശാല ഓയൂർ | 1991 | | 800 | 350 | പത്രം - 5<br>മാസിക, വാരിക } 4 | സെമിനാറുകൾ സംഘടിപ്പിക്കുന്നു.<br>ശുചീകരണം. |

മതവിശ്വാസങ്ങളിലും ആചാരക്രമങ്ങളിലും വിഭിന്നരായിരുന്ന ജനങ്ങൾ തൊഴിലിന്റെയും സാമ്പത്തിക ഉച്ചനീചത്വത്തിന്റെയും അടിസ്ഥാനത്തിൽ കൂട്ടായ്മ രൂപപ്പെടുത്താൻ തുടങ്ങിയിരിക്കുന്നു. ഈ കൂട്ടായ്മ വർഗ്ഗബഹുജനസംഘടനകളായി വളർന്നു വന്നിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരു മതേതര വീക്ഷണം വളർന്ന് വന്നതിൽ ഈ പഞ്ചായ ത്തിലെ ഗ്രന്ഥശാലകൾക്കും കലാകായിക സംഘടനകൾക്കും വലിയ പങ്കാണുള്ളത്.

നോവൽ, ചെറുകഥ, നാടകം, ജീവചരിത്രം, കവിത തത്വശാസ്ത്രം തുടങ്ങി എല്ലാ സാഹിത്യവിഭാഗങ്ങളെയും പ്രതിനിധികരിക്കുന്ന ഒരു ഗ്രന്ഥശേഖരം ഈ ഗ്രന്ഥശാലകളിൽ ഉണ്ട്. എന്നാൽ ഈ ഗ്രന്ഥശേഖരങ്ങൾ പ്രയോജനപ്പെടുത്തുന്നതിൽ അംഗങ്ങൾ വേണ്ട താൽപര്യം കാണിക്കുന്നില്ല. വായനാശീലം കുറഞ്ഞുവരുന്നതായി കാണുന്നു. ടെലിവിഷൻ കാണുന്നതിന് ആണ് കൂടുതൽ ആളുകളും വായനാശാലകളിൽ പോകുന്നത്. വായനശാലകളിൽ ചെന്ന് പുസ്തകങ്ങൾ എടുക്കുന്ന സ്ത്രീകൾ ഇല്ലെന്നുതന്നെ പറയാം. വിദ്യാർത്ഥികളും വായനശാ ലകൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ല. നോവലുകൾക്കും ചെറുകഥകൾ ക്കുമാണ് കുറെയെ ങ്കിലും വായനക്കാർ ഉള്ളത്. ടെലിവിഷന്റെയും കേബിൾ ടെലിവിഷന്റെയും വർദ്ധിച്ച പ്രചാരവും പുസ്കങ്ങളുടെയും പത്രമാസികകളുടെയും വില കൂടുതലും ജനങ്ങളുടെ വായനശീലത്തെ പിന്നിലേക്ക് തള്ളിയിരിക്കുന്നു.

മലയാള മനോരമ, മാതൃഭൂമി,കേരളകൗമുദി, ദേശാഭിമാനി, മാധ്യമം, മംഗളം ,ദീപിക,ചന്ദ്രിക എന്നീ ദിനപത്രങ്ങളും മനോരമ, മംഗളം, മാതൃഭൂമി കലാകൗമുദി, ദേശാഭിമാനി, ചിന്ത എന്നീ വാരികകളും വനിത, തുടങ്ങിയ മാസികകളും ബാലരമ, കളിക്കുടുക്ക, തത്തമ്മ തുടങ്ങിയ കുട്ടികളുടെ പ്രസിദ്ധീകരണങ്ങളും പഞ്ചായത്തിൽ പ്രചാരത്തിൽ ഉണ്ട്. 'മ' പ്രസിദ്ധീകരണങ്ങൾ മിക്ക കടകളിലും വിൽപ്പനക്കുണ്ട്. ഈ പ്രസിദ്ധീകരണങ്ങളുടെ പ്രചാരത്തെയും ടി.വി സീരിയലുകൾ തടഞ്ഞിട്ടുണ്ട്.

ടി.വി. സെറ്റുകൾ മിക്ക വീടുകളിലും ഉണ്ട്. കരിങ്ങന്നൂർ, ഓയൂർ, അമ്പലംകുന്ന് എന്നിവിടങ്ങളിൽ കേബിൾ ടി.വി. ഉണ്ട്.

സാംസ്കാരികമേഖലയെ സംപുഷ്ടമാക്കുന്ന മറ്റൊരു ഘടകമാണ് 'ആർട്ട്സ് & സ്പോർട്ട്സ് ക്ലബുകളുടെ പ്രവർത്തനം. ഇരുപതിൽപരം കായിക കലാസമിതികൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഓണക്കാലത്ത് പരിപാടികൾ അവതരിപ്പിക്കുയെന്നത് മാത്രം ലക്ഷ്യമാക്കിയുള്ള സമിതികൾ ആണ് കൂടുതലും

വെളിനല്ലൂരിന്റെ സാംസ്കാരിക പുരോഗതിക്ക് കാര്യമായ സംഭാവനകൾ നൽകാൻ കഴിഞ്ഞിരുന്ന ഒരു സമിതിയായിരുന്നു നെട്ടയം സാംസ്കാരിക കലാ സമിതി.സംഗീത നാടക അക്കാഡമിയിൽ ഈ സമിതിക്ക് അഫിലിയേഷൻ ലഭിച്ചിരുന്നു. അന്തരിച്ച ശ്രീ. ഷംസ്സാർ ദീർഘമായ ഒരു കാലയളവിൽ അമ്പലംകുന്നിലെ സാംസ്കാരികമേഖലയെ സജീവമാക്കിയിരുന്നു. കയ്യെഴുത്ത് മാസികാ പ്രസിദ്ധീകരണം, ഡാൻസ് ക്ലാസ്സുകൾ, നാടാകാ ഭിനയം ഇത്യാദി സാംസ്കാരിക പ്രവർത്തനങ്ങൾക്ക് എം.എസ്സ് നെട്ടയം കാണിച്ച താൽപര്യം ആവേശകരമാണ്.

പുരോഗമന കലാ സാഹിത്യ സംഘത്തിന്റെ കരിങ്ങന്നൂർ യൂണിറ്റ് പ്രതിമാസ സാഹിത്യ പരിപാടികൾ, ചർച്ചാ സമ്മേളനങ്ങൾ, സംവാദങ്ങൾ ഇവ നടത്താറുണ്ട്. ഇതും നമ്മുടെ സാംസ്കാരിക മേഖലയിൽ ചലനം സൃഷ്ടിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ പ്രധാന കായിക കലാ സമിതികളുടെ പേരു വിവരം അടിയിൽ കൊടുക്കുന്നു.

1. നെട്ടയം സാംസ്കാരിക കലാ സമിതി അമ്പലംകുന്ന്
2. ഓയൂർ ടൗൺ ക്ലബ്, ഓയൂർ
3. നളന്ദ, ആർട്ട്സ് ക്ലബ്, ഓയൂർ
4. ഗാന്ധിജി കൾച്ചറൽ സൊസൈറ്റി, ഉഗ്രംകുന്ന്
5. ഉദയാ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്, കാളവയൽ
6. ചങ്ങാതി റിക്രിയേഷൻ ക്ലബ്, കാളവയൽ
7. മൈത്രി, വട്ടപ്പാറ
8. ഗണന കലാവേദി, ആക്കൽ
9. അരിസ്റ്റോ പൗരസമിതി, ഓയൂർ
10. റാസ് റോഡുവിള
11. സെവൻ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ചെറിയ വെളിനല്ലൂർ
12. അനശ്വര, കൊല്ലങ്കോട്
13. സിതാര, അമ്പലംകുന്ന്
14. റിഥം, കരിങ്ങന്നൂർ
15. സ്പന്ദന, റോഡുവിള
16. ചെങ്കൂർ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് ചെങ്കൂർ

17. ടാസ് മുളയറച്ചാൽ
18. വെളിനല്ലൂർ ആർട്ട്സ് ക്ലബ് ഉഗ്രംകുന്ന്.
19. നാഷണൽ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് കരിങ്ങന്നൂർ
20. പുരോഗമന കലാസാഹിത്യസംഘം സമിതി, കരിങ്ങന്നൂർ
21. എ. ഏ.ലത്തീഫ് ഗ്രന്ഥശാലാ കലാസമിതി റോഡുവിള
22. അനശ്വര ആറ്റൂർകോണം

പഞ്ചായത്തിലെ കായികമേഖല സജീവമാണ്. സ്പോർട്ട്സ് പ്രേമികളായ വളരെയധികം യുവാക്കൾ ഈ പഞ്ചായത്തിൽ ഉണ്ട്. അവരുടെ കൂട്ടത്തിൽ നല്ല കളിക്കാരുമുണ്ട്. ഇവരുടെ കഴിവുകൾ വികസിപ്പിച്ചെടുക്കാൻ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഇല്ല. പഞ്ചായത്തിൽ ഒരു സ്റ്റേഡിയം ഇല്ല. അതുകൊണ്ടുതന്നെ ഒരു ഫുട്ബാൾ മത്സരം ഇ പഞ്ചായത്തിൽ നടത്താനാവില്ല.

ചടയമംഗലം ബ്ലോക്കിലെ ഇതര പഞ്ചായത്തുകളുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ കായിക നിലവാരം താണതാണ്. യാതൊരുവിധ കായികപരിശീലനസ്ഥാപനങ്ങളും ഈ പഞ്ചായത്തിൽ ഇല്ല.

കളികളുടെ ലോകത്തും പുതിയ പ്രവണത വളർന്നു വന്നിരിക്കുന്നു. കൊച്ചു കുട്ടികൾ പോലും ക്രിക്കറ്റിന്റെ മാസ്മര ലഹരിയിലാണ്. ഇൻഡോർ ഗെയിംസ്, വായനശാലകളം ക്ലബുകളും കേന്ദ്രീകരിച്ച് കുറെയൊക്കെ നടക്കുന്നു. ചീട്ടുകളിയിൽ ജനങ്ങൾ നല്ല കമ്പമാണ്. കിളികളി, കുട്ടിയുംകുന്നുംകളി, തുടങ്ങിയ നാടൻകളികൾക്ക് ആളുകൾക്ക് താൽപര്യം കാട്ടുന്നില്ല.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഗ്രന്ഥശാലകളുടെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല. കെട്ടിടം, ഉപകരണങ്ങൾ ഇവ ആവശ്യത്തിനില്ല.
2. പഞ്ചായത്ത് ഗ്രാന്റുകൾ ലഭിക്കുന്നില്ല.
3. പുസ്തകവിതരണം കൃത്യമായി നടക്കുന്നില്ല.
4. പത്രമാസികകളുടെ വിലവർദ്ധനവു മൂലം എല്ലാ ആനുകാലിക പ്രസിദ്ധീകരണങ്ങളും വരുത്താൻ കഴിയുന്നില്ല.
5. ഭൗതികസാഹചര്യങ്ങൾ പ്രതികൂലമാകയാൽ വനിതകൾ, കുട്ടികൾ ഇവർക്ക് പ്രത്യേക സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ കഴിയുന്നില്ല.
6. വൈദ്യുതി ചാർജ്ജ് വർദ്ധനവും വൈദ്യുതി കട്ടും വായനാശാലാ പ്രവർത്തനത്തിൽ പ്രയാസം സൃഷ്ടിക്കുന്നു.
7. പഞ്ചായത്തിൽ ഒരു കേന്ദ്രവായനശാല ഇല്ലാത്തതിനാൽ വായനാശാലപ്രവർത്തനത്തിന് ഒരു കൂട്ടായ്മയില്ല. ഏകോപിച്ച് പ്രവർത്തിക്കാൻ അവസരം ഉണ്ടായിരുന്നെങ്കിൽ, പുസ്തകങ്ങളും, ആനുകാലികങ്ങളും കൈമാറാൻ കഴിയുമായിരുന്നു.
8. പട്ടികജാതിക്കാർ, ദുർബ്ബലവിഭാഗക്കാർ ഇവർ കൂടുതൽ ആയി താമസിക്കുന്ന പ്രദേശങ്ങൾ കേന്ദ്രീകരിച്ച് വായനശാലകൾ ഇല്ലാത്തതിനാൽ, ഇത്തരക്കാരെ വായനയുമായി ബന്ധിപ്പിക്കാൻ തീരെ കഴിയുന്നില്ല.
9. കായിക പരിശീലനത്തിനുള്ള ഒരു സ്ഥാപനവും പഞ്ചായത്തിൽ ഇല്ല.
10. നല്ല കളി സ്ഥലങ്ങൾ ഇല്ല.
11. ജനാധിപത്യപരമായ പ്രവർത്തന ശൈലിയുടെ അഭാവം

## സാധ്യതകൾ

1. പഞ്ചായതച്തിന്റെ മുൻകയ്യിൽ പഞ്ചായത്ത് ഗ്രന്ഥശാലകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം.
2. ഗ്രന്ഥ ശാലകൾക്ക് കെട്ടിട നിർമ്മാണ ഗ്രാന്റ്, ഫർണീച്ചർ ഗ്രാന്റ് ഇവ യഥാകാലം ലഭ്യമാക്കാൻ ത്രിതല പഞ്ചായത്ത് സമിതകൾ നടപടി എടുക്കണം.
3. പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥ ശാല പഞ്ചായത്തിലെ കേന്ദ്ര വായനാശാലയായിപ്രവർത്തിച്ച് ഇതര വായനശാലകൾക്ക് നേതൃത്വം നൽകണം.
4. പഞ്ചായത്തിലെ കലാ സാംസ്കാരിക കായിക സമിതികളുടെ പ്രവർത്തം വിലയിരുത്തി പ്രവർത്തനക്ഷമമായ സമിതികൾക്ക് അംഗീകാരവും പ്രവർത്തന ഗ്രാന്റും നൽകണം.
5. പഞ്ചായത്ത് സാസ്കാരിക നിലയത്തിൽ ഒരി കരിയർ കോർണർ തുറന്ന് യുവതീ യുവാക്കൾക്ക് തൊഴിൽപരമായ മാർഗ്ഗദർശനം നൽകണം.
6. ഗ്രന്ഥ ശാലാ പ്രവർത്തകരുടെയും സാംസ്കാരിക പ്രവർത്തകരുടെയും യോഗങ്ങൾ ചേർന്ന് കാലാകാലങ്ങളിൽ വിളിച്ച് പ്രശ്നങ്ങൾ ചർച്ച ചെയ്യാനും പരിഹാരം കാണാനും ഒരു സ്ഥിരം സംവി ധാനം പഞ്ചായത്ത് തലത്തിൽ ഉണ്ടാകണം.
7. ജനാധിപത്യ രീതിയിൽ വായനശാലകൾ പ്രവർത്തിക്കണം ❑

# പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

പട്ടികജാതിക്കാർ ധാരാളമായി അധിവസിക്കുന്ന ഒരു പഞ്ചായത്ത് ആണ് നമ്മുടേത് 1991-ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ 2627 ആണ്. പട്ടിക വർഗ്ഗക്കാർ ഇല്ല. ചടയമംഗലം ബ്ലോക്കിൽ നിന്നും ലഭിച്ച സ്ഥിതി വിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ അംഗീകൃത പട്ടിക ജാതി കോളനികളുടെ വിവരം ചുവടെ കൊടുക്കുന്നു.

ഈ കോളനികൾ കൂടാതെ പട്ടികജാതി കുടുംബങ്ങൾ പാർക്കുന്ന അടയറ കോളനി പെരിഞ്ഞയിൽ, മീയന ലക്ഷം വീട് കോളനി, മോട്ടാർ കുന്ന് ലക്ഷം വീട് കോളനി കാരക്കൽ പഞ്ചായത്ത് കോളനി ഈ സങ്കേതങ്ങൾക്കും നമ്മുടെ പഞ്ചായത്തിൽ പ്രത്യേക പ്രാധാന്യമുണ്ട്. അംഗീകൃത പട്ടികജാതി സങ്കേതങ്ങൾ ആയി ഇവ പരിഗണിക്കപ്പെടേണ്ടതാണ്.

| ക്രമ നമ്പർ | കോളനിയുടെ പേര് | കോളനിയുടെ വിസ്തീർണ്ണം | പട്ടികജാതി കുടുംബങ്ങളുടെ എണ്ണം | അഭിപ്രായ കുറിപ്പ് |
|---|---|---|---|---|
| 1 | 504 നെട്ടയവിള | (ഹെക്ടർ) 120 | 127 | ആദ്യത്തെ IHDP കോളനി കിഴക്ക്, പടിഞ്ഞാറ് എന്ന രണ്ട് ഭാഗങ്ങൾ |
| 2 | പരുച്ചണി-കോണം | 18.57 | 115 | ഇപ്പോഴത്തെ IHDP കോളനി കൊക്കോട്ടുകോണം, തടത്തിവിള, കുണ്ടറമുക്ക് LPSന് പടിഞ്ഞാറ് പ്രദേശങ്ങൾ ഉൾക്കൊള്ളുന്നു. |
| 3 | പനയറക്കുന്ന് | 12.26 | 112 | |
| 4 | കൊല്ലക്കോട് | 10.78 | 105 | |
| 5 | ഊറ്റുകുഴി<br>കൊല്ലം കോണം | 5.11<br>1.94 | 37<br>19 } 56 | കിഴക്ക് പടിഞ്ഞാറ് രണ്ട് ഭാഗങ്ങൾ |
| 6 | ഇടയ്ക്കാൽ കരിഞ്ഞുമ്പൂർ പുതിയിടം കുന്നുംപുറം | 3.38 | 22 | ഇടയ്ക്കാൽ, പുതിയിടം, മുണ്ട്കോണം, കുന്നുംപുറം ഭാഗങ്ങൾ ചേർന്നത് ഉറകുന്ന്, കരിഞ്ഞുമ്പൂർ വാർഡുകളിൽ |
| 7 | ചൊവലിയക്കോട് | 3.28 | 23 | |
| 8 | നീലക്കോണം ചരുക്കോട് | 2.2 | 21 | |
| 9 | നാഡിക്കോണം | 2.00 | 15 | |
| 10 | ആലുകാൽ | 2.09 | 14 | |

ഇതു കൂടാതെ ഇതര ജനവിഭാഗങ്ങ ൾക്കൊപ്പം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ചിതറി താമസിക്കുന്ന കുടുംബങ്ങളും ഉണ്ട്.

IRDP സർവ്വെ പ്രകാരം 282 പട്ടികജാതി കുടുടംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ് പട്ടികജാതി കുടുംബങ്ങൾ ഒട്ടു മിക്കതും ദാരിദ്ര്യരേഖക്ക് താഴെയാണെന്നാണ് ഗ്രാമസഭ റിപ്പോർട്ടുകൾ കാണിക്കുന്നത്. പട്ടികജാതിക്കാരിൽ ഏറ്റവും പിന്നോക്കാവസ്ഥയിൽ ജീവിക്കുന്നത് വേടർ സമുദായം ആണ്.

എല്ലാ പട്ടികജാതി കോളനികളും വൈദ്യുതി കരിക്കപ്പെട്ടിട്ടില്ല. നീലക്കോണം, പൊരിയക്കോട് കോളനികൾ ഈ പട്ടികയിൽ പെടുന്നു. വൈദ്യുതി കരിച്ച കോളനികളിൽ എല്ലാ കുടുബങ്ങൾക്കും വൈദ്യുതി കിട്ടിയിട്ടില്ല. സ്വന്തമായി വീട് വയർ ചെയ്യിക്കാൻ കഴിയാത്ത താണ് മുഖ്യ കാരണം.

ഗ്രാമസഭാ റിപ്പോർട്ടുകൾ ക്രോഡീ കരിച്ചപ്പോൾ 300 പട്ടികജാതി കുടുംബ ങ്ങൾക്ക് സാനിട്ടറി കക്കൂസുകൾ ഇല്ലെന്ന് കാണുന്നു. IRDP സർവ്വേയിൽ വെളിപ്പെടുത്തപ്പെട്ടയവയേക്കാൾ കൂടുതൽ ആണിത്.

ജലക്ഷാമം മിക്ക കോളനികളിലും അനു ഭവപെടുന്നു.

കോളനിയിൽ എത്തിച്ചേരുന്നതിന് ഗതാഗത യോഗ്യമായ റോഡുകൾ ഇല്ല. 504 കിഴക്ക് ആലും മൂട്ടിൽ നിന്നും എത്താൻ പുതിയ റോഡ് തന്നെ വേണ്ടിയിരിക്കുന്നു. പതുപ്പള്ളിക്കോണം കോളനിയി ലേക്ക് പോകുന്ന ചെറിയ വെളിനല്ലൂർ പനവെട്ടം, കുരീക്കാട് റോഡ്, പനയറക്കുന്നം പട്ടികജോതി കോളനിയിലേക്ക് പോകുന്ന ചുങ്കത്തറ-പന യറക്കുന്നം റോഡ് പൂങ്ങോട്ട്, കോളനിയിലേക്ക് പോകുന്ന പനയറ പൂങ്ങോട്ട് റോഡ് കൊല്ലങ്കോട്ട് കോളനിയിലേക്ക് പോകുന്ന തെറ്റിക്കാട് കൊല്ലങ്കോട്ട് കോളനി റോഡ്, മീയന ലക്ഷം വീടുകോളനി ഓട്ടുമല റോഡ്, നാഡീക്കോണത്തേക്ക് പോകുന്ന വാലിയം കുന്ന് നാഡിക്കോണം കോളനി റോഡ് ഇവയെല്ലാം തീരെ സഞ്ചാരയോഗ്യമല്ലാത്ത സ്ഥിതിയിൽ ആണ്. ഈ റോഡുകളിൽ മിക്കതിലും വഴി വിളക്കുകളും ഇല്ല.

പാർപ്പിട യോഗ്യമായ വീടുകൾ ഇല്ലാത്ത പട്ടികജാതിക്കാർ കൂടുതൽ ഉണ്ട്. സ്വന്തമായി ഭൂമിയുണ്ടെങ്കിലും വീട് വയ്ക്കാൻ ധനശേഷി ഇല്ല. IRDP സർവ്വേ പ്രകാരം പഞ്ചായത്തിലെ 438 പേർക്ക് താമസയോഗ്യമായ വീടുകൾ ഇല്ല. ഇവരിൽ ഭൂരിപക്ഷവും (ഏകദേശം 275) പട്ടികജാതിക്കാർ ആണ്. ഗ്രാമസഭയിൽ ഉയർന്നുവന്ന ആവശ്യം ഇതിലും കൂടുതൽ ആണ്. 1988 ന് മുമ്പ് നൽകിയി രുന്നു വീടുകൾ താമസയോഗ്യമല്ലാതായി ത്തീർന്നിരി ക്കുന്നുവെന്നും പരാതികൾ ഉണ്ട്.

ഗ്രാമസഭ റിപ്പോർട്ട് പ്രകാരം വിവിധ പട്ടികജാതികോളനികളിൽ ആവശ്യമായ വീടുകളുടെ പട്ടികയാണ് അടിയിൽ കൊടുക്കുന്നത്

| | |
|---|---|
| 1. മീയന | 20 വീട് |
| 2. അടയറ , ഇടക്കൽ | 15 വീട് |
| 3. പുതിയിടം കുന്നുപുറം | 12 വീട് |
| 4. പൂങ്ങോട് | 5 വീട് |
| 5. ആക്കൽ | 12 വീട് |
| 6. പതുപ്പള്ളിക്കോണം | 40 വീട് |
| 7. 504 | 50 വീട് |
| 8. പ്ലാങ്കുഴി , കൊല്ലംകോൺ | 20 വീട് |
| 9. കൊല്ലങ്കോട് പൊരിയക്കോട് | 75വീട് |
| 10. നാഡിക്കോണം | 5 വീട് |
| ആകെ | 294 |

കൂടാതെ ലക്ഷം വീട് കോളനികളിൽ പാർക്കുന്ന പട്ടികജാതിക്കാർക്കും വീടുകൾ ആവശ്യമാണ്. ഗ്രാമസഭയിൽ ഉന്നിയിക്കപ്പെട്ട ആവശ്യം ചുവടെ കൊടുത്തിരിക്കുന്നു.

| | |
|---|---|
| 1. റോഡ് വിള ലക്ഷം വീട് | 2 വീട് |
| 2. കാരയ്ക്കൽ പഞ്ചായത്ത് കോളനി | 5വീട് |
| 3. മോട്ടാർ കുന്ന് ലക്ഷം വീട് കോളനി | 4വീട് |
| 4. പനയറക്കുന്നം ലക്ഷം വീട് കോളനി | 7 വീട് |
| ആകെ | 18 |

പട്ടികജാതി കോളനിയിലെ വിദ്യാർത്ഥി കളുടെ പഠനസൗകര്യവും പരിശോധന വിധേയ മാകണം. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പട്ടികജാതിക്കാർ ഉള്ളത് നെടുവേലി വാർഡിൽ ആണ്. ഈ വാർഡിൽ ഒരു പ്രാഥമിക വിദ്യാലയം ഇല്ല.

പഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങളിൽ ആകെ 466 പട്ടികജാതി വിദ്യാർത്ഥികൾ പഠിക്കുന്നു. 233 ആൺകുട്ടികളും അത്രയും തന്നെ പെൺകുട്ടികളും. ഇവരിൽ തോറ്റ് പഠിക്കുന്ന 26

ആൺകുട്ടികളും 12 പെൺകുട്ടികളും ഉൾപ്പെടെ 38 പേർ.

പട്ടികജാതിക്കാരിൽ ഏറെപ്പേരും കർഷക ത്തൊഴിലാളികൾ ആണ്. കശുവണ്ടി ഫാക്ടറികൾ, പാറക്കോറികൾ കെട്ടിടനിർമ്മാണ മേഖല, ഇഷ്ടികച്ചുള ഇവിടങ്ങളിൽ ആണ് മറ്റുള്ളവരുടെ പണി. വ്യവസായ മേഖലയിൽ പട്ടികജാതിക്കാർ ആരുമില്ല.

പട്ടികജാതിക്കാരുടെ സാമൂഹ്യപദവി മെച്ചപ്പെട്ടിട്ടുണ്ട്. എല്ലാ പൊതു ചടങ്ങുകളിലും ഇതര ജനവിഭാഗങ്ങളൊടോപ്പം പട്ടികജാതിക്കാരും ക്ഷണി ക്കപ്പെട്ടവരായി പങ്കെടുക്കുന്നുണ്ട്. ജാതി പറഞ്ഞ് വിളിക്കുന്ന രീതി മാറിയിട്ടുണ്ട്. പട്ടികജാ തിക്കാരുടെ വിവാഹ ചടങ്ങുകളിൽ ഇതര മതസ്ഥർ പങ്കെടുക്കു കയും ഭക്ഷണം കഴിക്കുകയും ചെയ്യാറുണ്ട്. എന്നാൽ ഇത് സർവ്വസാധാരണമെന്ന് പറയാൻ നിവൃത്തിയില്ല.

ബഹുജനസംഘടനകളുടെ വില്ലേജ് തല പ്രവർത്തകരായിപട്ടികജാതിക്കാർ ഉണ്ട്. എന്നാൽ വില്ലേജ് നിലവാര്ത്തിൽ നിന്നും ഉയർന്ന നേതൃത്വ പദവിയിൽ പ്രവർത്തിക്കുന്ന പട്ടികജാതിക്കാർ ഈ പഞ്ചായത്തിൽ കുറവാണ്.

അന്ധവിശ്വാസങ്ങളിൽ നിന്ന് വലിയൊരളവ് വരെ പട്ടികജാതിക്കാർ വിമുക്തരായിട്ടുണ്ട്. "യക്ഷിയും പേയും ഇവർക്ക് ദൈവം " എന്ന് മഹാകവി കുമാരാനാശാൻ പാടിയ സ്ഥിതിയിൽ നിന്നും വലിയ മാറ്റംവന്നിട്ടുണ്ട്. വിദ്യാഭ്യാസ പുരോഗതിയാണ് ഇതിന്റെ പ്രധാന കാരണം.

വിശ്രമവേളകൾ ശരിയായി വിനിയോഗി ക്കുന്നതിനുള്ള സാഹചര്യം പല പട്ടികജാതി കോളനികളിലും ഇല്ല. 504 കിഴക്ക് പനയാംകുന്ന എന്നീ രണ്ട് കോളനികളിൽ ആണ് ടെലിവിഷൻ സെറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്.,

വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികളുടെ ഗുണഫലം ലഭിക്കാത്ത ഒരു വലിയ വിഭാഗം പട്ടിക ജാതിക്കാർ ഉണ്ട്. ആനുകൂല്യങ്ങൾ യഥാകാലം അറിയാ തിരിക്കുക,. അപേക്ഷകൾ നൽകുന്നതിന് ആവശ്യ മായ റിക്കാർഡുകൾ ഹാജരാക്കാൻ കഴിയാതെ വരിക ഇവയൊക്കെയാണ് ആനുകൂല്യം ലഭിക്കാതിരി ക്കുന്നതിന്റെ മുഖ്യകാരണങ്ങൾ.

പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം ഇല്ലാത്തതിന്റെ ഏറ്റവും കൂടുതൽ ക്ലേശം അനുഭവിക്കുന്നത് പട്ടികജാതിക്കാർ ആണ്.

## പ്രശ്നങ്ങൾ

1. വീട് ശുദ്ധജലം സാനിട്ടറി ലാട്രിൻ, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല.
2. പൊതുശ്മശാനം ഇല്ല.
3, സൗകര്യപ്രദമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല.
4. സാമൂഹ്യസുരക്ഷാ ആനുകൂല്യങ്ങൾ അർഹരായ എല്ലാപേർക്കും കിട്ടുന്നില്ല.
5. സ്വയം തൊഴിൽ ചെയ്യാൻ ആവശ്യമായ ബാങ്ക് വായ്പകൾ കിട്ടാൻ ബുദ്ധിമുട്ടുണ്ട്.
6. എല്ലാ പട്ടികജാതി കോളനികൾക്കും 'റിക്രിയേഷൻ' സൗകര്യങ്ങൾ ില്ല.
7. പട്ടികജാതിക്കാരുടെ തനതായ കലാരൂപങ്ങൾ സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും നടപടികൾ ഉണ്ടാകുന്നില്ല.

## സാധ്യതകൾ

1. വീട്, കുടിവെള്ളം, കക്കൂസ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വിവിധ ഏജൻസികൾ കൂട്ടായി നടപടികൾ സ്വീകരിക്കണം.
2. ഒരു പൊതു ശ്മശാനം സ്ഥാപിക്കണം.
3. ടെലിവിഷൻ ഇല്ലാത്ത പട്ടികജാതി കോളമനികളിൽ ടെലിവിഷൻ സ്ഥാപിക്കണം.
4. എല്ലാ പട്ടികജാതികോളനികളിലും ലക്ഷം വീട് കോളനികളിലും ശുദ്ധജലവിതരണ പദ്ധതിയുടെ പൊതുടാപ്പുകൾ സ്ഥാപിക്കണം.
5. പട്ടികജാതിക്കാരുടെ വിദ്യാഭ്യാസ സൗകര്യം കൂടി കണക്കിലെടുത്ത് പ്രാഥമിക വിദ്യാലയങ്ങൾ അവശ്യം ആവശ്യമായ സ്ഥലങ്ങളിൽ തുറക്കണം.
6. എല്ലാ സാമ്പത്തികകാനുകൂല്യങ്ങളും ഗ്രാമപഞ്ചായത്തു വഴി ലഭ്യമാക്കണം.
7. പത്ത് പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന പ്രദേശത്തെ കോളനിയായി അംഗീകരിക്കണം
8. വേടർ സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽപെടുത്തണം.

# ♦ വനിതാ ക്ഷേമം ♦

പഞ്ചായത്തിലെ ആകെ സ്ത്രീകൾ 12311 പേർ ആണ്. പുരുഷന്മാരേക്കാൾ 329പേർ കൂടുതൽ. വിവിധ സ്കൂളുകളിൽ ആയി 2072 പെൺകുട്ടികൾ പഠിക്കുന്നു. സാങ്കേതിക വിദ്യാഭ്യാസമുൾപ്പെട ഉന്നത വിദ്യാഭ്യാസ ത്തിന് ആൺകുട്ടികളോടൊപ്പം പെൺകുട്ടികളും കലാലായങ്ങളിൽ പോകുന്നു.

തൊഴിൽ മേഖലയിലും പുരുഷന്മാരൊ ടൊപ്പം സ്ത്രീകളും ഏറിയും കുറഞ്ഞും പങ്കാളികൾ ആകുന്നു. കശുവണ്ടി ഫാക്ടറികളും കാർഷികമേ ഖലയും ആണ് സാധാരണ സ്ത്രീകളുടെ പ്രധാന തൊഴിൽ മേഖല. ഈ മേഖലകളിൽ സ്ഥിരമായി ജോലി ലഭിക്കാറില്ല.

സർക്കർ, അർദ്ധസർക്കാർ,പൊതുമേഖലാ സ്ഥാപനങ്ങൾ ഇവിടങ്ങളിൽ പണിയുള്ളസ്ത്രീകൾ ഈ പഞ്ചായത്തിൽ കുറവാണ്. ഡോക്ടർമാർ, എൻജിനയർമാർ, അഭിഭാഷകർ ഇവരും സ്ത്രീകൾ ആയി വളരെ കുറച്ചു പേരെയുള്ളു.

വിവിധ തൊഴിൽ മേഖലകളിൽ സ്ത്രീ തൊഴിലാളികൾക്ക് പുരുഷനുമായ താരതമ്യ പ്പെടുത്തുമ്പോൾ കൂലി കുറവാണ്. കാർഷിക മേഖലയിൽ പുരുഷന് 90 രൂപാ കൂലി കിട്ടുമ്പോൾ സ്ത്രീക്ക് 70 രൂപയാണ് കൂലി. ഇഷ്ടികചൂളയിൽ സ്ത്രീക്ക് 35 രൂപ കൂലി കശുവണ്ടി തൊഴിലാളിക്കും ഇതു തന്നെ കൂലി. പാറമാടയിൽ 60 രൂപ കൂലി കിട്ടും.

സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്ന പല തൊഴിൽ കേന്ദ്രങ്ങളിലും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിന് സൗകര്യമില്ല.

പഞ്ചായത്തിലെ ബഹുജനസംഘടനകളുടെ നേതൃത്വപദവിയിൽ സ്ത്രീകൾ ഇല്ല. ജനപ്രതി നിധികൾ ആയി തെരെഞ്ഞെടുക്കപ്പെട്ട സ്ത്രീകൾ സാമൂഹ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നുണ്ട്.

സ്ത്രീകളുടെ വായനശീലം പൊതുവേ കുറവാണ്. 'മ' പ്രസിദ്ധീകരിങ്ങൾ വായിക്കാൻ വലിയ താൽപര്യം കാണിച്ചിരുന്നത് സ്ത്രീകൾ ആണ്. ഈ താൽര്യംവും കുറഞ്ഞത് പോലെ തോന്നുന്നു. ടി.വി.സീരിയലുകളുടെയും കേബിൾ ടി.വി. പരിപാടികളുടെയും ആകർഷണവലയത്തിൽ ആണ് സ്ത്രീകൾ.

സാമ്പത്തിക സ്വാശ്രയത്വം ഉള്ളസ്ത്രീകൾ കുറവാണ്. ഭർത്താക്കന്മാരുടെ വരുമാനത്തെ ആശ്രയിച്ചാണ് മിക്ക സ്ത്രീകളുടെയും ജീവിതം.

പ്രതിഫലം പറ്റുന്ന ജോലിയെയാണ് സാധാരണ തൊഴിൽ എന്ന് വിളിക്കുന്നത് വീട്ടമ്മമാരുടെ ജോലി ഈ വിഭാഗത്തിൽ പെടുത്താറില്ല. ഗാർഹിക ജോലികൾക്ക് പുറമേ ആട്, പശു, തുടങ്ങിയ മൃഗങ്ങളുടെ സംരക്ഷണം വിറക് ശേഖരിക്കൽ ഷോപ്പിംഗ് ഇവയൊക്കെ നടത്തുന്ന വീട്ടമ്മമാരായ സ്ത്രികളും കുറവല്ല. ഭർത്താക്കന്മാരുടെ അഭാവ ത്തിൽ കുടുംബസംബന്ധമായ എല്ലാ ഉത്തരവാദിത്വ ങ്ങളും ഏറ്റെടുത്ത് നടത്തുന്നവരാണ് 'ഗൾഫ് ഭാര്യമാർ.'

*ബാലവാടികളുടെ പ്രവർത്തനം*

അടിയിൽ പേര് കൊടുത്തിട്ടുള്ള സ്ഥലങ്ങളിൽ ബാലവാടികൾ പ്രവർത്തിക്കുന്നു.

| | |
|---|---|
| 1. പനയറകുന്ന് | കാളവയൽ വാർഡ് |
| 2. നെടുവേലി 504 | നെടുവേലി വാർഡ് |
| 3. കൊല്ലങ്കോട് | മീയന വാർഡ് |
| 4. മീയന | ഓയൂർ വാർഡ് |
| 5. പെരുവന്തോട് | ആക്കൽ വാർഡ് |
| 6. കരിങ്ങന്നൂർ | കരിങ്ങന്നൂർ വാർഡ് |
| 7. ഉഗ്രംകുന്ന് | ഉഗ്രംകുന്ന് വാർഡ് |
| 8. ചെറിയ വെളിനല്ലൂർ | ചെറിയവെളി നല്ലൂർ വാർഡ് |
| 9. ആറ്റൂർകോണം | ആറ്റൂർകോണം വാർഡ് |

ഈ ബാലവാടികളിൽ നിന്നും 5 വയസ്സ് വരെ പ്രായമുള്ള 527 കുട്ടികൾക്കും 59 ഗർഭിണികൾക്കും 66 മുലയൂട്ടുന്ന അമ്മാർക്കും വിവധതരം ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. 17 % ശിശുക്കൾക്ക് മാത്രമാണ് ഈ ആനുകൂല്യം ലഭിക്കുന്നത്.

പഞ്ചായത്തിലെ മഹിളാ സമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. മഹിളാ സംഘടനാ പ്രവർത്തകരായ സ്ത്രീകൾ ത്രിതല പഞ്ചായത്ത്

സമിതികളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്

സ്ത്രീ പീഢനം ഒരു സാമൂഹ്യപ്രശ്ന മെന്ന മനിലയിൽ പഞ്ചായത്തിൽ ഉയർന്ന് വന്നിട്ടില്ല. എന്നാൽ സ്ത്രീധനത്തിന്റെ പേരിൽ സ്വകാര്യ നൊമ്പരം അനുഭവിക്കുന്ന യുവതികൾ ഇവിടെയുണ്ട്.

സ്ത്രീകളുടെ മേലുള്ള കടന്നാക്രമണവും ഈ പഞ്ചായത്തിൽ പ്രശ്നങ്ങൾ ആയിട്ടില്ല: മദ്യപാന ത്തിന്റെ കെടുതികൾ അനുഭവിക്കുന്ന കുടുംബങ്ങളും കുടുംബിനികളും പഞ്ചായത്തിൽ ഉണ്ട്.

## പ്രശ്നങ്ങൾ

1.സ്ത്രീ തൊഴിലാളിക്ക് കൂലി കുറവാണ്

2. തൊഴിൽ കേന്ദ്രങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഇല്ല.

3. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളിൽ സ്ത്രീകൾ അവഗണിക്കപ്പെടുന്നു.

4.സ്ത്രീകൾക്ക് ഒരുമിച്ച് കൂടാനും സാമൂഹ്യ സാംസ്കാരിക വിഷയങ്ങൾ ചർച്ച ചെയ്യാനും പറ്റിയ പൊതു കേന്ദ്രങ്ങൾ പഞ്ചായത്തിൽ ഇല്ല.

5. സ്ത്രീ പീഡനം, സ്ത്രീധനം, മദ്യപാനം തുടങ്ങിയ തിന്മകൾക്കെതിരെ ബോധവൽക്കരണ പ്രവർത്ത നങ്ങൾ നടക്കുന്നില്ല.

6. സ്ത്രീകളുടെ തൊഴിലില്ലായ്മ രൂക്ഷമാണ്.

7. ബാലവാടികൾ അംഗൻവാടികൾ ഇവകളുടെ പ്രവർത്തനം തൃപ്തികരമല്ല.

## സാധ്യതകൾ

1.പച്ചക്കറി ഉല്പാദനം,കോഴി വളർത്തൽ തേനീച്ച വളർത്തൽ, മൃഗപരിപാലനം തുടങ്ങിയ കാർഷിക മേഖലകളിൽ സ്ത്രീകൾക്കായി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കണം.

2.സ്ത്രീകൾക്ക് യോജിച്ച ചെറികിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം. റബ്ബർ ബാൻഡ് നിർ മ്മാണം. മെഴുക് തിരി നിർമ്മാണം തീപ്പെട്ടി നിർ മ്മാണം തുടങ്ങിയവ.

3. സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വ പദവിയിൽ സ്ത്രീകൾ കൂടുതൽ വരണം.

4. നിയമനങ്ങളിൽ സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തണം.

5. ദായക്രമങ്ങളിൽ സ്ത്രീ പുരുഷ സ്മതം ഉറപ്പു വരുത്തുവാൻ നിയമമനിർമ്മാണം നടത്തണം.

6. വായനാശാലകളിൽ വനിതാ കോർണറുകൾ തുറക്കണം. സ്ത്രീകൾക്ക് വീടുകളിൽ നേരിട്ട് പുസ്തകം കൊടുക്കാൻ വായനാശാലകൾ പദ്ധതി കൊണ്ടുവരണം.

8.പൂയപ്പള്ളി പോലീസ് സ്റ്റേഷനിൽ ഒരു വനിതാസെൽ പ്രവർത്തിപ്പിക്കണം. ❑

# ♦ സഹകരണം ♦

സഹകരണ പ്രസ്ഥാനത്തിന്റെ അടിത്തറ യുള്ള ഒരു പഞ്ചായത്താണ് നമ്മുടേത്.

വെളിനല്ലൂർ സർവ്വീസ് സഹകരണബാങ്ക് (ക്ലിപ്തം) നമ്പർ 2873 ആണ് പഞ്ചായത്തിലെ പ്രഥമവും, പ്രധാനവും ആയ സഹകരണ സ്ഥാപനം. കൊല്ലവർഷം 1124 ൽ പരസ്പരം സഹായസംഘം ആയി ഇത് പ്രവർത്തനം ആരംഭിച്ചു. ഏതാനും അധ്യാപകരാണ് സംഘത്തിന്റെ സ്ഥാപനത്തിന് മുൻകയ്യെടുത്തത്. അന്തരിച്ച ശ്രീ. പി. പരമുപിള്ളസാർ ചീഫ് പ്രമോട്ടർ ആയിട്ടാണ് സംഘം പ്രവർത്തനം ആരംഭിച്ചത്. ഇപ്പോൾ ഈ ബാങ്കിൽ 8946 അംഗങ്ങൾ ഉണ്ട്. 30-6-96 ലെ കണക്ക് പ്രകാരം ബാങ്കിന്റെ പിരിഞ്ഞടഞ്ഞ ഓഹരി മൂലധനം 1414020 രൂപയാണ്.

95-96 വർഷത്തിൽ ബാങ്കിലെ നിക്ഷേപം 2, 3474710 രൂപയാണ്.

| | |
|---|---|
| സ്ഥിരനിക്ഷേപം | 1,0345592.85 |
| ഹ്രസ്വകാലം | 1,3129117. 82 |

വിതരണം ചെയ്ത കൃഷി വായ്പകൾ

| | |
|---|---|
| ഹ്രസ്വകാലം | 33,15278. 30 |
| മധ്യകാലം, | |
| ദീർഘകാലം | 30,01481 |
| കാർഷികേതരവായ്പ | 1,13,94433.20 |
| സ്വർണ്ണപണയ വായ്പ | 29, 83405. 00 |

പഞ്ചായത്തിന് പുറത്തുള്ള ചില സഹകരണബാങ്കുകളും ഇവിടെ വായ്പകൾ വിതരണം ചെയ്തിട്ടുണ്ട്. കൊട്ടാരക്കര താലൂക്ക് അർബൻ ബാങ്ക് വ്യാപാരത്തിനായി 3 പേർക്ക് 75000 രൂപായും കൊല്ലം ജില്ലാ സഹകരണബാങ്ക് 29 പേർക്ക് ഭൂവികസന പദ്ധതികൾക്ക് 9,67418 രൂപയും ഇവിടെ വായ്പകൊടുത്തിട്ടുണ്ട്. കൊട്ടാരക്കര താലൂക്ക് ഹൗസിംഗ് സഹകരണസംഘം 20 പേർക്ക് വീടു വയ്ക്കാൻ 7,35858 രൂപ വായ്പ നൽകി.

***ക്ഷീരോല്പാദക സഹകരണസംഘം***

കരിങ്ങന്നൂർ ക്ഷീരോല്പാദക സഹകരണ സംഘം പ്രതിമാസം 26435 ലിറ്റർ പാൽ ഉല്പാദകരിൽ നിന്നും വാങ്ങി പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് വിൽക്കുന്നു. കൂടാതെ വിവിധതരം ക്ഷീരോല്പന്നങ്ങൾ നിർമ്മിയ്ക്കുന്ന ഒരു യൂണിറ്റും സംഘത്തിൽ പ്രവർത്തിയ്ക്കുന്നു. ഗോരക്ഷാ ക്യാമ്പുകൾ, സെമിനാറുകൾ, ഇവ സംഘടി പ്പിക്കുകയും, വെറ്ററിനറി ഡാക്ടറുടെ സേവനം കാലി വളർത്തലുകാർക്ക് ലഭ്യമാക്കി കൊടുക്കുകയും ചെയ്യുന്നുണ്ട്. കാലിത്തീറ്റ വിൽക്കുന്ന ഒരു ഡിപ്പോയും സംഘത്തിൽ പ്രവർത്തിയ്ക്കുന്നു.

ഓയൂർ ക്ഷീരോല്പാദന സഹകരണസംഘം പ്രതിമാസം 28000 ലിറ്റർ പാൽ ഉല്പാദകരിൽ നിന്നും വാങ്ങി പഞ്ചായത്തിൽ വിൽക്കുന്നു. ക്ഷീരോല്പന്നങ്ങൾ നിർമ്മിയ്ക്കുന്ന ഒരു യൂണിറ്റ് ഇതിൽ പ്രവർത്തിയ്ക്കുന്നു. ഗോരക്ഷാക്യാമ്പുകൾ സംഘടിപ്പിക്കുന്ന വെറ്ററിനറി ഡാക്ടറുടെ സേവനം സംഘാംഗങ്ങളുടെ കാലികൾക്ക് ലഭ്യമാക്കുന്നു.

APCOS മാതൃകയിലുള്ള പഞ്ചായത്തിലെ പ്രധാന ക്ഷീരോല്പാദക സംഘമാണ് അമ്പലംകുന്ന് ക്ഷീരസംഘം. പ്രതിമാസം 5100 ലിറ്റർ പാൽ സംഭരിച്ച് 70 ശതമാനം മിൽമയ്ക്കും 30 ശതമാനം പ്രാദേശിക ഗുണഭോക്താക്കൾക്കും വിൽക്കുന്നു. 1987 ൽ സംഘം പ്രവർത്തനം ആരംഭിച്ചു.

APCOS മാതൃകയിലുള്ള മറ്റൊരു സംഘമാണ് ആറ്റൂർകോണം ക്ഷീരസംഘം. പ്രതിമാസം 450 ലിറ്റർ പാൽ സംഭരിച്ച് മിൽമയ്ക്ക് നൽകുന്നു.

റോഡുവിള ക്ഷീരസംഘം ഇപ്പോൾ പ്രവർത്തനരഹിതം ആണ്.

ഒരു പട്ടികജാതി സഹകരണസംഘവും പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്നു.

കൈത്തറി മേഖലയിലെ ഒരു വ്യാവസായിക സഹകരണസംഘമാണ് പുതുശ്ശേരി കൈത്തറി വ്യവസായ സഹകരണ സംഘം കൈത്തറി മേഖലയിൽ ഉണ്ടായിട്ടുള്ള മാന്ദ്യം പുതുശ്ശേരി സംഘത്തേയും ബാധിച്ചിട്ടുണ്ട്. പ്രവർത്തന മൂലധനത്തിന്റെ കുറവാണ് സംഘം നേരിടുന്ന മുഖ്യവൈഷമ്യം.

ഓയൂരിൽ ഒരു ചില്ലറ വില്പന കേന്ദ്രം പ്രവർത്തിപ്പിക്കുന്ന കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന മറ്റൊരു സംഘം ആണ് കരിങ്ങന്നൂർ കൈത്തറി സംഘം. നെടുവേലിയിലെ 504 ൽ ആണ് സംഘം ആസ്ഥാനം. നമ്മുടെ പഞ്ചായത്തിൽ കരിങ്ങന്നൂർ-അമ്പലംകുന്ന് എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി രണ്ട് വനിതാസഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ അമ്പലംകുന്ന് സംഘം പ്രവർത്തിച്ചു തുടങ്ങി.

മൂലധനക്കുറവു മൂലം പ്രവർത്തനം നിലച്ചുപോയ ഒരു സംഘമാണ് വെളിനല്ലൂർ വില്ലേജ് പോട്ടറി സഹകരണ സംഘം. പഞ്ചായത്തിൽ അഭിവൃദ്ധികരമായി നടത്തുവാൻ കഴിയുന്ന ഒരു ചെറുകിട വ്യവസായമാണ് മൺപാത നിർമ്മാണവും വില്പനയും.

വർഷങ്ങളായി യാതൊരു പ്രവർത്തനവും ഇല്ലാത്തവയാണ് അടിയിൽ പേരു കൊടുത്തിട്ടുള്ള സംഘങ്ങൾ.

1. വെളിനല്ലൂർ വില്ലേജ് എണ്ണയാട്ടു വ്യവസായ സഹകരണ സംഘം
2. വെളിനല്ലൂർ വില്ലേജ് തീപ്പെട്ടി വ്യവസായ സഹകരണസംഘം
3. വെളിനല്ലൂർ വില്ലേജ് ചുടുകട്ട വ്യവസായ സഹകരണസംഘം
4. വെളിനല്ലൂർ വില്ലേജ് വനിതാ കെൽട്രോൺ സഹകരണസംഘം
5. കരിങ്ങന്നൂർ കരിങ്കൽത്തൊഴിലാളി സഹകരണസംഘം
6. കരിങ്ങന്നൂർ പ്രിന്റിംഗ് & പബ്ലിഷിംഗ് സഹകരണസംഘം
7. കരിങ്ങന്നൂർ അഗ്രികൾച്ചറൽ സൊസൈറ്റി
8. ചെറിയ വെളിനല്ലൂർ ഖാദി & വില്ലേജ് ഇൻഡസ്ട്രിയൽ സഹകരണസംഘം

## പ്രശ്നങ്ങൾ

1. മുഖ്യ സഹകരണ സ്ഥാപനമായ വെളിനല്ലൂർ സർവ്വീസ് സഹകരണബാങ്കിൽ എത്തി പണമിടപാടുകൾ നടത്തുവാൻ അമ്പലംകുന്ന്, ചെങ്കൂർ, വട്ടപ്പാറ, കാരക്കൽ, പെരപ്പയം പ്രദേശങ്ങളിൽ ഉള്ളവർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
2. കാർഷികോപകരണങ്ങൾ കീടനാശിനികൾ തുടങ്ങിയവ ബാങ്ക് ഡിപ്പോയിൽ നിന്ന് ലഭിക്കുന്നില്ല.
3. കാർഷികോല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായ യൂണിറ്റുകൾ ഉണ്ടാകുന്നില്ല.
4. ഗുണഭോക്താക്കളുടെ ആവശ്യത്തിനനുസൃതമായി പാൽ ശേഖരിച്ച് വില്പന നടത്തുവാൻ ക്ഷീരസംഘങ്ങൾക്ക് കഴിയുന്നില്ല.
5. കാലിത്തീറ്റയ്ക്ക് വില കൂടുതൽ ആണ്.
6. കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുവാൻ ഒരു സംവിധാനവും ഇല്ല.

## സാധ്യതകൾ

1. കരിങ്ങന്നൂർ നിന്നും അകലെയുള്ള പ്രദേശങ്ങളിൽ സർവ്വീസ് സഹകരണബാങ്കിന്റെ ശാഖകൾ പുതിയതായി തുറക്കണം.
2. ഗ്രാമപഞ്ചായത്തുമായി ചേർന്ന് പച്ചക്കറി ഉല്പാദനം കശുമാവ് കൃഷിവികസനം തുടങ്ങിയ കാർഷികോല്പാദന മേഖലകളിലും, കാർഷികോല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള കാലിത്തീറ്റ ഉല്പാദനം തുടങ്ങിയ ചെറുകിട വ്യവസായ മേഖലയിലും പദ്ധതികൾ ആസൂത്രണം ചെയ്യണം.
3. കാർഷികോല്പന്നങ്ങളുടെ സംഭരണം, വിപണനം, ഇവക്ക് സർവ്വീസ് സഹകരണ ബാങ്ക് പദ്ധതികൾ ആവിഷ്ക്കരിക്കണം.
4. വൈവിദ്ധ്യമുള്ള സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് പട്ടികജാതി ക്ഷേമം ഉറപ്പുവരുത്തുവാൻ പട്ടികജാതി സഹകരണസംഘം പദ്ധതികൾ ആവിഷ്ക്കരിക്കണം.
5. ദീർഘകാലമായി പ്രവർത്തനമില്ലാത്ത സംഘങ്ങൾ ലിക്വിഡേറ്റ് ചെയ്യുകയും പുതിയ സംഘങ്ങൾ രജിസ്റ്റർ ചെയ്യുകയും വേണം. ❑

# വിഭവ സമാഹരണം

നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തിക നിലയും വിഭവസമാഹരണശേഷിയും മനസ്സിലാക്കിയാൽ മാത്രമേ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുകയുള്ളൂ.

1995-96 വർഷം വിവിധ ഇനങ്ങളിൽ പഞ്ചായത്തിന്റെ തനതു വരുമാനം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | ഇനം | വരുമാനം |
|---|---|---|
| 1 | കെട്ടിടനികുതി | 1,59450 |
| 2 | സർവ്വീസ് ചാർജ്ജ് | - |
| 3. | തൊഴിൽ നികുതി | 50000 |
| 4. | വിനോദനികുതി | 7122 |
| 5. | അഡീഷനൽ വിനോദനികുതി | 4302 |
| 6. | പ്രദർശന നികുതി | 792 |
| 7. | പ്രദർശന നികുതിയിന്മേൽ സർചാർജ്ജ് | 198 |
| 8. | ചന്തവരവ് | 20000 |
| 9. | ലാൻഡ്സെസ് | - |
| 10. | ലൈസൻസ് ഫീസ് | - |
| 11. | കെട്ടിട നികുതി സർചാർജ്ജ് | - |
| 12. | വസ്തു കൈമാറ്റ നികുതി 75% | - |
| 13. | വസ്തു കൈമാറ്റ നികുതി 25% | - |
| 14. | മറ്റ് വരവുകൾ | - |
| 15. | സംഭാവന | - |
| 16. | ഡെപ്പോസിറ്റ് | 12099 |
| 17. | മറ്റുള്ളവ | - |
| | ആകെ | 253963 |

പഞ്ചായത്തിന്റെ വിവിധ ഇനങ്ങളിലുള്ള
ചെലവ് 1995–1996

| | | |
|---|---|---|
| ഭരണം | : | 618012.00 |
| പൊതുമരാമത്ത് | : | 40937.00 |
| വിദ്യാഭ്യാസം | : | 7980.00 |
| ജലവിതരണം, ഓടകൾ | | |
| പൊതുജനാരോഗ്യം | : | 3704.00 |
| തെരുവ് വിളക്കുകൾ | | |
| കത്തിക്കുന്നതിന് | : | 85953.00 |
| മറ്റുള്ളവ | : | 397930.00 |
| ആകെ | : | 1154516.00 |

വിവിധ ഇനം ഗ്രാന്റുകൾ ലഭിച്ചത് 1995–1996

| | | |
|---|---|---|
| അടിസ്ഥാന നികുതി ഗ്രാന്റ് | : | 41602.00 |
| ഉപാധിരഹിത ഫണ്ട് | : | 279600.00 |
| മൈനർ ഇറിഗേഷൻ | : | 17900.00 |
| വില്ലേജ് റോഡ് മെയിന്റനൻസ് ഗ്രാന്റ് | : | 67465.00 |
| V.T.C | : | 676376.00 |
| Duty 75% | : | 2,29865.00 |
| Duty 25% | : | 2,50000.00 |
| ജവഹർ റോസ്ഗാർ യോജന | : | 342282.00 |
| ആകെ | : | 1905090.00 |

1995–96 വർഷത്തെ പഞ്ചായത്തിന്റെ തനതു വരവും, ചെലവും തമ്മിലുള്ള ഭാരിച്ച അന്തരം മുകളിൽ കൊടുത്തിട്ടുള്ള വരവു ചെലവു പട്ടികകളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

| | | |
|---|---|---|
| 95–96 ൽ തനതു വരുമാനം | : | 253963 രൂപ |
| 95–96 ൽ വിവിധ ഇനം ഗ്രാന്റ് | : | 1905090 രൂപ |
| ആകെ | : | 21,59,053.00 |

95–96 വർഷം വിവിധ ഇനങ്ങളിൽ ചെലവ് : 11,54516.00

മുകളിൽ കൊടുത്ത ചെലവിൽ 2,53963 രൂപാ മാത്രം ആണ് പഞ്ചായത്തിന്റെ തനതു വരവ്. ശേഷിച്ച തുക വിവിധ വികസനപ്രവർത്തനങ്ങൾക്ക് പഞ്ചായത്തിന് ലഭിച്ച ഗ്രാന്റാണ്. ചെലവാക്കിയ 11,54516 രൂപായിൽ 6,1802 രൂപ ഭരണപരമായ ആവശ്യങ്ങൾക്കാണ് ചിലവാക്കിയിട്ടുള്ളത്. 5,36504 രൂപ മാത്രം ആണ് വികസന പ്രവർത്തനങ്ങൾക്ക് ചിലവാക്കാൻ കിട്ടിയിട്ടുള്ളത്.

ചുവടെ പറയുന്ന സ്ഥാപനങ്ങൾ ആണ് നമ്മുടെ പഞ്ചായത്തിലെ പ്രധാന ധനകാര്യ സ്ഥാപനങ്ങൾ

1. വെളിനല്ലൂർ സർവ്വീസ് സഹകരണബാങ്ക്
2. ഇന്ത്യൻ ഓവർസീസ് ബാങ്ക്
3. ഫെഡറൽ ബാങ്ക്

മേല്പറഞ്ഞ ധനകാര്യസ്ഥാപനങ്ങളിൽ സർവ്വീസ് സഹകരണ ബാങ്കിന് 95–96 വർഷം 2,34,74710 രൂപാ 67 പൈസ നിക്ഷേപം ലഭിച്ചു. ഈ നിക്ഷേപത്തിൽ നിന്നും 1,43,77848 രൂപ 20 പൈസ പ്രാദേശിക വികസന പ്രവർത്തനങ്ങൾക്കായി സഹകരണബാങ്ക് പഞ്ചായത്തിൽ ചെലവഴിച്ചിട്ടുണ്ട്. സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപത്തിന്റെ 62% ആണ് ഇങ്ങനെ ചെലവഴിച്ചത്. (നിക്ഷേപ വായ്പ അനുപാതം 62) സംസ്ഥാനത്തെ പൊതു നിക്ഷേപ വായ്പാ അനുപാതം 40 എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

സഹകരണ ബാങ്ക് ഒഴികെയുള്ള ധനകാര്യ സ്ഥാപനങ്ങളുടെ പഞ്ചായത്തിലെ നിക്ഷേപ വായ്പാ അനുപാതം സംസ്ഥാന അനുപാതത്തെക്കാൾ കുറവാണ്.

മുകളിൽ പരാമർശിക്കപ്പെട്ട അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾക്കു പുറമെ ചില സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും പലിശക്ക് പണം നൽകുന്നുണ്ട്. സാധാരണ ബാങ്ക് പലിശയെക്കാൾ വളരെക്കൂടിയ പലിശയാണിവർ ഈടാക്കുന്നത്. ഇവരുടെ ഏറ്റവും കുറഞ്ഞ വലിശ 100 രൂപക്ക് ഒരു മാസത്തേക്ക് 5 രൂപയാണ്. പാവപ്പെട്ടവർ ആണ് പലപ്പോഴും ഈ ചൂഷണത്തിന് വിധേയർ ആകുന്നത്. കടം വീട്ടുന്നതിന്, ചികിത്സക്ക്, വിവാഹത്തിന്, ഗൾഫ് യാത്രക്ക് ഒക്കെയാണ് സാധാരണക്കാർ സ്വകാര്യ പണമിടപാടുകാരെ സമീപിക്കുന്നത്.

## പ്രശ്നങ്ങൾ

1. നമ്മുടെ സമ്പാദ്യം പൂർണ്ണമായും സഹകരണ ബാങ്കിൽ നിക്ഷേപിക്കപ്പെടുന്നില്ല.
2. താഴ്ന്ന വരുമാനക്കാരും ജാമ്യം കൊടുക്കാൻ വസ്തുക്കൾ ഇല്ലാത്തവരും സ്വകാര്യ പണമിടപാടുകാരെ ആശ്രയിക്കേണ്ടി വരുന്നു.
3. ഗൾഫ് പണം ഉല്പാദന മേഖലകളുടെ വികസനത്തിന് വേണ്ടത്ര ലഭിക്കുന്നില്ല.
4. പഞ്ചായത്തിന്റെ തനതുവരുമാനം വർധിപ്പിക്കാൻ കഴിയുന്നില്ല.
5. പൊതുമരാമത്ത് പണികൾ കോൺട്രാക്ടർമാർ വഴി നടത്തുന്നതിനാൽ വികസനത്തിന് ചെലവഴിക്കുന്ന

തുകയുടെ നല്ലൊരു ഭാഗം കോൺട്രാക്ടറുടെ ലാഭമായി പോകുന്നു.

6. പഞ്ചായത്തിലെ യുവതീയുവാക്കളുടെ അദ്ധ്വാന ശക്തി വികസനമേഖലയിൽ പ്രയോജന പ്പെടുത്ത ുവാൻ കഴിയുന്നില്ല.

7. ഉദാരമതികളുടെയും, ധർമ്മസ്ഥാപനങ്ങളുടെയും സംഭാവനകൾ പ്രാദേശികവികസനത്തിന് ഉപയോഗ പ്പെടുന്നില്ല.

### സാധ്യതകൾ

1. പുതിയ സേവനങ്ങൾ ജനങ്ങൾക്കു നൽകി അവക്ക് പഞ്ചായത്ത് ചാർജ്ജ് ഈടാക്കണം.

2. നികുതികളുടെ മിനിമം നിരക്ക് ഉയർത്താൻ ഉള്ള സാധ്യതകൾ പരിശോധിക്കണം.

3. പഞ്ചായത്തീരാജ് നിയമം നൽകുന്ന പുതിയ നികുതി അധികാരം പ്രയോജനപ്പെടുത്തണം.

4. ഭരണച്ചിലവ് കുറക്കണം

5. വികസന പ്രവർത്തനങ്ങൾ ഗുണഭോക്താക്കൾ നേരിട്ട് ഏറ്റെടുക്കുന്ന രീതി ഉണ്ടാകണം.

6. വിദ്യാഭ്യാസം, പൊതുജനാരോഗ്യം, സാമൂഹ്യ ക്ഷേമം തുടങ്ങിയ മേഖലകളിൽ പ്രത്യേക നിധികൾ സ്വരൂപിക്കുകയും, ആ നിധികളിലേക്ക് ഉദാരമതിക ളുടെയും ധർമ്മസ്ഥാപനങ്ങളുടേയും സംഭാവനകൾ സ്വീകരിക്കുകയും വേണം.

7. സഹകരണ മേഖലയുമായി ചേർന്ന് കാർഷിക-ചെറുകിട വ്യവസായ മേഖലകളിൽ പദ്ധതികൾ ആസൂത്രണം ചെയ്യണം.

8. സന്നദ്ധ പ്രവർത്തനം വികസന പദ്ധതികളുടെ നിർബന്ധ ഘടകമായി അംഗീകരിക്കണം. ❑

## ♦വനസമ്പത്തും സാമൂഹ്യവനവൽക്കരണവും♦

പരിസ്ഥിതി സംരക്ഷണത്തിന് വനം ആവശ്യമാണ്.

അവിഭക്ത വെളിനല്ലൂർ പഞ്ചായത്ത് വന സമ്പത്തു കൊണ്ട് അനുഗ്രഹീതമായിരുന്നു. എന്നാൽ ഇന്ന് തെരുവിൻ ഭാഗം വനവും വേങ്ങൂർ വനവും കൃഷിയിടങ്ങളായി മാറി. ഈ സ്ഥലങ്ങൾ ഇളമ്മാട് പഞ്ചായത്തിലും ആയി.

വനങ്ങൾ ഇല്ലാതായതോടെ നമ്മുടെ വന്യമൃഗങ്ങളും, പക്ഷിസമ്പത്തും ഏറെകുറഞ്ഞു പോയിട്ടുണ്ട്.

വിലപ്പെട്ട ഔഷധച്ചെടികളും നമുക്ക് നഷ്ടമായി. റബ്ബർ കൃഷി വ്യാപകമായതോടെ മാവ്, പ്ലാവ്, കശുമാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും മുറിച്ചു മാറ്റപ്പെട്ടുകൊണ്ടിരിയ്ക്കുന്നു.

"കരുമാടിക്കുട്ടന്മാർ കൊതിതുള്ളും തോപ്പിലേയ്ക്കൊരു കനി വീഴ്ത്താൻ" ഇനി ഒരു കവിയും പാടിയെന്ന് വരില്ല.

ആറ്റിലെ രൂക്ഷമായ മണൽ വാരൽ പുതിയ പരിസ്ഥിതി പ്രശ്നം സൃഷ്ടിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ സാമൂഹ്യ വനവൽക്കരണ പരിപാടികൾക്കു പ്രാധാന്യം ഏറുന്നു.

കരിങ്ങന്നൂർ വാട്ടർ ഷെഡ്ഡ് മേഖലയിൽ സാമൂഹ്യവനവൽക്കരണ വകുപ്പിന്റെ ചുമതലയിൽ വിവിധ തരം വൃക്ഷതൈകൾ വിതരണം ചെയ്തു. പട്ടികജാതി കോളനികളിൽ മുരിയ്ക്ക് തുടങ്ങിയ പാഴ് മരങ്ങൾ നട്ട് കുരുമുളക് പിടിപ്പിച്ചു. ആറ്റുതീരത്തും പ്രധാന തോടുകളുടെ കരകളിലും മുളംതൈകൾ നടുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്തിനെ സസ്യശ്യാമളമാക്കാനും മണ്ണൊലിപ്പ് തടഞ്ഞ് പരിസ്ഥിതി സംരക്ഷിയ്ക്കാനും ഈ നടപടികൾ ഉപകരിച്ചിട്ടുണ്ട്.

### പ്രശ്നങ്ങൾ

1. കാടുനശിച്ചത് മഴക്കുറവിനും പക്ഷിമൃഗാദികളുടെ വംശനാശത്തിനും കാരണമായി

2. മണ്ണൊലിപ്പ് രൂക്ഷമായി

3. കിണറുകളിൽ ജലനിരപ്പുതാന്നു.

4. വേനൽക്കാലം കൂടുതൽ വരണ്ടതായി

5. ആറിന്റെ കരകൾ ഇടിഞ്ഞു

6. ഔഷധ ചെടികൾക്ക് വംശനാശം ഭവിച്ചു.

### സാധ്യതകൾ

1. പൊതുസ്ഥലങ്ങൾ, ആറ്, തോട് ഇവകളുടെ കര തുടങ്ങി സാധ്യമാകുന്ന എല്ലാ സ്ഥലത്തും വൃക്ഷതൈകൾ നട്ടുപിടിപ്പിയ്ക്കണം.

2. വൃക്ഷപാട്ട സമ്പ്രദായം പ്രോത്സാഹിപ്പിക്കണം.

3. പുൽകൃഷി നടത്തണം

4. ഇപ്പോൾ ഉള്ള കാവുകൾ സംരക്ഷിക്കപ്പെടണം.

5. ഒരു ഹരിത ഗ്രാമപദ്ധതിയ്ക്ക് ഗ്രാമപഞ്ചായത്തും, സാമൂഹ്യവനവൽക്കരണ വകുപ്പും സംയുക്തമായി രൂപം നൽകണം. ❑

# കേരളം

